## സ്റ്റാൻഡേർഡ് VII

# സാമൂഹ്യശാസ്ത്രം

## ഭാഗം 2

കേരള സർക്കാർ
വിദ്യാഭ്യാസ വകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

KT-503/ 1 / Soc. Sci. 7(M) Vol-2

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

*Prepared by* :
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695 012, Kerala

*Website* : www.scertkerala.gov.in
*E-mail* : scertkerala@gmail.com
Phone : 0471-2341883, Fax : 0471-2341869
Typesetting and Layout : SCERT
First Edition : 2014, Reprint : 2016
Printed at : KBPS, Kakkanad, Kochi-30
© Department of Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

നാമോരോരുത്തരും സമൂഹത്തിലെ അംഗങ്ങളാണല്ലോ. സമൂഹത്തിലെ നന്മകൾ ഉൾക്കൊണ്ടും തിന്മകൾക്കെതിരായി പ്രതികരിച്ചുകൊണ്ടും ജീവിക്കേണ്ടത് ഏതൊരു പൗരന്റെയും കടമയാണ്. നമ്മുടെ സമ്പന്നമായ സംസ്കാരവും നാം ഇന്നനുഭവിക്കുന്ന വിവിധ സൗകര്യങ്ങളും മുൻതലമുറകളുടെകൂടി സംഭാവനകളാണ്. അവരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളെ ആദരിക്കുന്നതോടൊപ്പം അവരുടെ നേട്ടങ്ങൾ കാത്തുസൂക്ഷിക്കുകയും വരും തലമുറകൾക്കായി സംരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്.

മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തിലൂന്നിയാണല്ലോ നമ്മുടെ നിലനിൽപ്പ്. അതിനാൽ നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കുകയും ഭാവി തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണെന്ന ബോധത്തോടെ സമൂഹവികസനത്തിനായി കരുതലോടെ വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്. ജനാധിപത്യരാജ്യത്തിലെ അംഗങ്ങളെന്ന നിലയിൽ അവകാശങ്ങൾ അനുഭവിക്കുകയും കടമകൾ നിർവ്വഹിക്കുകയും ചെയ്യാൻ നമുക്കു സാധിക്കണം. ഇത്തരം ഉൾക്കാഴ്ചകളോടെ പ്രവർത്തിക്കാനും മുന്നേറാനും സാമൂഹ്യശാസ്ത്രപഠനം സഹായകമാണ്. ആവശ്യമായ അറിവ് നേടുന്നതിനും കൂടുതൽ അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും പ്രതികരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും ഈ പാഠപുസ്തകം നിങ്ങളെ സഹായിക്കട്ടെ.

സ്നേഹാശംസകളോടെ,

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ,
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**അബ്ദുൾ അസീസ്, വി.പി.**
എച്ച്.എസ്.എസ്.റ്റി., ഹിസ്റ്ററി,
വി.പി.കെ.എം.എം.എച്ച്.എസ്.എസ്.,
പുതൂർപള്ളിക്കൽ

**അബൂബേക്കർ സിദ്ദിഖ്, കെ.**
പി.ഡി. ടീച്ചർ, ജി.യു.പി.എസ്., വീമ്പൂർ, മഞ്ചേരി

**അജയകുമാർ, എൻ.**
ബി.പി.ഒ., ബി.ആർ.സി., ഹോസ്ദുർഗ്

**ഡോ. ബാബുക്കുട്ടൻ, പി.**
സീനിയർ ലക്ചറർ, ഡയറ്റ്, കൊല്ലം

**പി.വി. ഹുസൈൻ**
ഒ.എച്ച്.എസ്.എസ്., തിരൂരങ്ങാടി

**ജമാൽ, കെ.**
എച്ച്.എസ്.എസ്.റ്റി., ഹിസ്റ്ററി,
ആർ.എ.സി.എച്ച്.എസ്.എസ്., കടമേരി പി.ഒ., വില്ലിയപ്പള്ളി

**ജയകുമാർ, കെ.**
എച്ച്.എസ്.എ., എൻ.എസ്.എസ്.എച്ച്.എസ്., പാലോട്

**മനോജ്, കെ.വി.**
എച്ച്.എസ്.എസ്.റ്റി. പൊളിറ്റിക്കൽ സയൻസ്, ഗവ.
ഗോഖലെ എച്ച്.എസ്.എസ്., കുമരപുരം

**മോഹനൻ, വി.പി.**
എച്ച്.എസ്.എ., ചോതാവൂർ, എച്ച്.എസ്.എസ്., ചാമ്പാട്

**പി.എം. മുഹമ്മദ് മുസ്തഫ**
ലക്ചറർ, ഡയറ്റ്, പാലക്കാട്

**പ്രദീപൻ, റ്റി.**
എച്ച്.എസ്.എസ്.റ്റി., ഹിസ്റ്ററി,
ജി.എച്ച്.എസ്.എസ്., കല്ലാച്ചി

**എച്ച്. എ. സലിം**
യു.പി.എസ്.എ., ജി.എച്ച്.എസ്.എസ്., പോരുവഴി,
ശൂരനാട്

**സീനമോൾ, എം.എം.**
എച്ച്.എസ്.എസ്., തോന്നയ്ക്കൽ

**കെ.ജെ. ഷേർളി**
യു.പി.എസ്.എ., ജി.ബി.എച്ച്.എസ്.എസ്., കരമന

**സോമനാഥൻ, സി.വി.**
ത്രിച്ചമ്പാറം യു.പി.എസ്., തളിപ്പറമ്പ

**വിജയ്കുമാർ, സി.ആർ.**
എച്ച്.എസ്.എസ്.റ്റി., ജ്യോഗ്രഫി,
ഗവ. ബോയ്സ് എച്ച്.എസ്.എസ്., മിത്യമ്മല

**വിൽഫ്രഡ് ജോൺ, എസ്.**
എച്ച്.എസ്.എസ്.റ്റി., ജ്യോഗ്രഫി,
എം.ജി.എച്ച്.എസ്.എസ്., കണിയാപുരം

**ഡോ. എൻ. കല**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

## വിദഗ്ധർ

**ഡോ. അബ്ദുൾ റസാക്, പി.പി.,** അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, പി.എസ്.എം.ഒ. കോളേജ്, തിരൂരങ്ങാടി

**ഡോ. എൻ.പി. ഹാഫിസ് മുഹമ്മദ്,** അസോസിയേറ്റ് പ്രൊഫസർ (റിട്ട.), ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യോളജി, ഫറൂക്ക് കോളേജ്, കോഴിക്കോട്

**ഐ.പി. ജോസഫ്,** അസിസ്റ്റന്റ് പ്രൊഫസർ (റിട്ട.), എസ്.സി.ഇ.ആർ.ടി.

**മനോജ് കുമാർ, പി.എസ്.,** അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, കെ.കെ.ടി.എം. കോളേജ്, കൊടുങ്ങല്ലൂർ, തൃശൂർ

**ഡോ. കെ.എസ്. മാധവൻ,** അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, കാലിക്കറ്റ് യൂണിവേഴ്സിറ്റി

**മഹാലിംഗം, എസ്.,** അസോസിയേറ്റ് പ്രൊഫസർ (റിട്ട.), ഡിപ്പാർട്ട്മെന്റ് ഓഫ് ജ്യോഗ്രഫി, ഗവ. കോളേജ്, ചിറ്റൂർ

**ഡോ. പ്രിയേഷ്, എം.,** അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ്, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**ഡോ. വേണുമോഹൻ,** അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, ഗവ. കോളേജ്, നെടുമങ്ങാട്

## അക്കാദമിക് കോ-ഓർഡിനേറ്റർ

**ചിത്രാ മാധവൻ,** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം-695 012

# ഉള്ളടക്കം


8. നവകേരള സൃഷ്ടിക്കായി ............................. 91

9. ഗാന്ധിജിയും സ്വാതന്ത്ര്യസമരവും .................. 101

10. നമ്മുടെ ഭരണഘടന ................................ 120

11. വ്യക്തിയും സമൂഹവും ............................. 132

12. സൗരതാപനവും അന്തരീക്ഷസ്ഥിതിയും ........... 142

13. ഇന്ത്യയിലൂടെ ........................................ 150




ഈ പുസ്തകത്തിൽ ചില ചിഹ്നങ്ങൾ
സൗകര്യത്തിനായി ഉപയോഗിച്ചിരിക്കുന്നു.



അധികവായനയ്ക്ക് - വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല



പഠന പുരോഗതി നിർണയിക്കുന്ന ചോദ്യങ്ങൾ



സംഗ്രഹം



പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ



വിലയിരുത്താം



തുടർപ്രവർത്തനങ്ങൾ



# ൪ നവകേരളസൃഷ്ടിക്കായി...



> തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
> ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
> കെട്ടില്ലാത്തോർ, തമ്മിലുണ്ണാത്തോരിങ്ങനെ-
> യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ!

മഹാകവി കുമാരനാശാന്റെ ദുരവസ്ഥ എന്ന കൃതിയിലെ ഏതാനും വരികളാണ് മുകളിൽ നൽകിയിരിക്കുന്നത്.

ഈ വരികളിൽനിന്ന് അന്നത്തെ കേരളത്തിലെ സാമൂഹികാവസ്ഥയെക്കുറിച്ച് എന്തെല്ലാം കാര്യങ്ങൾ മനസ്സിലാക്കാം?

എന്തെല്ലാം ദുരാചാരങ്ങളാണ് കേരളീയ സമൂഹത്തിൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്നത്?

- ജാതിവിവേചനം
- 
- ശൈശവവിവാഹം
- 

ജാതി വ്യവസ്ഥയുമായി ബന്ധപ്പെട്ട അനേകം സാമൂഹിക തിന്മകളും അവസരനിഷേധങ്ങളും ചൂഷണങ്ങളും കേരളത്തിൽ നിലനിന്നിരുന്നു. വസ്ത്രം, ജോലി, പാർപ്പിടം, ഭാഷ, പേര് തുടങ്ങി പല കാര്യങ്ങളിലും വിവേചനം പ്രകടമായിരുന്നു. കൂടാതെ സ്ത്രീകൾക്ക് അവസരസമത്വം ഉണ്ടായിരുന്നില്ല. ഇത്തരം സാമൂഹികാവസ്ഥ നിലനിന്നിരുന്നതുകൊണ്ടാണ് സ്വാമി വിവേകാനന്ദൻ കേരളത്തെ 'ഭ്രാന്താലയം' എന്ന് വിളിച്ചത്

- നിങ്ങളുടെ പ്രദേശത്ത് ഇത്തരം ദുരാചാരങ്ങൾ നിലനിന്നിരുന്നോ? മുതിർന്നവരോട് അന്വേഷിച്ച് വിവരങ്ങൾ ശേഖരിക്കുക.

ഇന്ത്യയുടെ മറ്റ് പല ഭാഗങ്ങളിലും നിലനിന്നിരുന്ന ദുരാചാരങ്ങളെയും അവയ്ക്കെതിരെ രൂപം കൊണ്ട സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളെയും കുറിച്ച് മുൻ അധ്യായത്തിൽ ചർച്ചചെയ്തത് ഓർക്കുമല്ലോ.

ഇതേ കാലഘട്ടത്തിൽ കേരളത്തിലും നിരവധി സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ രൂപം കൊണ്ടു. അത്തരം മുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകിയവരെയും അവരുടെ പ്രവർത്തനങ്ങളെയും കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

## അയിത്തത്തിനെതിരെ കിണറുകൾ

കേരളത്തിലെ ആദ്യകാല സാമൂഹ്യപരിഷ്ക്കർത്താക്കളിൽ ഒരാളായിരുന്നു വൈകുണ്ഠസ്വാമികൾ. കന്യാകുമാരിയിലെ ശാസ്താംകോയിലിലാണ് വൈകുണ്ഠ സ്വാമികൾ ജനിച്ചത്.

സവർണ്ണജാതിക്കാർ ഉപയോഗിച്ചിരുന്ന കിണറുകളിൽ നിന്ന് വെള്ളം കോരാൻ താഴ്ന്നജാതിക്കാർ എന്ന് കരുതപ്പെട്ടവർക്ക് അവകാശം ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ എല്ലാ ജാതിയിൽപ്പെട്ടവർക്കും വെള്ളം കോരാൻ കിണറുകൾ കുഴിച്ച് അയിത്തമെന്ന ദുരാചാരത്തെ വൈകുണ്ഠ സ്വാമികൾ വെല്ലുവിളിച്ചു.


വൈകുണ്ഠസ്വാമികൾ

ഭക്ഷ്യവസ്തുക്കളായ അരി, ചെറുപയർ, കായ്കറികൾ തുടങ്ങിയവ ശേഖരിച്ച് പാകം ചെയ്ത് അവർണ്ണ സവർണ്ണ വ്യത്യാസം കൂടാതെ ഒരു പന്തിയിലിരുന്ന് ആഹാരം കഴിക്കുന്ന 'സമപന്തി ഭോജനം' സംഘടിപ്പിച്ചു.

കൂടാതെ അദ്ദേഹം :

- മേൽമുണ്ട് ധരിക്കൽ നിരോധനത്തിനെതിരെ ശബ്ദമുയർത്തി.
- ക്ഷേത്രപ്രവേശന നിരോധനത്തിനെതിരെ ശബ്ദമുയർത്തി.
- ഇത്തരം സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങൾക്കുവേണ്ടി സമത്വസമാജം എന്ന സംഘടന സ്ഥാപിച്ചു.

തിരുവിതാംകൂറിലെ അവർണ്ണ വിഭാഗത്തിൽപ്പെട്ട ചാന്നാർ സ്ത്രീകൾക്ക് മുട്ടിനുതാഴെ എത്തും വിധം മുണ്ടുടുക്കാനും മേൽമുണ്ട് ധരിക്കാനുമുള്ള അവകാശത്തിനുവേണ്ടി നടന്ന ചാന്നാർ ലഹളയ്ക്ക് സ്വാമികളുടെ പ്രവർത്തനങ്ങൾ പ്രചോദനമായി. "വേല ചെയ്താൽ കൂലി കിട്ടണം" എന്ന സ്വാമികളുടെ നിലപാടും ജനങ്ങളെ സ്വാധീനിച്ചു. ബ്രിട്ടീഷ് ഭരണത്തോടുള്ള എതിർപ്പ് 'വെൺ നീചഭരണം' എന്ന പ്രയോഗത്തിലൂടെയാണ് അദ്ദേഹം പ്രകടിപ്പിച്ചത്.

## വിദ്യയും വിത്തവും



ചട്ടമ്പി സ്വാമികൾ

ജാതിമത വർഗ്ഗ വിവേചനത്തിനതീതമായി മനുഷ്യസമൂഹത്തിന്റെ ക്ഷേമവും ഐശ്വര്യവും ലക്ഷ്യമാക്കി പ്രവർത്തിച്ച മനുഷ്യ സ്നേഹിയായിരുന്നു ചട്ടമ്പി സ്വാമികൾ. തിരുവനന്തപുരത്തെ കണ്ണ മ്മൂലയിലാണ് അദ്ദേഹം ജനിച്ചത്.

അധഃസ്ഥിതർക്ക് ക്ഷേത്രപ്രവേശനവും സഞ്ചാരസ്വാതന്ത്ര്യവും അനുവദിക്കണമെന്ന് ചട്ടമ്പിസ്വാമികൾ വാദിച്ചു. അധഃസ്ഥിതരോ ടൊപ്പം മിശ്രഭോജനം നടത്തിയ സ്വാമികൾ അവരുടെ സാമൂഹിക പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചു. സമൂഹ ത്തിൽ നിലനിന്നിരുന്ന ബ്രാഹ്മണമേധാവി ത്വത്തെ ചട്ടമ്പിസ്വാമികൾ എതിർത്തു. സാമൂഹി കപരിഷ്കരണ പ്രവർത്തനങ്ങളിൽ എല്ലാവിഭാ ഗങ്ങളുമായി അദ്ദേഹം യോജിച്ചു പ്രവർത്തിച്ചു. ഉപനിഷത്തുകളിലും വേദങ്ങളിലും അദ്ദേഹ ത്തിന് ആഴത്തിലുള്ള അറിവ് ഉണ്ടായിരുന്നു. 'വേദാധികാരനിരൂപണം', 'പ്രാചീനമലയാളം' എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്. 'വിദ്യയും വിത്തവും' ഉണ്ടെങ്കിലേ മനുഷ്യപുരോ ഗതി സാധ്യമാകൂ എന്നദ്ദേഹം വിശ്വസിച്ചു. ജാതി മത ചിന്തകൾക്കതീതമായിരുന്നു അദ്ദേഹത്തിന്റെ ദർശനങ്ങൾ. കൊല്ലം ജില്ലയിലെ പന്മനയിലാണ് അദ്ദേഹം സമാധി ആയത്.



**ചട്ടമ്പി സ്വാമികൾ**

ചട്ടമ്പിസ്വാമികളുടെ യഥാർത്ഥ പേര് അയ്യപ്പൻ എന്നായിരുന്നു. ഗുരുകുല വിദ്യാഭ്യാസകാലത്ത് ക്ലാസ് നിയന്ത്രണ ത്തിന് ചട്ടങ്ങൾ നടപ്പിലാക്കാനുള്ള ചുമ തല ഗുരുനാഥൻ അയ്യപ്പനെ ഏൽപ്പിച്ചു. ചട്ടങ്ങൾ നടപ്പിലാക്കാൻ ചുമതല യുള്ളയാൾ എന്ന അർത്ഥത്തിലാണ് ചട്ടമ്പി എന്ന പേര് വന്നത്. അങ്ങനെ യാണ് അയ്യപ്പൻ പിൽക്കാലത്ത് ചട്ടമ്പി സ്വാമികൾ എന്നറിയപ്പെട്ടത്.

## വിദ്യകൊണ്ട് പ്രബുദ്ധരാകുക


*'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്'*
*'മതമേതായാലും മനുഷ്യൻ നന്നായാൽ മതി'*

*'വിദ്യകൊണ്ട് പ്രബുദ്ധരാവുക, സംഘടന കൊണ്ട് ശക്തരാകുക'*

*'മനുഷ്യരുടെ വേഷം, ഭാഷ, മതം എന്നിവ വ്യത്യസ്തമായാലും അവരുടെ ജാതി ഒന്നായതുകൊണ്ട്, അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിന് യാതൊരു ദോഷവുമില്ല.'*

കേരളത്തിലെ സാമൂഹ്യപരിഷ്കർത്താവായിരുന്ന ശ്രീനാരായണ ഗുരുവിന്റെ മുഖ്യ കാഴ്ച പ്പാടുകളാണ് മേൽ സൂചിപ്പിച്ചവ.

ജാതിവ്യവസ്ഥ ഇല്ലാതാക്കുക എന്നതായിരുന്നു ഗുരുവിന്റെ പ്രവർത്തനങ്ങളുടെ പ്രധാന ല ക്ഷ്യം. സർവ്വമത സാഹോദര്യത്തിനുവേണ്ടി അദ്ദേഹം ഏറെ പ്രയത്നിച്ചു. ആലുവയിൽ അദ്ദേഹം വിളിച്ചുചേർത്ത സർവ്വമത സമ്മേളനത്തിന്റെ കവാടത്തിൽ ഗുരു ഇങ്ങനെ കുറിച്ചുവച്ചു:


ശ്രീനാരായണഗുരു

*'വാദിക്കുവാനും ജയിക്കുവാനുമല്ല, അറിയാനും അറിയിക്കുവാനുമാണ് ഈ സമ്മേളനം.'*

'മനുഷ്യത്വമാണ് മനുഷ്യന്റെ ജാതി' എന്ന ഗുരുവിന്റെ പ്രഖ്യാപനം കേരളീയ സമൂഹത്തിൽ നവചലനങ്ങൾ സൃഷ്ടിച്ചു. ഒരു പരിഷ്കൃത സമൂഹത്തെ രൂപപ്പെടുത്തുക എന്നതായിരുന്നു ഗുരുവിന്റെ ലക്ഷ്യം.

അധഃസ്ഥിത ജനതയുടെ സാമൂഹിക ഉന്നമനം ആശയപ്രചരണങ്ങളിലൂടെ മാത്രം നേടാവുന്ന ഒന്നല്ല എന്ന് ഗുരുവിനറിയാമായിരുന്നു. ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളിലൂടെ സാമൂഹികമാറ്റത്തിന് പ്രായോഗികമായി ഗുരു ശ്രമിച്ചു. വ്യവസായശാലകൾ സ്ഥാപിച്ച് ജനങ്ങൾക്ക് ജോലി നൽകാൻ അദ്ദേഹം നിർദേശിച്ചു.

അക്കാലത്ത് നിലനിന്നിരുന്ന പുളികുടി, തിരണ്ടുകല്യാണം, താലികെട്ടുകല്യാണം തുടങ്ങിയ ദുരാചാരങ്ങൾക്കെതിരെ അദ്ദേഹം ജനങ്ങളെ ബോധവൽക്കരിച്ചു. ആർഭാടവും അമിതവ്യയവും ഒഴിവാക്കി ലളിതജീവിതം നയിക്കാൻ ഉപദേശിച്ചു. ഗുരുസന്ദേശങ്ങൾ പ്രചരിപ്പിക്കാനും നടപ്പിലാക്കാനുംവേണ്ടി 1903-ൽ സ്ഥാപിക്കപ്പെട്ടതാണ് ശ്രീനാരായണ ധർമ്മ പരിപാലനയോഗം.

തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തിയിലാണ് ശ്രീനാരായണഗുരു ജനിച്ചത്. ആത്മോപദേശ ശതകം, ദർശനമാല, ദൈവദശകം എന്നിവ ഗുരുവിന്റെ പ്രധാന കൃതികളാണ്.

സാമൂഹ്യ നവോത്ഥാനരംഗത്ത് ഗുരുവിന്റെ സംഭാവനകൾ രവീന്ദ്രനാഥ ടാഗോർ, മഹാത്മാ ഗാന്ധി തുടങ്ങിയവരുടെ പ്രശംസയ്ക്ക് പാത്രമായി.



## വിദ്യാലയം – പ്രധാനദേവാലയം


ശ്രീനാരായണഗുരു നടത്തിയ ക്ഷേത്രപ്രതിഷ്ഠകൾ ജാതി വ്യവസ്ഥയുടെ അടിത്തറ ഇളക്കുന്നതായിരുന്നു. അരുവിപ്പുറത്തെ ശിവലിംഗപ്രതിഷ്ഠ, കാരമുക്ക് ക്ഷേത്രത്തിലെ ദീപപ്രതിഷ്ഠ, ശിവഗിരിയിലെ ശാരദാപ്രതിഷ്ഠ എന്നിവ അവയിൽ പ്രധാനപ്പെട്ടവയായിരുന്നു. ആലപ്പുഴ ജില്ലയിലെ കളവൻകോടത്തായിരുന്നു ഗുരുനടത്തിയ അവസാന പ്രതിഷ്ഠ. 'ഓം' എന്നെഴുതിയ കണ്ണാടിയാണ് അവിടെ പ്രതിഷ്ഠിച്ചത്. ക്ഷേത്രങ്ങളുടേതിന് തുല്യമായ പ്രാധാന്യം വിദ്യാലയങ്ങൾക്കും നൽകിയ ഗുരു ഇങ്ങനെ പറഞ്ഞു. 'ഇനി ക്ഷേത്രനിർമ്മാണമല്ല, വിദ്യാലയനിർമ്മാണമാണ് ജനതയ്ക്ക് വേണ്ടത്, പ്രധാന ദേവാലയം വിദ്യാലയം തന്നെയാകണം.'



ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങളും പ്രവർത്തനങ്ങളും കേരളത്തിലെ സാമൂഹിക മാറ്റങ്ങളെ എങ്ങനെയെല്ലാമാണ് സ്വാധീനിച്ചത്? വിലയിരുത്തുക.

ഗുരുവിന്റെ വചനങ്ങൾ/സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ചുമർ പത്രിക തയാറാക്കുക.

## വിദ്യാഭ്യാസം സാമൂഹ്യമൂലധനം



അയ്യങ്കാളി

അധഃസ്ഥിതരുടെ ഉന്നമനത്തിനുവേണ്ടി പ്രയത്നിച്ച പരിഷ്കർത്താവായിരുന്നു അയ്യങ്കാളി. സാമൂഹിക അസമത്വങ്ങൾ പരിഹരിക്കാനും അധഃസ്ഥിതരുടെ സാമൂഹ്യ നില മെച്ചപ്പെടുത്തുന്നതിനുമുള്ള ഒരു മൂലധനമാണ് വിദ്യാഭ്യാസമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. അദ്ദേഹം 1904-ൽ അധഃസ്ഥിതർക്കുമാത്രമായി ഒരു വിദ്യാലയം ആരംഭിച്ചു.

"ഞങ്ങളുടെ കുട്ടികൾക്ക് പഠിക്കാൻ സൗകര്യം നൽകിയില്ലെങ്കിൽ കാണായ പാടങ്ങളിലെല്ലാം മുട്ടിപ്പുല്ല് കുരുപ്പിക്കും." അധ:സ്ഥിത വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നിഷേധിച്ചപ്പോൾ അയ്യങ്കാളി നടത്തിയ പ്രഖ്യാപനമാണിത്.

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂരിലാണ് അദ്ദേഹം ജനിച്ചത്. സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങൾക്കുവേണ്ടി അദ്ദേഹം സ്ഥാപിച്ച സംഘടനയാണ് 'സാധുജനപരിപാലനസംഘം.'

അവർണ്ണ ജാതിക്കാർക്ക് പൊതുനിരത്തുകളിലൂടെയുള്ള സഞ്ചാര സ്വാതന്ത്ര്യം, അധഃസ്ഥിത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കൂൾ പ്രവേശനം, തൊഴിലെടുക്കുന്നവർക്ക് കൂലി വർദ്ധന എന്നിവ ഈ സംഘടനയുടെ ലക്ഷ്യങ്ങളായിരുന്നു.

അധഃസ്ഥിത വിഭാഗങ്ങളുടെ നേതാവെന്ന നിലയിൽ പ്രസിദ്ധനായ അയ്യങ്കാളി ശ്രീമൂലം പ്രജാസഭയിൽ അംഗമായി. അയ്യങ്കാളിയുടെ പ്രവർത്തനങ്ങളെ ഗാന്ധിജി പ്രകീർത്തിച്ചു.



### വില്ലുവണ്ടിയിലെ ചരിത്ര യാത്ര

1893 ൽ വെങ്ങാനൂരിലെ പൊതു വഴിയിലൂടെ ഒരു വില്ലുവണ്ടിയിൽ യാത്ര ചെയ്ത് അയ്യങ്കാളി സാമൂഹ്യ വിലക്കുകളെ ലംഘിച്ചു. അധഃസ്ഥിതരുടെ സഞ്ചാരസ്വാതന്ത്ര്യത്തിന് തുടക്കം കുറിച്ച അയ്യങ്കാളി തിരുവിതാംകൂറിലെ മുഖ്യനിരത്തുകളിലൂടെ വില്ലുവണ്ടിയിൽ സഞ്ചരിച്ച് ചരിത്രം സൃഷ്ടിച്ചു.




### കല്ലുമാല സമരം

അധഃസ്ഥിത വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ കല്ലുമാല ആഭരണമായി ധരിക്കുന്നവരായിരുന്നു. കീഴായ്മയുടെ ചിഹ്നമായ കല്ലുമാല വലിച്ചെറിയാൻ അയ്യങ്കാളി അവരോട് അഭ്യർഥിച്ചു. അങ്ങനെ അവർ വലിച്ചെറിഞ്ഞ കല്ലുമാലകൾ നാലഞ്ചടി ഉയരത്തിൽ കുമിഞ്ഞുകൂടി.



അയ്യങ്കാളിയുടെ പ്രവർത്തനങ്ങൾ സാമൂഹ്യമാറ്റത്തിന് എത്രത്തോളം സഹായകമായി? വിലയിരുത്തുക.

## മാറ്റങ്ങൾ തൂലികയിലൂടെ



വക്കം അബ്ദുൽ ഖാദർ മൗലവി

'സമ്പന്നർ പാവങ്ങൾക്ക് വിദ്യാഭ്യാസം നൽകാനുള്ള ചെലവ് വഹിക്കുകയും അവർക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കാൻ സഹായിക്കുകയും വേണം.'

'മതവിദ്യാഭ്യാസത്തോടൊപ്പം ഭൗതിക വിദ്യാഭ്യാസവും നേടിയെങ്കിലേ മനുഷ്യ പുരോഗതി സാധ്യമാകുകയുള്ളൂ.'

'സാമൂഹികമായ പിന്നാക്കാവസ്ഥ പരിഹരിക്കാനുള്ള മാർഗ്ഗം വിദ്യാഭ്യാസമാണ്.'

കേരളത്തിന്റെ സാമൂഹ്യമാറ്റത്തിനുവേണ്ടി പ്രയത്നിച്ചവരിൽ പ്രമുഖനായിരുന്ന വക്കം അബ്ദുൾ ഖാദർ മൗലവിയുടെ കാഴ്ചപ്പാടുകളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. അദ്ദേഹം

- അന്ധവിശ്വാസങ്ങൾക്കെതിരെ പോരാടി.
- ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചു.
- സ്ത്രീവിദ്യാഭ്യാസത്തെ പരിപോഷിപ്പിച്ചു.
- ശാസ്ത്രം, കല എന്നീ വിഷയങ്ങളിലൂന്നിയ പഠനത്തെ പ്രോത്സാഹിപ്പിച്ചു.
- വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുവേണ്ടി സംഘടനകളെ ബോധവൽക്കരിച്ചു.

മലയാളം, ഉറുദു, അറബിക്, സംസ്കൃതം, പേർഷ്യൻ തുടങ്ങിയ ഭാഷകളിൽ അദ്ദേഹം പാണ്ഡിത്യം നേടിയിരുന്നു. കൊടുങ്ങല്ലൂരിൽ സ്ഥാപിക്കപ്പെട്ട 'മുസ്ലീം ഐക്യ സംഘ' ത്തിന്റെ പ്രവർത്തനങ്ങളുമായി മൗലവി സഹകരിച്ചു പ്രവർത്തിച്ചു. അറിവിന്റെ വെളിച്ചം പകരാൻ 'മുസ്ലീം', 'അൽ ഇസ്ലാം' എന്നീ മാസികകളും 'സ്വദേശാഭിമാനി' പത്രവും അദ്ദേഹം ആരംഭിച്ചു.



### സ്വദേശാഭിമാനി പത്രം

തിരുവിതാംകൂറിലെ രാജവാഴ്ചയുടെ അഴിമതികളെയും അനീതികളെയും വെളിച്ചത്തുകൊണ്ടുവന്ന 'സ്വദേശാഭിമാനി പത്രം.' 1910-ൽ പത്രം കണ്ടുകെട്ടുകയും പത്രാധിപരായിരുന്ന രാമകൃഷ്ണപിള്ളയെ നാടുകടത്തുകയും ചെയ്തു. പ്രസ് മടക്കികിട്ടാനുള്ള ശ്രമം നടത്താൻ നിർബന്ധിച്ചപ്പോൾ 'എന്റെ പത്രാധിപരെ കൂടാതെ എനിക്ക് പത്രമെന്തിന്, അച്ചുകൂടമെന്തിന്' എന്ന നിലപാടാണ് 'സ്വദേശാഭിമാനി' പത്രത്തിന്റെ സ്ഥാപകനായ വക്കം അബ്ദുൽ ഖാദർ മൗലവി സ്വീകരിച്ചത്.

വക്കം അബ്ദുൽ ഖാദർ മൗലവിയുടെ പ്രവർത്തനങ്ങൾ സാമൂഹ്യ പുരോഗതിക്ക് എത്രത്തോളം സഹായകമായി? കുറിപ്പ് തയ്യാറാക്കുക.

## പ്രതിഷേധം പാട്ടിലൂടെ

"കാണുന്നില്ലോരക്ഷരവും
എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ടനേക വംശത്തിൻ
ചരിത്രങ്ങൾ
* * *

മുൻപിതാക്കൾക്കുവന്ന
ദുഃഖവാർത്തകൾ കേൾപ്പിൻ
കാളകൾ പോത്തുകൾക്കും
ഇണയായി കൂട്ടിക്കെട്ടി
നിലങ്ങളിൽ ഉഴുതിടുന്നു.

* * *

ഭക്ഷണം കിട്ടുന്നില്ല
വേലക്കൂലികൾ ഓർത്താൽ
ഒട്ടും സഹിപ്പതില്ല.

* * *



പൊയ്കയിൽ
ശ്രീ കുമാരഗുരുദേവൻ

ഒരു ജനതയുടെ അടിമാനുഭവങ്ങളും ദുരിതങ്ങളും സങ്കടങ്ങളും അമർഷങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്ന ഇത്തരം പാട്ടുകളിലൂടെയും പ്രഭാഷണങ്ങളിലൂടെയുമാണ് പൊയ്കയിൽ ശ്രീ കുമാരഗുരുദേവൻ തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചത്. അധഃസ്ഥിത വിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തിനായി അറിവിനെയും ആത്മീയതയെയും യോജിപ്പിച്ച ഒരു സാമൂഹ്യപരിഷ്കർത്താവായിരുന്നു പൊയ്കയിൽ ശ്രീ കുമാരഗുരുദേവൻ. തിരുവല്ലയിലെ ഇരവിപേരൂരിലായിരുന്നു അദ്ദേഹം ജനിച്ചത്. പൊയ്കയിൽ അപ്പച്ചൻ എന്ന പേരിലും അദ്ദേഹം അറിയപ്പെട്ടിരുന്നു.

ജാതിവിവേചനത്തിനും ചൂഷണത്തിനുമെതിരെ ശബ്ദമുയർത്തിയ അദ്ദേഹം മനുഷ്യസ്നേഹത്തിനും സാഹോദര്യത്തിനും ലോക സമാധാനത്തിനുംവേണ്ടി 'പ്രത്യക്ഷരക്ഷാദൈവസഭ' എന്ന സംഘടന രൂപീകരിച്ചു. സാമൂഹ്യ മാറ്റത്തിനുവേണ്ടി പ്രവർത്തിച്ച ശ്രീ കുമാരഗുരുദേവൻ രണ്ടു തവണ ശ്രീമൂലം പ്രജാസഭയിൽ അംഗമായി.



### യുദ്ധവിരുദ്ധ ജാഥ

ഒന്നാം ലോകയുദ്ധ കാലത്ത് മാരങ്കുളം എന്ന സ്ഥലത്തുനിന്ന് കുളത്തൂർകുന്നിലേക്ക് ശ്രീ കുമാരഗുരുദേവന്റെ നേതൃത്വത്തിൽ ഒരു യുദ്ധവിരുദ്ധ ജാഥ നടത്തുകയുണ്ടായി. സമാധാനം, ലോകത്തിന് സമാധാനം എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ടാണ് ജാഥ നടത്തിയത്. ഈ സമാധാനജാഥയെ ബ്രിട്ടീഷ് ഗവൺമെന്റിനെതിരായ നീക്കമായി വ്യാഖ്യാനിക്കുകയും അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

## അന്ധവിശ്വാസങ്ങൾക്കെതിരെ...

മലബാറിൽ സാമൂഹിക അനാചാരങ്ങൾക്കെതിരായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരിൽ പ്രമുഖനായിരുന്നു വാഗ്ഭടാനന്ദൻ. ഏക ദൈവവിശ്വാസം ഉയർത്തിപ്പിടിച്ച വാഗ്ഭടാനന്ദൻ അന്ധവിശ്വാസങ്ങൾ, അർത്ഥശൂന്യമായ ചടങ്ങുകൾ എന്നിവയ്ക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കാൻ ആത്മവിദ്യാസംഘം സ്ഥാപിച്ചു. സാമൂഹിക പരിഷ്കരണത്തോടൊപ്പം ദാരിദ്ര്യനിർമ്മാർജ്ജനത്തിനും സ്ത്രീപുരുഷസമത്വത്തിനും അദ്ദേഹം പ്രാധാന്യം നൽകി.

**പട്ടിക പൂർത്തിയാക്കുക**

| പരിഷ്കർത്താക്കൾ | പ്രസ്ഥാനം | പ്രധാന പ്രവർത്തനങ്ങൾ |
|---|---|---|
| വൈകുണ്ഠസ്വാമികൾ | സമത്വസമാജം | • തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നിവയ്ക്കെതിരെ പ്രവർത്തിച്ചു<br>• ക്ഷേത്രപ്രവേശനം, മേൽമുണ്ട് ധരിക്കൽ തുടങ്ങിയ അവകാശങ്ങൾക്കു വേണ്ടി വാദിച്ചു<br>• സമപന്തിഭോജനം സംഘടിപ്പിച്ചു. |
| ചട്ടമ്പി സ്വാമികൾ | | |
| ശ്രീനാരായണ ഗുരു | | |
| അയ്യങ്കാളി | | |
| വക്കം അബ്ദുൽ ഖാദർ മൗലവി | | |
| പൊയ്കയിൽ ശ്രീ കുമാരഗുരുദേവൻ | | |
| വാഗ്ഭടാനന്ദൻ | | |

## സ്ത്രീ – പുരുഷ സമത്വത്തിലേക്ക്

കേരള സമൂഹത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയും പുരുഷാധിപത്യകാഴ്ചപ്പാടും മൂലം വിവിധ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളുടെ കഷ്ടതകളും അവശതകളും വ്യത്യസ്തസ്വഭാവത്തിലുള്ളതായിരുന്നു. നമ്പൂതിരി സ്ത്രീകൾ വീടിനുള്ളിൽ ഒതുക്കപ്പെട്ടു. തൊഴിലെടുക്കുന്ന അവർണ്ണ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് സവർണണ്ണരിൽനിന്നാണ് ചൂഷണവും സാമൂഹ്യ വിവേചനവും അനുഭവിക്കേണ്ടിവന്നത്.

സ്ത്രീകൾ നേരിട്ട ഇത്തരം ചൂഷണങ്ങൾക്കും വിവേചനത്തിനും അസമത്വത്തിനുമെതിരെ സാമൂഹ്യപരിഷ്കർത്താക്കൾ ശബ്ദമുയർത്തി. നാം ഈ അധ്യായത്തിൽ ചർച്ച ചെയ്ത ചാന്നാർ ലഹള സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ആദ്യകാല സമരങ്ങളിൽ ഒന്നായിരുന്നു. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ നടന്ന 'തോൽവിറക് സമരവും' കണ്ണൂർ ജില്ലയിലെ കണ്ടകൈ ഗ്രാമത്തിൽ കണ്ടകൈ കുഞ്ഞാക്കമ്മയുടെ നേതൃത്വത്തിൽ നടന്ന 'മേച്ചിൽ പുല്ല്' സമരവും സ്ത്രീകളായിരുന്നു നയിച്ചത്.

നമ്പൂതിരി സമുദായത്തിൽ സ്ത്രീകൾ അനുഭവിച്ചിരുന്ന അസമത്വത്തിനും വിവേചനത്തിനും എതിരെ ആ സമുദായത്തിൽ തന്നെയുള്ള വി.ടി. ഭട്ടതിരിപ്പാട്, എം.ആർ. ഭട്ടതിരിപ്പാട് മുതലായവർ നടത്തിയ പ്രവർത്തനങ്ങൾ വലിയ മാറ്റങ്ങൾ ഉണ്ടാക്കി. വി.ടി.യുടെ 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്', പ്രേംജിയുടെ 'ഋതുമതി' എന്നീ നാടകങ്ങൾ നമ്പൂതിരി സ്ത്രീകളുടെ പരിതാപകരമായ അവസ്ഥ പൊതുസമൂഹത്തിനുമുമ്പിൽ തുറന്നുകാട്ടി. നമ്പൂതിരി സ്ത്രീകളെ സ്വയം പര്യാപ്തരാക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തവരാണ് ആര്യാപള്ളം, ദേവകി നരിക്കാട്ടിരി, പാർവ്വതി നെൻമേനിമംഗലം എന്നിവർ. സ്ത്രീ വിവേചനത്തിനും തൊഴിൽ ചൂഷണത്തിനും എതിരായും കൂലിക്കൂടുതൽ, വസ്ത്രധാരണം എന്നിവയ്ക്കുവേണ്ടിയും പുതിയ

ആശയങ്ങളും പ്രവർത്തനങ്ങളും രൂപപ്പെട്ടു. ഇത് സ്ത്രീപുരുഷ സമത്വത്തിലധിഷ്ഠിതമായ ആധുനിക ജനാധിപത്യ കാഴ്ചപ്പാടിന്റെ രൂപീകരണത്തിന് സഹായകമായി.



സ്ത്രീ-പുരുഷസമത്വത്തിലധിഷ്ഠിതമായ കേരളീയ സമൂഹത്തിന്റെ രൂപീകരണത്തിന് അടിത്തറയിട്ട സാഹചര്യം വിശകലനം ചെയ്യുക.

## മിഷണറി പ്രവർത്തനങ്ങൾ

കേരളത്തിലെ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളിൽ ക്രിസ്ത്യൻ മിഷണറിമാർ സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് അവരുടെ പ്രവർത്തനങ്ങൾ വിലപ്പെട്ടതായിരുന്നു. ജാതിമതചിന്തകൾക്കതീതമായി എല്ലാവിഭാഗം കുട്ടികൾക്കും അവരുടെ വിദ്യാലയങ്ങളിൽ പ്രവേശനം അനുവദിച്ചു. ഈ വിദ്യാഭ്യാസ മുന്നേറ്റം കേരളത്തിൽ സാമൂഹികമായ ഉണർവിന് പ്രചോദനമേകി. കേരളത്തിൽ പ്രവർത്തിച്ച മിഷണറി സംഘങ്ങളിൽ പ്രധാനപ്പെട്ടവയായിരുന്നു.

- ലണ്ടൻ മിഷൻ സൊസൈറ്റി
- ചർച്ച് മിഷൻ സൊസൈറ്റി
- ബാസൽ ഇവാഞ്ചലിക്കൽ മിഷൻ

കേരളത്തിന്റെ സാമൂഹ്യ വിദ്യാഭ്യാസ മേഖലകളിൽ പുത്തനുണർവ് സൃഷ്ടിച്ച മറ്റ് പരിഷ്കർത്താക്കളായിരുന്നു സഹോദരൻ അയ്യപ്പൻ, പണ്ഡിറ്റ് കെ.പി. കറുപ്പൻ, സനാഉള്ള സയീദ് മക്തിതങ്ങൾ മുതലായവർ. സമൂഹത്തിൽ നിലനിന്നിരുന്ന ജാതി വ്യവസ്ഥയ്ക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ ഇവർ ജനങ്ങളെ ബോധവത്കരിച്ചു. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. സാമൂഹ്യപരിഷ്കരണത്തോടൊപ്പം മാനവമൈത്രി സന്ദേശം പ്രചരിപ്പിക്കാൻ ഇവർ ആഹ്വാനം ചെയ്തു.

ഇത്തരം സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളിലൂടെ ആർജ്ജിച്ച പുരോഗതിയാണ് കേരളത്തിന്റെ പിൽക്കാല വളർച്ചയെ മുന്നോട്ട് നയിച്ചത്. ഈ പരിഷ്കരണ പ്രവർത്തനങ്ങളിലൂടെ കേരളത്തിലുണ്ടായ നേട്ടങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

- പൊതുനിരത്തുകളിലൂടെയുള്ള സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു.
- തൊഴിൽ, പേര്, പാർപ്പിടം, വസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന വിവേചനങ്ങൾക്കെതിരെ മുന്നേറ്റങ്ങൾ ഉയർന്നുവന്നു.
- ജാതീയമായ ഉച്ചനീചത്വങ്ങൾ ചോദ്യം ചെയ്യപ്പെട്ടു.
- വിദ്യാഭ്യാസം പുരോഗതിയുടെ അടിസ്ഥാനമാണെന്ന തിരിച്ചറിവ് രൂപപ്പെട്ടു.
- ആധുനിക വിദ്യാഭ്യാസത്തിന് പ്രോത്സാഹനം ലഭിച്ചു.
- സ്ത്രീ വിദ്യാഭ്യാസത്തിന്റെയും സ്ത്രീ-പുരുഷ സമത്വത്തിന്റേയും പ്രാധാന്യം തിരിച്ചറിഞ്ഞു.



കേരളത്തിലെ സാമൂഹ്യ പരിഷ്കർത്താക്കൾ പ്രാധാന്യം നൽകിയ പരിഷ്കരണ മേഖലകൾ ഏതെല്ലാം?

സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി കേരളത്തിലുണ്ടായ സാമൂഹിക മാറ്റങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

## സംഗ്രഹം

- കേരളത്തിൽ അനേകം ദുരാചാരങ്ങൾ നിലനിന്നിരുന്നു.
- ജാതിവ്യവസ്ഥയ്ക്കും വിവേചനത്തിനും ചൂഷണത്തിനും എതിരെ അനേകം സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഉയർന്നുവന്നു.
- വൈകുണ്ഠസ്വാമികൾ, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, വക്കം അബ്ദുൽ ഖാദർ മൗലവി, അയ്യങ്കാളി, പൊയ്കയിൽ ശ്രീ കുമാരഗുരുദേവൻ, മക്തിതങ്ങൾ, പണ്ഡിറ്റ് കെ.പി. കറുപ്പൻ, വാഗ്ഭടാനന്ദൻ, വി.ടി. ഭട്ടതിരിപ്പാട് മുതലായവർ കേരളത്തിൽ സാമൂഹ്യ മാറ്റങ്ങൾക്കുവേണ്ടി പ്രവർത്തിച്ചു.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- കേരളത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങൾ കണ്ടെത്തുന്നു.
- കേരളത്തിൽ സാമൂഹികപരിഷ്കരണത്തിനുവേണ്ടി പ്രവർത്തിച്ച വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും പങ്ക് വിശകലനം ചെയ്യുന്നു.
- കേരളീയസമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങൾക്കെതിരെ വ്യത്യസ്ത ആവിഷ്കാരങ്ങളിലൂടെ പ്രതികരിക്കുന്നു.
- കേരളത്തിന്റെ സാമൂഹിക സാംസ്കാരിക മേഖലകളിൽ സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ വഹിച്ച സ്വാധീനം വിലയിരുത്തുന്നു.

## വിലയിരുത്താം

- കേരളത്തിലുണ്ടായ സാമൂഹ്യ നവോത്ഥാനപ്രവർത്തനങ്ങളുടെ പൊതു സവിശേഷതകൾ വിലയിരുത്തുക.
- പട്ടിക ക്രമപ്പെടുത്തുക

| | |
|---|---|
| സമത്വസമാജം | വക്കം അബ്ദുൽ ഖാദർ മൗലവി |
| ശ്രീനാരായണ ധർമ്മ പരിപാലന യോഗം | അയ്യങ്കാളി |
| സാധുജനപരിപാലന സംഘം | വൈകുണ്ഠസ്വാമികൾ |
| കേരള മുസ്ലിം ഐക്യ സംഘം | ശ്രീനാരായണഗുരു |

## തുടർപ്രവർത്തനങ്ങൾ

- 'കേരളത്തിലെ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളും അവയുടെ പ്രവർത്തനങ്ങളും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു സെമിനാർ സംഘടിപ്പിക്കുക.
- കേരളത്തിലെ സാമൂഹ്യപരിഷ്കർത്താക്കളുടെ ചിത്രങ്ങൾ, സ്റ്റാമ്പുകൾ എന്നിവ ശേഖരിച്ച് കുറിപ്പോടുകൂടി ആൽബം തയ്യാറാക്കുക.
- നിങ്ങളുടെ നാട്ടിലെ സാമൂഹ്യ സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിച്ച് വിവരങ്ങൾ ശേഖരിക്കുക.
- സ്ത്രീ-പുരുഷ സമത്വത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ചർച്ച സംഘടിപ്പിക്കുക.



# 9 ഗാന്ധിജിയും സ്വാതന്ത്ര്യസമരവും

*വൈക്കം ബോട്ടുജെട്ടിയിലും കായലോ*
*രത്തും വലിയ തിരക്ക്; എങ്ങും*
*ബഹളം മറ്റ് വിദ്യാർത്ഥികളോടൊപ്പം*
*ഞാനും തിക്കിത്തെരക്കി*
*ജനക്കൂട്ടത്തിന്റെ മുന്നിലെത്തി.*
*ബോട്ടിൽ ഗാന്ധിജിയെ ദൂരെ വച്ചേ*
*കണ്ടു. ആയിരമായിരം കണ്ഠങ്ങ*
*ളിൽനിന്ന് ആ ശബ്ദം ഉയർന്നു–*
*കടലിരമ്പുന്നത് മാതിരി.*
*'മഹാത്മാ... ഗാന്ധി... കീ... ജേ!'*
*അർദ്ധനഗ്നനായ ഫക്കീർ*
*പല്ല് പോയ മോണകാട്ടി ചിരിച്ചു.*
*തൊഴുകയോടെ കരയ്ക്കിറങ്ങി.*
*തുറന്ന കാറിൽ അദ്ദേഹം മെല്ലെ*
*കയറിയിരുന്നു.*
*തിങ്ങിനിറഞ്ഞജനക്കൂട്ടത്തിന്റെ*
*ഇടയിലൂടെ കാർ സത്യഗ്രഹാശ്രമത്തി*
*ലേക്ക് പതുക്കെ നീങ്ങി.*

..........................................................................

*വല്ലാത്ത ആരവം*
*ആ ബഹളത്തിനിടയ്ക്ക് എനിക്കൊ*
*രാഗ്രഹം*
*ലോകവന്ദ്യനായ മഹാത്മാവിനെ*
*ഒന്നു തൊടണം! ഒന്നുതൊട്ടില്ലെങ്കിൽ*
*ഞാൻ മരിച്ച് വീണുപോകു*
*മെന്നെനിക്കുതോന്നി*
*ആരെങ്കിലും കണ്ടാലോ...*
*എനിക്ക് ഭയവും പരിഭ്രമവുമുണ്ടായി,*
*എല്ലാം മറന്നു...*
*ഞാൻ ഗാന്ധിജിയുടെ വലതുതോളിൽ*
*പതുക്കെ ഒന്നുതൊട്ടു!*
*വീഴാൻ പോയതിനാൽ കൈത്തണ്ടിൽ*
*പിടിച്ചു*

..........................................................................

*ഗാന്ധിജി എന്നെ നോക്കി മന്ദഹസിച്ചു.*
*അന്ന് സന്ധ്യയ്ക്ക് വീട്ടിൽ ചെന്ന് അമ്മ*
*യോട് അഭിമാനത്തോടെ*
*ഞാൻ പറഞ്ഞു*
*ഉമ്മാ, ഞാൻ ഗാന്ധിയെ തൊട്ട്!*


(വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഓർമ്മക്കുറിപ്പ്' എന്ന കൃതിയിലെ 'അമ്മ' എന്ന അനുഭവ കഥയിൽനിന്നുള്ള ഭാഗമാണിത്.)

സത്യഗ്രഹസമരത്തിന് ആവേശം പകരാൻ ഗാന്ധിജി വൈക്കത്തെത്തിയ സംഭവം വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവിതത്തിലെ മറക്കാനാകാത്ത അനുഭവമായിരുന്നു.

ദേശീയപ്രസ്ഥാനത്തിലെ മിതവാദദേശീയതയുടെയും തീവ്രദേശീയതയുടെയും കാലഘട്ടം നാം ചർച്ച ചെയ്തല്ലോ. ഗാന്ധിജിയുടെ വരവോടെ ദേശീയ പ്രസ്ഥാനത്തിന്റെ മൂന്നാമത്തെ ഘട്ടം ആരംഭിച്ചു. 1919 മുതൽ 1947 വരെയുള്ള ഈ കാലഘട്ടം ഗാന്ധിയൻ കാലഘട്ടം എന്ന് അറിയപ്പെടുന്നു.



## ഗാന്ധിജിയുടെ ആഗമനം



ദക്ഷിണാഫ്രിക്കയിലെ ദീർഘകാലത്തെ വാസത്തിനുശേഷം 1915 ജനുവരി 9-ന് ഗാന്ധിജി ഇന്ത്യയിൽ തിരിച്ചെത്തി. ഇന്ത്യയിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാനും ഇന്ത്യയെ കണ്ടെത്താനും രാജ്യത്തുടനീളം യാത്ര ചെയ്തു. ലളിതമായ ജീവിതത്തിലൂടെയും വസ്ത്രധാരണത്തിലൂടെയും ഗാന്ധിജി ജനങ്ങൾക്ക് മാതൃക കാട്ടി. സാധാരണ ജനങ്ങളുടെ ഭാഷയിൽ അവരുമായി സംവദിച്ചു. അഹിംസയിൽ അധിഷ്ഠിതമായ സത്യഗ്രഹം എന്ന പുതിയൊരു സമരരീതി രൂപപ്പെടുത്തി. ആശയപ്രചരണത്തിനുവേണ്ടി ഗുജറാത്തിലെ അഹമ്മദാബാദിൽ അദ്ദേഹം സബർമതി ആശ്രമം സ്ഥാപിച്ചു. ഗാന്ധിജി ദേശീയ പ്രസ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുത്തതോടുകൂടി സ്വാതന്ത്ര്യ സമരത്തിൽ ജനങ്ങളുടെ പങ്കാളിത്തം വർദ്ധിച്ചു.



### സത്യഗ്രഹം

*സത്യഗ്രഹം എന്നാൽ*
*സത്യത്തെ മുറുകെ പിടിക്കുക*
*എന്നാണർത്ഥം. സത്യഗ്രഹം അഹിംസ*
*യിൽ അധിഷ്ഠിതമായിരുന്നു.*
*സത്യഗ്രഹി തിന്മയെ വെറുക്കുന്നു.*
*എന്നാൽ തിന്മ ചെയ്യുന്ന ആളിനെ*
*വെറുക്കുന്നില്ല. തിന്മചെയ്യുന്നവന്റെ*
*മനസ്സാക്ഷിയെ തട്ടി ഉണർത്താമെന്ന്*
*സത്യഗ്രഹി വിശ്വസിക്കുന്നു.*

ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജിയുടെ ആദ്യകാല പ്രവർത്തനങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൂ.

## ആദ്യകാല സമരങ്ങൾ

ഗാന്ധിജി ഇന്ത്യയിൽ നേതൃത്വപരമായ പങ്കുവഹിച്ച ആദ്യത്തെ സമരമാണ് 1917-ലെ ചമ്പാരൻ സത്യഗ്രഹം. ബീഹാറിലെ ചമ്പാരനിൽ നീലം കർഷകരെ തോട്ടം ഉടമകളായ വെള്ളക്കാർ ചൂഷണം ചെയ്തതിനെതിരെയായിരുന്നു ഈ സത്യഗ്രഹം. അതിന്റെ ഫലമായി കർഷകർക്ക് ആശ്വാസകരമായ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ വെള്ളക്കാർ നിർബന്ധിതരായി.

1918-ൽ ഗാന്ധിജി അഹമ്മദാബാദിലെ തുണിമിൽ തൊഴിലാളികളുടെ വേതനവർദ്ധനവിനുവേണ്ടിയുള്ള സമരം നയിച്ചു. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യത്തെ നിരാഹാരസത്യഗ്രഹമായിരുന്നു ഇത്.

അതേവർഷം ഗുജറാത്തിലെ ഖേഡയിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ കാർഷികവിളകൾ വ്യാപകമായി നശിച്ചു. വിളവ് മോശമായതിനാൽ നികുതിയിൽ ഇളവ് നൽകണമെന്ന് കർഷകർ ആവശ്യപ്പെട്ടു. ബ്രിട്ടീഷ് അധികൃതർ ഈ ആവശ്യം നിരസിച്ചപ്പോൾ ഗാന്ധിജി നികുതിനിഷേധ സമരത്തിന് ആഹ്വാനം ചെയ്തു.

തീവ്രദേശീയ കാലഘട്ടത്തിലെ സമരരീതികളിൽനിന്ന് ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? ചർച്ച ചെയ്ത് കുറിപ്പാക്കൂ.



## പൗരാവകാശത്തിനുവേണ്ടി




കൊളാഷ് ശ്രദ്ധിക്കൂ...

ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യാക്കാരോട് സ്വീകരിച്ച മനുഷ്യത്വരഹിത നടപടികൾ ഏതെല്ലാം?

ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യൻ ജനതയുടെ പൗരാവകാശങ്ങൾ ലംഘിക്കുന്ന നിരവധി കരിനിയമങ്ങൾ നടപ്പിലാക്കി. അവയിൽ ജനങ്ങളുടെ വ്യാപകമായ പ്രതിഷേധത്തിന് കാരണമായ ഒന്നായിരുന്നു 'റൗലത്ത് നിയമം'. ഈ നിയമം ബ്രിട്ടീഷ് സർക്കാരിന് താഴെ പറയുന്ന അധികാരങ്ങൾ നൽകി:

- ഏതൊരു ഇന്ത്യാക്കാരനെയും വാറന്റില്ലാതെ അറസ്റ്റ് ചെയ്യാം
- വിചാരണ കൂടാതെ അനിശ്ചിതകാലം തടവിലിടാം
- പ്രത്യേക കോടതികളിൽ രഹസ്യവിചാരണ നടത്താം
- കോടതിവിധിക്കെതിരെ അപ്പീൽ നിഷേധിക്കാം

ഈ നിയമത്തിനെതിരെ ജനങ്ങൾ പ്രക്ഷോഭം ആരംഭിച്ചു. പ്രകടനങ്ങൾ, ഉപവാസങ്ങൾ, ഹർത്താലുകൾ, നിയമലംഘനങ്ങൾ എന്നിവ നടത്തി. 1919 ഏപ്രിൽ 6 ന് രാജ്യം മുഴുവൻ കരിദിനമാചരിക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തു. അഭൂതപൂർവ്വമായ പ്രതികരണമാണ് ഈ ആഹ്വാനത്തിന് ലഭിച്ചത്.

പഞ്ചാബിൽ സമരത്തിന് നേതൃത്വം നൽകിയ ഡോ. സത്യപാൽ, ഡോ. സെയ്ഫുദ്ദീൻകിച്ച്ലു എന്നിവരെ അറസ്റ്റു ചെയ്തു. ഇതിൽ പ്രതിഷേധിച്ച് പഞ്ചാബിലെ ജാലിയൻവാലാബാഗിൽ ജനങ്ങൾ ഒത്തുകൂടി. മൂന്ന് വശവും മതിലുകളാൽ ചുറ്റപ്പെട്ടതും ഒരു കവാടം മാത്രമുള്ളതുമായ വിശാലമായ മൈതാനമായിരുന്നു ജാലിയൻവാലാബാഗ്. നിരായുധരായ ജനങ്ങൾക്കുനേരെ പട്ടാളം വെടിയുതിർത്തു. ആയിരത്തിൽപ്പരം ആളുകൾ വെടിയേറ്റു മരിച്ചു. മുറിവേറ്റവർ അതിലേറെ ആയിരുന്നു. ശവശരീരങ്ങൾ നീക്കം ചെയ്യാനോ പരിക്കേറ്റവരെ ശുശ്രൂഷിക്കാനോ ദാഹജലം നൽകാനോ പട്ടാളം അനുവദിച്ചില്ല. ഈ ദാരുണസംഭവം 'ജാലിയൻവാലാബാഗ് കൂട്ടക്കൊല' എന്നറിയപ്പെടുന്നു.

ഇതിൽ പ്രതിഷേധിച്ച്,

- 'കൈസർ-എ-ഹിന്ദ്' പദവി ഗാന്ധിജി ബ്രിട്ടീഷ് ഗവൺമെന്റിന് തിരികെ നൽകി.
- ബ്രിട്ടീഷുകാർ നൽകിയ 'സർ' പദവി രവീന്ദ്രനാഥടാഗോർ ഉപേക്ഷിച്ചു.
- ദേശവ്യാപകമായി പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കപ്പെട്ടു.



ജാലിയൻവാലാബാഗ് കൂട്ടക്കൊല. ചിത്രകാരന്റെ ഭാവനയിൽ

സമാധാനപരമായ സമരങ്ങളോട് ബ്രിട്ടീഷ് ഗവൺമെന്റിന്റെ സമീപനം എപ്രകാരമായിരുന്നു. ജാലിയൻവാലാബാഗ് കൂട്ടക്കൊലയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

ജാലിയൻവാലാബാഗ് സംഭവം ഒരു നാടകമാക്കി അവതരിപ്പിക്കാനുള്ള സ്ക്രിപ്റ്റ് തയ്യാറാക്കുക.

### ധീരനായ ഉദ്ദംസിംഗ്

ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് ദൃക്സാക്ഷിയായിരുന്നു ബാലനായ ഉദ്ദം സിംഗ്. കൂട്ടക്കൊലയ്ക്ക് നേതൃത്വം നൽകിയ മൈക്കിൾ ഒ. ഡയറിനെ വർഷങ്ങൾക്കുശേഷം അദ്ദേഹം ഇംഗ്ലണ്ടിൽ ചെന്ന് വധിച്ചു. 1940 ജൂലൈ 31-ന് ഉദ്ദം സിംഗിനെ വധശിക്ഷയ്ക്ക് വിധേയനാക്കി.


ഉദ്ദം സിംഗ്

## ഖിലാഫത്ത് പ്രസ്ഥാനം

തുർക്കി കേന്ദ്രമായി ഭരണം നടത്തിയ ഉസ്മാനിയ (ഓട്ടോമൻ) സാമ്രാജ്യത്തിന്റെ ഭരണാധികാരി ഖലീഫ എന്നാണ് അറിയപ്പെട്ടിരുന്നത്. ലോക മുസ്ലീങ്ങളുടെ ആത്മീയ നേതാവ് കൂടിയായിരുന്നു ഖലീഫ. ഒന്നാം ലോകയുദ്ധത്തിൽ ബ്രിട്ടന്റെ എതിർ സഖ്യത്തിലായിരുന്നു തുർക്കി സാമ്രാജ്യം. യുദ്ധത്തിൽ ഖലീഫയ്ക്ക് എതിരായ ബ്രിട്ടീഷ് നടപടികളിൽ പ്രതിഷേധിച്ചാണ് ഖിലാഫത്ത് പ്രസ്ഥാനം രൂപം കൊണ്ടത്. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ഇന്ത്യയിലെ നേതാക്കൾ മൗലാന ഷൗക്കത്തലിയും മൗലാന മുഹമ്മദലിയുമായിരുന്നു. ഇവർ 'അലി സഹോദരന്മാർ' എന്നറിയപ്പെടുന്നു.


മൗലാന ഷൗക്കത്തലിയും മൗലാന മുഹമ്മദലിയും

റൗലത്ത് നിയമത്തിനെതിരായി വളർന്നുവന്ന ഹിന്ദു മുസ്ലിം ഐക്യം ദൃഢമാക്കാൻ ഖിലാഫത്ത് പ്രസ്ഥാനം വഴിയൊരുക്കുമെന്ന് ഗാന്ധിജി വിശ്വസിച്ചു. ഖിലാഫത്ത് പ്രസ്ഥാനത്തിന് പൂർണ്ണപിന്തുണയും സഹകരണവും അദ്ദേഹം വാഗ്ദാനം ചെയ്തു. അഖിലേന്ത്യാ ഖിലാഫത്ത് കമ്മിറ്റിയുടെ പ്രസിഡന്റ് പദവി ഗാന്ധിജി ഏറ്റെടുത്തു. 1919 ഒക്ടോബർ 17 ഇന്ത്യയിലുടനീളം 'ഖിലാഫത്ത് ദിന'മായി ആചരിച്ചു.

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് സജീവ പിന്തുണ നൽകാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏതെല്ലാം? കുറിപ്പ് തയ്യാറാക്കുക.

## നിസ്സഹകരണപ്രസ്ഥാനം

ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ബഹുജന സമരമായിരുന്നു നിസ്സഹകരണസമരം. 1920-ൽ കൽക്കത്തയിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രത്യേക സമ്മേളനമാണ് നിസ്സഹകരണ സമരത്തിന് അംഗീകാരം നൽകിയത്.

നിസ്സഹകരണസമരത്തിനു മുന്നോടിയായി ഗാന്ധിജി വൈസ്രോയിക്ക് ഇപ്രകാരം കത്തെഴുതി:

"ഭരണാധികാരി അധികാരം ദുർവിനിയോഗം ചെയ്താൽ അവനെ അനുസരിക്കാതിരിക്കാൻ പുരാതനകാലം മുതലേ പ്രജകൾക്ക് അവകാശമുണ്ട്".

നിസ്സഹകരണസമരം രണ്ടുതരം കർമ്മപരിപാടികളിൽ അധിഷ്ഠിതമായിരുന്നു. ബഹിഷ്ക്കരണ പ്രവർത്തനങ്ങളും ക്രിയാത്മക പ്രവർത്തനങ്ങളുമായിരുന്നു അവ.






നിസ്സഹകരണസമരം ഒരു ബഹുജനസമരമായി മാറാനുള്ള സാഹചര്യങ്ങൾ എന്തെല്ലാം?

നിസ്സഹകരണസമരവുമായി ബന്ധപ്പെട്ട ആശയങ്ങൾ ഉൾക്കൊള്ളുന്ന പ്ലക്കാർഡുകൾ നിർമ്മിക്കുക.

രാജ്യമെമ്പാടും ഇത്തരത്തിലുള്ള സമരങ്ങൾ രൂപപ്പെട്ടപ്പോൾ കേരളത്തിൽ എന്താണ് സംഭവിച്ചതെന്ന് പരിശോധിക്കാം.



## മലബാർ കലാപം


കേരളത്തിലെ ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങളിൽ ശ്രദ്ധേയമായ ഒന്നായിരുന്നു 1921 ലെ മലബാർ കലാപം. കുടിയൊഴിപ്പിക്കൽ, അന്യായമായ നികുതി പിരിവ്, ഉയർന്ന പാട്ടം തുടങ്ങിയ ദ്രോഹനടപടികൾ ജന്മിമാരിൽനിന്ന് മലബാറിലെ കർഷകർ നേരിട്ടു. ജന്മിമാരുടെ കർഷകദ്രോഹപ്രവർത്തനങ്ങൾക്ക് ബ്രിട്ടീഷുകാർ പിന്തുണനൽകി. ഈ സമയത്താണ് കേരളത്തിൽ നിസ്സഹകരണപ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും സജീവമായത്. ഗാന്ധിജി മൗലാനാ ഷൗക്കത്തലിയുമൊന്നിച്ച് കേരളം സന്ദർശിച്ചു.

ഖിലാഫത്ത് പ്രസ്ഥാനവും 1920-ലെ മഞ്ചേരി കോൺഗ്രസ് സമ്മേളനവും കർഷകരിൽ പുതിയ ഉണർവ് സൃഷ്ടിച്ചു. കർഷകരിൽ അധികവും മാപ്പിളമാർ (മുസ്ലിങ്ങൾ) ആയിരുന്നു.

ബ്രിട്ടീഷുകാരോടും ജന്മിമാരോടുമുള്ള എതിർപ്പ് കർഷകർക്കിടയിൽ രൂക്ഷമായി നിൽക്കവെ പൂക്കോട്ടൂർ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറി വടക്കേവീട്ടിൽ മുഹമ്മദിനെ അറസ്റ്റ് ചെയ്യാൻ എത്തിയ പോലീസിനെ ജനങ്ങൾ തടഞ്ഞു. ഖിലാഫത്ത് നേതാവായിരുന്ന ആലിമുസ്ലിയാരെ അറസ്റ്റു ചെയ്തു എന്നുള്ള തെറ്റായ വാർത്തയും പരന്നു. ഇതോടെ മലബാറിലെ ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിൽ കലാപം തുടങ്ങി. ബ്രിട്ടീഷുകാരുടെ സഹായികളായി പ്രവർത്തിച്ച ജന്മിമാർക്കെതിരെയും കലാപകാരികളുടെ രോഷം ആളിക്കത്തി. കലാപത്തിന് നേതൃത്വം നൽകിയ ആലി മുസ്ലിയാർ, വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി തുടങ്ങിയവരെ ബ്രിട്ടീഷുകാർ വധിച്ചു.

## വാഗൺ കൂട്ടക്കൊല

മലബാർ കലാപത്തിൽ അറസ്റ്റുചെയ്യപ്പെട്ട തൊണ്ണൂറോളം കലാപകാരികളെ തിരൂർ റെയിൽവെ സ്റ്റേഷനിൽനിന്നും ഒരു ഗുഡ്സ് വാഗണിൽ (ചരക്കു തീവണ്ടി) കുത്തിനിറച്ച് കോയമ്പത്തൂരിലേക്ക് കൊണ്ടുപോയി. വായുകടക്കാത്ത തീവണ്ടി മുറിയിൽ അവർ പ്രാണനുവേണ്ടി പിടഞ്ഞു. മരണവെപ്രാളത്തിൽ അന്യോന്യം മാന്തിപ്പറിക്കാൻ തുടങ്ങി. തിവണ്ടി കോയമ്പത്തൂരിനടുത്ത് പോത്തന്നൂരിൽ എത്തി വാഗൺ തുറന്നു നോക്കിയപ്പോൾ എഴുപത്തിരണ്ടുപേർക്ക് ജീവൻ നഷ്ടപ്പെട്ടിരുന്നു. അവശേഷിച്ചവർ മരണത്തോട് മല്ലടിക്കുകയായിരുന്നു. 1921 നവംബർ 10-ന് നടന്ന ഈ ദാരുണ സംഭവം 'വാഗൺ കൂട്ടക്കൊല' എന്നറിയപ്പെടുന്നു. ജന്മിത്വത്തിനും ബ്രിട്ടീഷ് ഭരണത്തിനും എതിരായി ആരംഭിച്ച ജനകീയ പ്രക്ഷോഭം ക്രൂരമായ മർദ്ദനത്തിലൂടെ ബ്രിട്ടീഷ് ഗവൺമെന്റ് അടിച്ചമർത്തി.




വാഗൺ കൂട്ടക്കൊല - ചിത്രകാരന്റെ ഭാവനയിൽ



സ്വാതന്ത്ര്യസമര പോരാട്ടങ്ങളെ ബ്രിട്ടീഷ് ഗവൺമെന്റ് ക്രൂരമായ രീതിയിലാണ് നേരിട്ടത്. മലബാർ കലാപത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

വാഗൺ കൂട്ടക്കൊലയുടെ നിശ്ചലദൃശ്യം തയ്യാറാക്കുക.



കർഷകസമരങ്ങളുടെയും ഖിലാഫത്ത് പ്രസ്ഥാനത്തിന്റെയും കൂടിച്ചേരലാണ് മലബാർ കലാപം. വിലയിരുത്തുക.

**പട്ടിക പൂർത്തിയാക്കുക**

| ചിത്രങ്ങൾ | സംഭവങ്ങൾ | പ്രധാന വിവരങ്ങൾ |
|---|---|---|
|  | ജാലിയൻ വാലാബാഗ് കൂട്ടക്കൊല | • 1919<br>• പഞ്ചാബിലെ അമൃത്സർ<br>• റൗലത്ത് നിയമത്തിനെതിരെയുള്ള പ്രതിഷേധം<br>•<br>• |
|  | | •<br>•<br>•<br>•<br>• |

## ചൗരിചൗരാസംഭവം

ഉത്തർ പ്രദേശിലെ ചൗരിചൗരാഗ്രാമത്തിൽ ബ്രിട്ടീഷ് ഭരണാധികാരികളുടെ ദുഷ്ചെയ്തികൾക്കെതിരെ 1922 ൽ കർഷകർ സംഘടിച്ചു. മൂവായിരത്തിലധികം വരുന്ന നിരായുധരായ കർഷകരുടെ ജാഥയ്ക്ക് നേരെ പോലീസ് വെടിവെച്ചു. കോപാകുലരായ ജനക്കൂട്ടം പോലീസ് സ്റ്റേഷൻ അഗ്നിക്കിരയാക്കി. ഇരുപത്തിരണ്ട് പോലീസുകാർ കൊല്ലപ്പെട്ടു. ഈ സംഭവം അഹിംസാസമരതത്ത്വങ്ങൾക്ക് വിരുദ്ധമായതിനാൽ നിസ്സഹകരണസമരം പൂർണ്ണമായി നിർത്തിവെയ്ക്കാൻ ഗാന്ധിജി തീരുമാനിച്ചു.

നിസ്സഹകരണസമരം നിർത്തിവെയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സാഹചര്യങ്ങൾ എന്തെല്ലാം? ചർച്ച ചെയ്യുക.



ഗാന്ധിജിയുടെ ആദ്യകാല സമരമുറകളിൽനിന്ന് നിസ്സഹകരണസമരം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

## വൈക്കം സത്യഗ്രഹം

സ്വാതന്ത്ര്യസമരത്തോടൊപ്പം സാമൂഹിക അസമത്വങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങളുടെയും വേദിയായി ദേശീയപ്രസ്ഥാനം മാറി.



### സവർണ ജാഥ

വൈക്കം സത്യഗ്രഹത്തോട് പിന്തുണ പ്രഖ്യാപിച്ച് മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ 1924 നവംബർ 1 ന് സവർണ്ണരെ പങ്കെടുപ്പിച്ച് വൈക്കം ക്ഷേത്ര നടയിൽനിന്നും തിരുവനന്തപുരത്തേക്ക് ഒരു ജാഥ പുറപ്പെട്ടു. വൈക്കം ക്ഷേത്രത്തിലേക്കുള്ള എല്ലാ വഴികളും ജാതിമതഭേദമെന്യേ എല്ലാവർക്കും തുറന്നുകൊടുക്കണമെന്ന് അഭ്യർത്ഥിച്ച് അവർ മഹാറാണി സേതുലക്ഷ്മിഭായിക്ക് ഒരു നിവേദനം സമർപ്പിച്ചു.

വൈക്കം ക്ഷേത്രത്തിന്റെ മതിൽകെട്ടിനു പുറത്തുള്ള വഴിയിലൂടെ അവർണ്ണജാതിക്കാർക്ക് സഞ്ചരിക്കുവാനുള്ള അവകാശം ഇല്ലായിരുന്നു. ഈ വഴി എല്ലാ ജാതിക്കാർക്കും തുറന്ന് കിട്ടണം എന്നാവശ്യപ്പെട്ടുകൊണ്ട് നടന്ന സമരമാണ് 1924-ലെ വൈക്കം സത്യഗ്രഹം. ഇതിന്റെ ഭാഗമായി മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ നടന്ന 'സവർണ്ണജാഥ' പ്രസിദ്ധമാണ്. പൊതു ഇടങ്ങളിലെ അയിത്താചരണത്തിനെതിരെ ഇന്ത്യയിൽ നടന്ന ശ്രദ്ധേയമായ സമരമായിരുന്നു ഇത്. സമരത്തിന് പിന്തുണ നൽകാൻ ഗാന്ധിജി വൈക്കത്ത് എത്തിയ സംഭവം അധ്യായത്തിന്റെ തുടക്കത്തിൽ നാം വായിച്ചല്ലോ.

വൈക്കം സത്യഗ്രഹത്തിന്റെ പ്രസക്തിയെക്കുറിച്ച് ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

## തൂക്കുകയറിനെ ഭയക്കാത്തവർ

ഗാന്ധിയൻ സമരമുറകൾക്ക് സമാന്തരമായി നിരവധി സായുധസമരങ്ങളും ഈ കാലഘട്ടത്തിൽ നടന്നു. അത്തരം സമരങ്ങൾക്ക് നേതൃത്വം നൽകി ജീവൻ ബലിയർപ്പിച്ചവരാണ് ചന്ദ്രശേഖർ ആസാദ്, ഭഗത്സിംഗ്, രാജ്ഗുരു, സുഖ്ദേവ് മുതലായവർ. ഇവർ രൂപീകരിച്ച സംഘടനയായിരുന്നു ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ. യുവജനങ്ങളെ സമരസജ്ജരാക്കുക എന്നതായിരുന്നു ഈ സംഘടനയുടെ ലക്ഷ്യം.



ചന്ദ്രശേഖർ ആസാദ്



ഭഗത്സിംഗ്



രാജ്ഗുരു



സുഖ്ദേവ്



## ഒരു നുള്ള് ഉപ്പ് ഒരു സാമ്രാജ്യത്തെ ഉലയ്ക്കുന്നു

1929-ൽ ലാഹോറിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമ്മേളനം ഗാന്ധിജിയുടെ നേതൃത്വത്തിൽ നിയമലംഘന പ്രസ്ഥാനം തുടങ്ങാൻ തീരുമാനിച്ചു. ജനവിരുദ്ധമായ ബ്രിട്ടീഷ് നിയമങ്ങളെ ലംഘിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഉപ്പ് ഉണ്ടാക്കുന്നതിന് ഇന്ത്യാക്കാർ നികുതി നൽകേണ്ടിയിരുന്നു. ഈ നികുതി ബ്രിട്ടീഷ് സർക്കാർ ഇരട്ടിയാക്കിയത് ജനരോഷം വർദ്ധിപ്പിച്ചു. അതുകൊണ്ടുതന്നെ ഉപ്പിനെ സമരായുധമാക്കിയാൽ ബഹുജനപ്രക്ഷോഭം കൂടുതൽ ശക്തിയാർജ്ജിക്കുമെന്ന് ഗാന്ധിജി തിരിച്ചറിഞ്ഞു. ഈ ഉപ്പുനിയമം ലംഘിക്കാൻ ഗാന്ധിജി തീരുമാനിച്ചു.




ദണ്ഡിയാത്ര

സമരപ്രഖ്യാപനം നടത്തിക്കൊണ്ട് ഗാന്ധിജി ഇങ്ങനെ പറഞ്ഞു.

"ഒന്നുകിൽ ലക്ഷ്യം നേടി ഞാൻ തിരിച്ചുവരും. പരാജയപ്പെട്ടാൽ ഞാനെന്റെ ജഡം സമുദ്രത്തിന് സംഭാവന നൽകും"

78 അനുയായികളുമായി ഗാന്ധിജി സബർമതി ആശ്രമത്തിൽനിന്ന് യാത്ര പുറപ്പെട്ടു. 375 കിലോമീറ്റർ കാൽനടയായി സഞ്ചരിച്ച് ദണ്ഡിക്കടപ്പുറത്ത് എത്തിച്ചേർന്നു.

1930 ഏപ്രിൽ 6ന് ഒരു പിടി ഉപ്പ് ശേഖരിച്ചുകൊണ്ട് നിയമലംഘന പ്രക്ഷോഭത്തിന് ഗാന്ധിജി തുടക്കം കുറിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ 'ഉപ്പ്' നിയമലംഘന സമരത്തിന്റെ പ്രതീകമായി മാറി.



ഉപ്പു നിയമലംഘനം




### ദണ്ഡിയാത്രയിലെ മലയാളികൾ

സി. കൃഷ്ണൻ നായർ, ടൈറ്റസ്, ശങ്കരൻ എഴുത്തച്ഛൻ, രാഘവപ്പൊതുവാൾ എന്നിവരാണ് ഉപ്പുസത്യഗ്രഹത്തിൽ ഗാന്ധിജിക്കൊപ്പം ഉണ്ടായിരുന്ന മലയാളികൾ.


ഖാൻ അബ്ദുൽ ഗാഫർ ഖാൻ

ഇന്ത്യ ഒട്ടാകെ നിയമലംഘനപ്രക്ഷോഭം വ്യാപിച്ചു. 'അതിർത്തി ഗാന്ധി' എന്ന് അറിയപ്പെടുന്ന ഖാൻ അബ്ദുൽ ഗാഫർ ഖാന്റെ നേതൃത്വത്തിലായിരുന്നു ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ പ്രദേശത്ത് സമരം നടന്നത്. സരോജിനി നായിഡുവിന്റെ നേതൃത്വത്തിൽ നിരവധി വനിതകളും സമരരംഗത്ത് സജീവമായിരുന്നു.


സരോജിനി നായിഡു

കേരളത്തിൽ ഉപ്പുസത്യഗ്രഹത്തിന്റെ പ്രചരണങ്ങൾക്ക് നേതൃത്വം നൽകിയവരിൽ പ്രമുഖരായിരുന്നു കെ. മാധവൻ നായരും ഇ. മൊയ്തുമൗലവിയും. കണ്ണൂർ ജില്ലയിലെ പയ്യന്നൂരും കോഴിക്കോടും ഉപ്പുസത്യഗ്രഹത്തിന്റെ പ്രധാന കേന്ദ്രങ്ങളായിരുന്നു. പയ്യന്നൂരിൽ കെ.കേളപ്പന്റെ നേതൃത്വത്തിലായിരുന്നു ഉപ്പുനിയമലംഘനം നടന്നത്. കോഴിക്കോട് കടപ്പുറത്ത് ഉപ്പുസത്യഗ്രഹത്തിന് നേതൃത്വം നൽകിയ മുഹമ്മദ് അബ്ദുറഹിമാൻ, പി. കൃഷ്ണപിള്ള എന്നിവർക്ക് പോലീസിന്റെ മർദ്ദനത്തിൽ പരുക്കേൽക്കുകയുണ്ടായി. ഉപ്പുസത്യഗ്രഹം കേരളത്തിലെ ജനഹൃദയങ്ങളിൽ സ്വാതന്ത്ര്യസമരാഗ്നി ആളിക്കത്തിച്ചു.



### നാഗന്മാരുടെ റാണി

ഇന്ത്യയുടെ വടക്ക് കിഴക്ക് ഭാഗത്തുള്ള മണിപ്പൂർ, നാഗാലാന്റ് എന്നീ പ്രദേശങ്ങളിലും നിയമലംഘന സമരത്തിന്റെ ആവേശം ഉയർന്നു. പതിമൂന്ന് വയസു മാത്രമുള്ള റാണി ഗൈഡിലിയു ദേശീയപ്രസ്ഥാനത്തിൽ ആകൃഷ്ടയാവുകയും നിയമലംഘനസമരത്തിൽ പങ്കാളിയാവുകയും ചെയ്തു. സ്വാതന്ത്ര്യസമരത്തിൽ വഹിച്ച പങ്കിന്റെ പേരിൽ "നാഗന്മാരുടെ റാണി" എന്ന് ജവഹർലാൽ നെഹ്റു അവരെ വിശേഷിപ്പിച്ചു.

ഉപ്പുസത്യഗ്രഹത്തെ അമർച്ച ചെയ്യാൻ ബ്രിട്ടീഷ് ഗവൺമെന്റ് തീരുമാനിച്ചു. ഗാന്ധിജി, ജവഹർലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയ നേതാക്കൾ ഉൾപ്പെടെ ആയിരക്കണക്കിന് ആളുകളെ അറസ്റ്റുചെയ്തു.

ഉപ്പുസത്യഗ്രഹത്തിലെ പ്രധാന സംഭവങ്ങൾ നാടകരൂപത്തിൽ പുനരാവിഷ്കരിക്കുക.



ഉപ്പിനെ സമരായുധമാക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം? ചർച്ച ചെയ്യൂ.

## ഗുരുവായൂർ സത്യഗ്രഹം

ഗാന്ധിയൻ ആശയമായ സമൂഹപുനർനിർമ്മാണവും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നു. സമത്വസമൂഹസൃഷ്ടി എന്ന ലക്ഷ്യത്തോടെ അയിത്തോച്ചാടനം, ആരാധനാസ്വാതന്ത്ര്യം നേടിയെടുക്കൽ എന്നിവകൂടി സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ ഭാഗമായി മാറി. കേരളത്തിൽ 1931-ൽ നടന്ന ഗുരുവായൂർ സത്യഗ്രഹം അത്തരം കർമ്മപരിപാടികളിൽ ഒന്നായിരുന്നു.

ഗുരുവായൂർ ക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നുകൊടുക്കണമെന്ന ഗാന്ധിജിയുടെ അഭ്യർത്ഥന ക്ഷേത്രം ട്രസ്റ്റിയായിരുന്ന സാമൂതിരി നിരസിച്ചു. അതിനെതിരെ ഗുരുവായൂർ ക്ഷേത്രത്തിനുമുന്നിൽ കെ. കേളപ്പൻ നിരാഹാരസത്യഗ്രഹം തുടങ്ങി. പി. കൃഷ്ണപിള്ള,

എ.കെ. ഗോപാലൻ എന്നിവരും ഇതിന് നേതൃത്വം നൽകി. ഗാന്ധിജിയുടെ പിന്തുണയോടുകൂടി ആരംഭിച്ച സത്യഗ്രഹം എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിക്കാൻ കാരണമായി.

## അംബേദ്കറും പൂനാസന്ധിയും



ഡോ. ബി. ആർ. അംബേദ്കർ

ഇന്ത്യയിലെ അധഃസ്ഥിത ജനവിഭാഗങ്ങളെ രാഷ്ട്രീയമായി സംഘടിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരിൽ പ്രമുഖനായിരുന്നു ഡോ. ബി. ആർ. അംബേദ്കർ. അധഃസ്ഥിത വിഭാഗങ്ങളുടെ മോചനം രാഷ്ട്രീയ അധികാര പങ്കാളിത്തത്തിലൂടെ മാത്രമേ സാധ്യമാകുവെന്ന് അംബേദ്കർ തിരിച്ചറിഞ്ഞു. ഇതിനായി അദ്ദേഹം വട്ടമേശ സമ്മേളനങ്ങളിൽ പങ്കെടുക്കുകയും അയിത്തജാതിക്കാരുടെ സാമൂഹ്യ അവശതകൾ പരിഹരിക്കുന്നതിന് അവരെ രാഷ്ട്രീയ അധികാരത്തിൽ പങ്കാളികളാക്കണമെന്ന് ബ്രിട്ടീഷ് ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തു.

### വട്ടമേശ സമ്മേളനങ്ങൾ

ഇന്ത്യയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 1930, 1931, 1932 എന്നീ വർഷങ്ങളിൽ ബ്രിട്ടീഷ് ഗവൺമെന്റ് ലണ്ടനിൽ വട്ടമേശ സമ്മേളനങ്ങൾ സംഘടിപ്പിച്ചു. മൂന്ന് വട്ടമേശ സമ്മേളനങ്ങളിലും അംബേദ്കർ പങ്കെടുത്തു. ഗാന്ധിജി രണ്ടാം വട്ടമേശ സമ്മേളനത്തിലാണ് പങ്കെടുത്തത്.

അധഃസ്ഥിത ജനവിഭാഗത്തിന് പ്രത്യേക നിയോജകമണ്ഡലങ്ങൾ ബ്രിട്ടീഷ് ഗവൺമെന്റ് സംവരണം ചെയ്തു. അധഃസ്ഥിതർ പൊതുസമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തപ്പെടാൻ ഇത് കാരണമാകും എന്നതുകൊണ്ട് അവരെ പ്രത്യേക രാഷ്ട്രീയ വിഭാഗമായി പരിഗണിക്കുന്നതിനെ ഗാന്ധിജി എതിർത്തു. ബ്രിട്ടീഷ് ഗവൺമെന്റിന്റെ നയത്തിനെതിരെ ഗാന്ധിജി മരണംവരെ ഉപവസിക്കാൻ തീരുമാനിച്ചു. ഗാന്ധിജിയും അംബേദ്കറും തമ്മിൽ കൂടിക്കാഴ്ച നടന്നു. പ്രത്യേക നിയോജകമണ്ഡലങ്ങൾ ഉപേക്ഷിക്കുവാനും സംവരണമണ്ഡലങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് അധഃസ്ഥിതരുടെ രാഷ്ട്രീയ അവകാശപ്രശ്നം പരിഹരിക്കുവാനും തീരുമാനിച്ചു. ഇതാണ് പൂനാസന്ധി എന്നറിയപ്പെടുന്നത്. 1932-ലാണ് ഇത് നടന്നത്.

- പൂനാസന്ധിക്ക് ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാം? ചർച്ച ചെയ്യുക.

## ക്വിറ്റ് ഇന്ത്യാ സമരം




ബ്രിട്ടീഷ് ഭരണത്തിനെതിരായി ഇന്ത്യയിലുണ്ടായ പ്രധാനപ്പെട്ട ബഹുജനസമരമായിരുന്നു ക്വിറ്റ് ഇന്ത്യാ സമരം. 1942 ആഗസ്റ്റ് 8-ന് ബോംബെയിൽ നടന്ന അഖിലേന്ത്യാ കോൺഗ്രസ് സമ്മേളനത്തിലാണ് ക്വിറ്റ് ഇന്ത്യാ സമരം പ്രഖ്യാപിച്ചത്. എല്ലാ അധികാരങ്ങളും ഇന്ത്യക്കാർക്ക് കൈമാറി ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.



ബോംബെയിലെ കോൺഗ്രസ് സമ്മേളനത്തിൽ ഗാന്ധിജിയും നെഹ്റുവും

ഗാന്ധിജി തന്റെ പ്രസംഗത്തിൽ ഇപ്രകാരം ആഹ്വാനം ചെയ്തു.

"സ്വാതന്ത്ര്യത്തിൽ കുറഞ്ഞ യാതൊന്നും വേണ്ട, ഇതാ ഒരു മന്ത്രം, കൊച്ചുമന്ത്രം ഞാൻ നിങ്ങൾക്ക് തരുന്നു. അത് നിങ്ങളുടെ ഹൃദയത്തിൽ പതിപ്പിക്കണം. നിങ്ങളുടെ ഓരോ ശ്വാസവും അതിന് ആവിഷ്കാരം നൽകണം. ആ മന്ത്രമിതാണ്, "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക". നാം ഇന്ത്യയെ സ്വതന്ത്രയാക്കും അല്ലെങ്കിൽ ആ പരിശ്രമത്തിൽ മരിക്കും."


കസ്തൂർബാ ഗാന്ധി

കോൺഗ്രസിലെ ഒട്ടുമിക്ക നേതാക്കളെയും അറസ്റ്റു ചെയ്തു. പൂനയിലെ ആഗാഖാൻ കൊട്ടാരത്തിലെ ജയിലിലാണ് ഗാന്ധിജിയെയും ഭാര്യ കസ്തൂർബയേയും പാർപ്പിച്ചത്. ജയിൽവാസത്തിനിടയിൽ, 1944 ഫെബ്രുവരി 22-ന് കസ്തൂർബാ ഗാന്ധി മരിച്ചു. ജയിൽ വളപ്പിൽത്തന്നെ ശവസംസ്കാരം നടത്തി. ഒളിവിൽ കഴിഞ്ഞുകൊണ്ട് ക്വിറ്റ് ഇന്ത്യാസമരത്തിന് അരുണാ അസഫലി, ജയപ്രകാശ് നാരായണൻ തുടങ്ങിയവർ നേതൃത്വം നൽകി. അരുണാ അസഫലിയെ 'ക്വിറ്റ് ഇന്ത്യാ സമരനായിക' എന്ന് ഗാന്ധിജി വിശേഷിപ്പിച്ചു.


അരുണാ അസഫലി

നേതാക്കന്മാരുടെ അറസ്റ്റിൽ പ്രതിഷേധിച്ചുകൊണ്ട് നാടൊട്ടുക്കും പ്രകടനങ്ങൾ, ഹർത്താലുകൾ, കരിദിനം മുതലായവ നടന്നു. പ്രതിഷേധം ക്രമേണ കലാപങ്ങളായി മാറി. റയിൽവേ സ്റ്റേഷനുകൾ നശിപ്പിച്ചു, തീവണ്ടികൾ കത്തിച്ചു, സർക്കാരാഫീസുകൾ ചുട്ടുചാമ്പലാക്കി. വാർത്താവിനിമയബന്ധങ്ങൾ തകരാറിലാക്കി. തൊഴിലാളികൾ ഫാക്ടറികൾ വിട്ടിറങ്ങി. വിദ്യാർഥികൾ ക്ലാസുകൾ ബഹിഷ്കരിച്ചു.

ബ്രിട്ടീഷ് ഗവൺമെന്റ് അതിക്രൂരമായി സമരത്തെ അമർച്ച ചയ്തു.

1942 ആഗസ്റ്റ് 9-ന് ഹർത്താൽ ആചരിച്ചു കൊണ്ടാണ് ക്വിറ്റ് ഇന്ത്യാ സമരം കേരളത്തിൽ ആരംഭിച്ചത്. ഇതിൽ പങ്കെടുത്ത എം.പി നാരായണ മേനോൻ, കെ. കേളപ്പൻ, ഇ. മൊയ്തു മൗലവി, എ.വി. കുട്ടിമാളുഅമ്മ തുടങ്ങിയവരെ അറസ്റ്റുചെയ്തു. ആഗസ്റ്റ് 9 'ക്വിറ്റ് ഇന്ത്യാ ദിന'മായി ആചരിച്ചുവരുന്നു.



ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ സ്വഭാവം നിയമലംഘന സമരരീതിയിൽനിന്ന് എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു? ചർച്ച ചെയ്യുക.

**പട്ടിക പൂർത്തിയാക്കുക**

| ചിത്രങ്ങൾ | സ്വാതന്ത്ര്യസമര സംഭവം | പ്രധാനവിവരങ്ങൾ |
|---|---|---|
|  | ഉപ്പ് സത്യഗ്രഹം | • 1930<br>• ഗുജറാത്തിലെ ദണ്ഡി കടപ്പുറം<br>•<br>• |
|  | | •<br>•<br>•<br>• |

- സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട സംഭവങ്ങളെ കാലക്രമത്തിൽ രേഖപ്പെടുത്തുക.

| സംഭവങ്ങൾ | വർഷങ്ങൾ |
|---|---|
| | |
| | |
| | |
| | |
| | |
| | |

- ദണ്ഡിയാത്ര
- മലബാർ കലാപം
- വൈക്കം സത്യഗ്രഹം
- ക്വിറ്റ് ഇന്ത്യാ സമരം
- നിസ്സഹകരണപ്രസ്ഥാനം
- ചൗരിചൗരാ സംഭവം

1942
1947
1930
1921
1924
1920
1922

## സുഭാഷ് ചന്ദ്രബോസും ഇന്ത്യൻ നാഷണൽ ആർമിയും



സുഭാഷ് ചന്ദ്രബോസ്

ഇന്ത്യയുടെ സ്വാതന്ത്ര്യം ബ്രിട്ടീഷുകാരുടെ ഔദാര്യമല്ലെന്നും അത് പോരാടി നേടേണ്ടതാണെന്നുമായിരുന്നു സുഭാഷ് ചന്ദ്രബോസിന്റെ വിശ്വാസം. "നിങ്ങൾ എനിക്ക് രക്തം തരൂ. ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം", എന്ന പ്രഖ്യാപനത്തിലൂടെ സുഭാഷ് ചന്ദ്രബോസ് ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ ജനങ്ങളോട് ആഹ്വാനം ചെയ്തു. റാഷ് ബിഹാരി ബോസ് രൂപീകരിച്ച ഇന്ത്യൻ നാഷണൽ ആർമിയുടെ (INA) നേതൃത്വം സുഭാഷ് ചന്ദ്രബോസ് ഏറ്റെടുത്തു. ഇന്ത്യയുടെ മോചനമായിരുന്നു ഐ.എൻ.എ. യുടെ ലക്ഷ്യം.

ആസാദ് ഹിന്ദ് റേഡിയോയിലൂടെ സുഭാഷ് ചന്ദ്രബോസ് ഗാന്ധിജിയോട് ഇങ്ങനെ പറഞ്ഞു:

"ഇന്ത്യയുടെ അന്തിമമായ സ്വാതന്ത്ര്യയുദ്ധം ആരംഭിച്ചിരിക്കുന്നു. നമ്മുടെ രാഷ്ട്രപിതാവേ, ഇന്ത്യയുടെ മോചനത്തിനായുള്ള ഈ വിശുദ്ധയുദ്ധത്തിൽ ഞങ്ങൾ അങ്ങയുടെ അനുഗ്രഹാശിസ്സുകൾ തേടുന്നു."

ഗാന്ധിജി സുഭാഷ് ചന്ദ്രബോസിനെ നേതാജി എന്ന് വിശേഷിപ്പിച്ചിരുന്നു. 'ജയ് ഹിന്ദ്' എന്ന മുദ്രാവാക്യം സുഭാഷ് ചന്ദ്രബോസിന്റെ സംഭാവനയാണ്.


ക്യാപ്റ്റൻ ലക്ഷ്മി

## ഐ.എൻ.എ.യും മലയാളികളും

ഐ.എൻ.എ യുടെ വനിതാവിഭാഗം നേതാവായിരുന്നു മലയാളിയായ ക്യാപ്റ്റൻ ലക്ഷ്മി. സുഭാഷ് ചന്ദ്രബോസിന്റെ സമരങ്ങളിൽ ആകൃഷ്ടനായി ഐ.എൻ.എ. യിൽ ചേർന്ന ധീരനായ മലയാളിയാണ് വക്കം അബ്ദുൾ ഖാദർ. ബ്രിട്ടീഷ് ഗവൺമെന്റ് അദ്ദേഹത്തെ 26-ാമത്തെ വയസ്സിൽ തൂക്കിക്കൊന്നു. തൂക്കിലേറ്റുന്നതിനുമുമ്പുള്ള രാത്രിയിൽ അദ്ദേഹം വീട്ടിലേക്ക് അയച്ച കത്ത് വായിക്കൂ.

*എന്റെ പ്രിയപ്പെട്ട പിതാവേ,*

*ഞാൻ എന്നന്നേക്കുമായി നിങ്ങളെ വിട്ടുപിരിയും. നാളെ രാവിലെ 6 മണിക്ക് മുമ്പായിരിക്കും എന്റെ എളിയ മരണം. ഇന്ന് രാത്രി പന്ത്രണ്ട് മണി അടിക്കാൻ പോകുമ്പോൾ എന്റെ മരണദിനത്തിന്റെ ആരംഭനിമിഷം കാണിക്കുന്ന അടയാളശബ്ദം സൂചിപ്പിക്കുവാൻ പോകുന്നു.*

*അതേ, റമളാൻ മാസത്തിലെ എഴാം ദിവസമായ വെള്ളിയാഴ്ച രാവിലെ അഞ്ചുമണിക്കും ആറുമണിക്കും മധ്യേ ഞാൻ മരിക്കും.*

*വന്ദ്യനായ പിതാവേ, വാത്സല്യനിധിയായ ഉമ്മാ, ഏറ്റവും പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ എനിക്കൊരാശ്വാസവചനവും നിങ്ങളോട് പറയുവാനില്ല. ഞാൻ നിങ്ങളെ വിട്ടുപിരിയുന്നു. എന്നെപ്പറ്റി ദുഃഖിക്കരുത്.*

*ഞാൻ എത്രത്തോളം ധൈര്യത്തോടും സന്തോഷത്തോടും സമാധാനത്തോടും കൂടിയാണ് മരിച്ചതെന്ന് നിങ്ങൾ ഒരവസരത്തിൽ ചില ദൃക്സാക്ഷികളിൽനിന്നും അറിയാൻ ഇടയാകുമ്പോൾ തീർച്ചയായും നിങ്ങൾ സന്തോഷിക്കാതിരിക്കുകയില്ല. അഭിമാനിക്കുക തന്നെ ചെയ്യും.*

*ഞാൻ നിർത്തട്ടെ.*

*വാത്സല്യമകൻ,*
*മുഹമ്മദ് അബ്ദുൾ ഖാദർ*

സ്വാതന്ത്ര്യത്തിനുവേണ്ടി ജീവത്യാഗം ചെയ്ത അനേകം വ്യക്തികളിൽ ഒരാളായ കേരളീയനായ വക്കം അബ്ദുൾ ഖാദറിന്റെ ധൈര്യവും ദേശാഭിമാനവും നമുക്ക് ആവേശം പകരുന്നതാണ്.

സായുധസമരത്തിലൂടെ സ്വാതന്ത്ര്യം നേടാനുള്ള ഐ.എൻ.എ.യുടെ ശ്രമങ്ങളെ ബ്രിട്ടീഷ് ഗവൺമെന്റ് അടിച്ചമർത്തി.



സുഭാഷ് ചന്ദ്രബോസിന്റെ സമരരീതികൾ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ചെലുത്തിയ സ്വാധീനം വ്യക്തമാക്കുക.

**ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന സമരങ്ങളുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക**

| സമരങ്ങൾ | സമരരീതികൾ/പ്രത്യേകതകൾ |
|---|---|
| ചമ്പാരൻ സമരം | • സത്യഗ്രഹ സമരം<br>• കർഷകരുടെ പ്രശ്നങ്ങളിൽ ഇടപ്പെട്ടു<br>• വെള്ളക്കാരുടെ ചൂഷണത്തിനെതിരെ യുള്ള സമരം |
| ഖേഡ സമരം | •<br>•<br>• |
| തുണിമിൽ സമരം (അഹമ്മദാബാദ്) | •<br>•<br>• |
| റൗലത്ത് നിയമത്തിനെതിരെയുള്ള സമരം | •<br>•<br>• |
| നിസ്സഹകരണ സമരം | •<br>•<br>• |
| ഉപ്പുസത്യഗ്രഹം | •<br>•<br>• |
| ക്വിറ്റ് ഇന്ത്യാ സമരം | •<br>•<br>• |

പൂർത്തിയാക്കിയ പട്ടിക അപഗ്രഥിച്ച് ഗാന്ധിയൻ സമരങ്ങളുടെ പൊതുവായ പ്രത്യേകത കൾ കണ്ടെത്തുക.

## മുഹമ്മദലി ജിന്നയും പാകിസ്ഥാൻ വാദവും

സർവേന്ത്യാ മുസ്ലിം ലീഗ് രൂപീകരിച്ച കാര്യം ചർച്ച ചെയ്തല്ലോ. 1940-ൽ മുസ്ലിം ലീഗിന്റെ സമ്മേളനം ലാഹോറിൽ നടന്നു. മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങൾ ഉൾപ്പെടുത്തി പാകിസ്ഥാൻ എന്ന പേരിലുള്ള ഒരു രാഷ്ട്രം രൂപീകരിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ഇന്ത്യയിലെ മുസ്ലിങ്ങളെ പ്രതിനിധീകരിക്കുന്ന ഏക സംഘടന മുസ്ലിംലീഗാണെന്നും കോൺഗ്രസിന് നൽകുന്നതുപോലുള്ള പരിഗണന മുസ്ലിം ലീഗിനും നൽകണമെന്നും മുഹമ്മദലി ജിന്ന അഭിപ്രായപ്പെട്ടു. "ഭിന്നിപ്പിച്ചു ഭരിക്കുക" എന്ന തന്ത്രത്തിന്റെ ഭാഗമായി ബ്രിട്ടീഷ് ഗവൺമെന്റ് മുസ്ലിം ലീഗിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പിന്തുണ നൽകി.

ഇന്ത്യയുടെ പുതിയ വൈസ്രോയിയായി നിയമിതനായ മൗണ്ട് ബാറ്റൺപ്രഭു കോൺഗ്രസിന്റെയും സർവേന്ത്യാ മുസ്ലിം ലീഗിന്റെയും നേതാക്കളുമായി ദീർഘമായ ചർച്ച നടത്തുകയും ഒത്തുതീർപ്പ് പദ്ധതികൾ തീരുമാനിക്കുകയും ചെയ്തു. "ബ്രിട്ടീഷ് ഇന്ത്യയെ വിഭജിക്കുക. സ്വതന്ത്ര ഇന്ത്യയോടൊപ്പം പുതിയ ഒരു രാജ്യമായി പാകിസ്ഥാൻ രൂപീകരിക്കുക" എന്ന തീരുമാനം മൗണ്ട്ബാറ്റൺ പ്രഭു പ്രഖ്യാപിച്ചു.

ചരിത്രത്തിൽ സമാനതകളില്ലാത്ത ഇന്ത്യൻ സ്വാതന്ത്ര്യസമരം ഒരു ബഹുജനസമരമായിരുന്നു. വിവിധ വിഭാഗം ജനങ്ങളെ ബ്രിട്ടീഷ് ഭരണത്തിനെതിരെ ഒന്നിച്ചണിനിരത്താൻ ഗാന്ധിജിക്ക് കഴിഞ്ഞു. സത്യം, അഹിംസ എന്നിവയിലൂന്നിയ സഹനസമരത്തിലൂടെ വർഷങ്ങൾ നീണ്ടുനിന്ന ബ്രിട്ടീഷ് ഭരണത്തിന് അന്ത്യം കുറിക്കാൻ ഗാന്ധിജിയുടെ നേതൃത്വത്തിന് സാധിച്ചു.

## സ്വാതന്ത്ര്യ പുലരിയിലേക്ക്

1947 ആഗസ്റ്റ് 14 അർദ്ധരാത്രിയിൽ ജവഹർലാൽ നെഹ്റു പ്രഖ്യാപിച്ചു.
"വർഷങ്ങൾക്കുമുമ്പ് നാം വിധിയുമായി ഒരു കൂടിക്കാഴ്ച നടത്തി.
ആ പ്രതിജ്ഞ പൂർണ്ണമല്ലെങ്കിലും സുപ്രധാനമായി തന്നെ നമ്മൾ നിറവേറ്റിയ സമയമായിരിക്കുന്നു.
ഇന്ന് പാതിരാമണി മുഴങ്ങുമ്പോൾ ഇന്ത്യ ഉണർന്നെഴുന്നേൽക്കും.
പുതുജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും...
ആ നിമിഷം ഇതാ സമാഗമമാകുന്നു.
ഈ നിമിഷം ചരിത്രത്തിൽ അപൂർവ്വമാണ്.
പഴമയിൽനിന്ന് നമ്മൾ പുതുലോകത്തിലേക്ക് വരുന്നു.
ഒരു യുഗം അവസാനിക്കുന്നു.
ദീർഘനാളായി അടിച്ചമർത്തപ്പെട്ടിരുന്ന ഒരു രാഷ്ട്രത്തിന്റെ ആത്മാവ് ശബ്ദിക്കുന്നു.
ഈ അപൂർവ്വ നിമിഷത്തിൽ ഇന്ത്യയുടെയും ഇവിടത്തെ
ജനങ്ങളുടെയും മനുഷ്യരാശിയുടെയും ആകെത്തന്നെയും
സേവനത്തിനായി സ്വയം അർപ്പിച്ചുകൊണ്ട് നമുക്ക്
പ്രതിജ്ഞചെയ്യാം."


ജവഹർലാൽ നെഹ്റു

1947 ആഗസ്റ്റ് 15-ന് സ്വതന്ത്ര ഇന്ത്യയിലെ ആദ്യ പ്രധാനമന്ത്രിയായി ജവഹർലാൽ നെഹ്റു അധികാരമേറ്റു.

ഒരു ജനതയുടെ സ്വപ്നം യാഥാർത്ഥ്യമായി.

***

## സംഗ്രഹം

- ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ മൂന്നാം ഘട്ടം (1919 മുതൽ 1947 വരെ) ഗാന്ധിയൻ കാലഘട്ടം എന്നറിയപ്പെടുന്നു.
- ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെ ഒരു ബഹുജനപ്രസ്ഥാനമാക്കി മാറ്റുന്നതിൽ ഗാന്ധിജിയുടെ നേതൃത്വം സുപ്രധാന പങ്കുവഹിച്ചു.
- സത്യം, അഹിംസ എന്നിവയായിരുന്നു ഗാന്ധിജിയുടെ സമരത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ.
- നിസ്സഹകരണ പ്രസ്ഥാനം, നിയമലംഘന പ്രസ്ഥാനം, ക്വിറ്റിന്ത്യാ സമരം എന്നിവ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ പ്രധാന ബഹുജനമുന്നേറ്റങ്ങളായിരുന്നു.
- അയിത്തോച്ചാടനത്തിന്റെ ഭാഗമായാണ് കേരളത്തിൽ വൈക്കം സത്യഗ്രഹവും ഗുരുവായൂർ സത്യഗ്രഹവും നടന്നത്.
- ഗാന്ധിയൻ സമരരീതിയിൽനിന്നും വ്യത്യസ്തമായ പല സമരരീതികളും ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ ഉണ്ടായിരുന്നു.
- സായുധസമരത്തിലൂടെ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടാം എന്ന ലക്ഷ്യത്തോടെ സുഭാഷ് ചന്ദ്രബോസ് ഇന്ത്യൻ നാഷണൽ ആർമിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.
- 1947 ആഗസ്റ്റ് 15-ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുകയും ബ്രിട്ടീഷ് ഇന്ത്യയെ ഇന്ത്യ, പാകിസ്ഥാൻ എന്നീ രാജ്യങ്ങളായി വിഭജിക്കുകയും ചെയ്തു.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- 1919 മുതൽ 1947 വരെയുള്ള സ്വാതന്ത്ര്യസമരകാലം ഗാന്ധിയൻ കാലഘട്ടമാണെന്ന് വിലയിരുത്തുന്നു.
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിയൻ സമര രീതികളുടെ പ്രത്യേകതകളും സ്വാധീനവും വിശകലനം ചെയ്യുന്നു.
- സ്വാതന്ത്ര്യം കാത്ത് സൂക്ഷിക്കേണ്ടത് ഓരോ ഇന്ത്യാക്കാരന്റെയും കടമയാണന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നു.

## വിലയിരുത്താം

- 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം മുതൽ 1942-ലെ ക്വിറ്റ് ഇന്ത്യാ സമരംവരെയുള്ള സമരരീതികൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.
- കേരളത്തിൽ നടന്ന സ്വാതന്ത്ര്യസമരങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

- പട്ടിക പൂർത്തിയാക്കുക

| സ്വാതന്ത്ര്യസമര സംഭവങ്ങൾ | പ്രദേശങ്ങൾ | സംസ്ഥാനങ്ങൾ |
|---|---|---|
| ജാലിയൻവാലാബാഗ് കൂട്ടക്കൊല | അമൃത്സർ | ........................................ |
| ........................................ | മലബാർ | കേരളം |
| ........................................ | ചമ്പാരൻ | ........................................ |
| തുണിമിൽ സമരം | ........................................ | ഗുജറാത്ത് |
| ഉപ്പ് സത്യഗ്രഹം | പയ്യന്നൂർ | ........................................ |

## തുടർപ്രവർത്തനങ്ങൾ



- ഗാന്ധിജിയുമായി ബന്ധപ്പെട്ട് നാം ആചരിക്കുന്ന ദിനങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.




ഈ ദിനങ്ങളുടെ പ്രാധാന്യം കണ്ടെത്തൂ.

ഓരോ ദിനാചരണത്തിന്റെയും ഭാഗമായി വിദ്യാലയത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുക.

- സ്വാതന്ത്ര്യസമര നേതാക്കളുടെ ആൽബം തയ്യാറാക്കാം.
- 'സ്വാതന്ത്ര്യസമര ക്വിസ്' സംഘടിപ്പിക്കുക.
- ഗാന്ധിജിയുടെ ചിത്രമുള്ള തപാൽ സ്റ്റാമ്പുകൾ ശേഖരിച്ച് സ്റ്റാമ്പ് ആൽബം തയ്യാറാക്കുക.
- ഗാന്ധിജിയെക്കുറിച്ചുള്ള കവിതകൾ ശേഖരിക്കുക, ക്ലാസിൽ ചൊല്ലുക.
- ഗാന്ധിജിയുടെ വചനങ്ങളും ഗാന്ധിജിയെക്കുറിച്ചുള്ള മഹാന്മാരുടെ ഉദ്ധരണികളും ശേഖരിക്കുക.
- സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് നിങ്ങളുടെ പ്രദേശങ്ങളിൽനടന്ന സംഭവങ്ങളെക്കുറിച്ച് മുതിർന്നവരോട് ചോദിച്ച് വിവരശേഖരണം നടത്തുക.
- സ്വാതന്ത്ര്യസമരസേനാനികളുമായി അഭിമുഖം സംഘടിപ്പിക്കുക.
- സ്വാതന്ത്ര്യസമരത്തിലെ പ്രധാന സംഭവങ്ങൾക്ക് ദൃശ്യാവിഷ്കാരം നൽകുക.
- ഗാന്ധി സിനിമകളുടെ പ്രദർശനം സംഘടിപ്പിക്കുക.
- ഗാന്ധിജിയുടെ കേരള സന്ദർശനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.
- ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന പ്രധാന ദേശീയ സമരങ്ങൾ-സെമിനാർ സംഘടിപ്പിക്കുക.
- സ്വാതന്ത്ര്യസമര നേതാക്കളുടെ വിശേഷണങ്ങൾ പട്ടികരൂപത്തിൽ തയ്യാറാക്കുക.

| സ്വാതന്ത്ര്യസമര നേതാക്കൾ | വിശേഷണങ്ങൾ |
|---|---|
|  | മഹാത്മ |
|  | |
|  | |
|  | ഇന്ത്യയുടെ വാനമ്പാടി |
|  | |



# 10 നമ്മുടെ ഭരണഘടന

### രാജ്യം വർണ്ണാഭമായി റിപ്പബ്ലിക് ദിനം ആഘോഷിച്ചു

ന്യൂഡൽഹി: രാജ്യം 65-ാമത് റിപ്പബ്ലിക് ദിനം വർണ്ണാഭമായി ആഘോഷിച്ചു. രാഷ്ട്രത്തിനുവേണ്ടി ജീവൻ ബലികഴിച്ച ജവാൻമാരെ സ്മരിച്ചുകൊണ്ട് അമർജവാൻ ജ്യോതിയിൽ പ്രധാനമന്ത്രി പുഷ്പചക്രം അർപ്പിച്ചു. വിശിഷ്ടാതിഥിയോടൊപ്പമെത്തിയ രാഷ്ട്രപതി ദേശീയപതാക ഉയർത്തി. തുടർന്ന് അവാർഡുകൾ വിതരണം ചെയ്യുകയും സായുധസേനാവിഭാഗങ്ങളുടെ സല്യൂട്ട് സ്വീകരിക്കുകയും ചെയ്തു. രാജ്പഥിലൂടെ നീങ്ങിയ റിപ്പബ്ലിക്ദിനപരേഡ് ഇന്ത്യയുടെ കരുത്തും സാംസ്കാരിക വൈവിധ്യവും വിളിച്ചോതുന്നതായിരുന്നു. ആധുനിക യുദ്ധോപകരണങ്ങൾ, വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഫ്ളോട്ടുകൾ, കലാപ്രകടനങ്ങൾ എന്നിവയാൽ സമ്പന്നമായിരുന്നു റിപ്പബ്ലിക്ദിനപരേഡ്.



റിപ്പബ്ലിക് ദിനാഘോഷം - വിവിധ ദൃശ്യങ്ങൾ

ഇന്ത്യയുടെ തലസ്ഥാനനഗരമായ ന്യൂഡൽഹിയിൽ നടന്ന പ്രൗഢഗംഭീരമായ റിപ്പബ്ലിക്ദിനാഘോഷചടങ്ങുകളുടെ പത്രവാർത്തയും ചിത്രങ്ങളും ശ്രദ്ധിച്ചല്ലോ. എന്നാണ് നാം റിപ്പബ്ലിക്ദിനമായി ആഘോഷിക്കുന്നത്? എന്താണ് റിപ്പബ്ലിക്?

എല്ലാ വർഷവും ജനുവരി 26 നാം റിപ്പബ്ലിക്ദിനമായി ആഘോഷിക്കുന്നു. 1950 ജനുവരി 26-നാണ് ഇന്ത്യൻ ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്നത്. ഭരണഘടന നിലവിൽ വന്നതോടുകൂടി ഇന്ത്യ ഒരു റിപ്പബ്ലിക് ആയി മാറി. തിരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തി രാഷ്ട്രത്തലവനായുള്ള സംവിധാനമാണ് റിപ്പബ്ലിക്. ഇന്ത്യയുടെ രാഷ്ട്രതലവനായ പ്രസിഡന്റ്, തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയായിരിക്കണമെന്ന് ഭരണഘടന പ്രഖ്യാപിക്കുന്നു. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ആരാണ്? കണ്ടെത്തൂ.



ഡോ. രാജേന്ദ്ര പ്രസാദ് ഭരണഘടനയിൽ ഒപ്പ് വെയ്ക്കുന്നു

## ഭരണഘടന (Constitution)

**ഇന്ത്യൻ ഭരണഘടന - ഉള്ളടക്കം**

- ആമുഖം (Preamble)
- 395 അനുച്ഛേദങ്ങൾ (Articles)
- 12 പട്ടികകൾ (Schedules)
- 22 ഭാഗങ്ങൾ (Parts)
- 98 ഭേദഗതികൾ (മേയ് 2013 വരെ) (Amendments)

എന്താണ് ഭരണഘടന? ഒരു രാഷ്ട്രത്തിന്റെ അടിസ്ഥാന ആശയങ്ങളും തത്ത്വങ്ങളും നിയമങ്ങളും അടങ്ങുന്ന ആധികാരികപ്രമാണമാണ് ഭരണഘടന. രാഷ്ട്രത്തിന്റെ ഭരണം നടത്തുന്നതിനുള്ള നിയമങ്ങൾ ആവിർഭവിക്കുന്നത് ഭരണഘടനയിൽനിന്നാണ്. ഏതൊരു രാഷ്ട്രത്തിലും ഭരണം നടക്കുന്നത് ഒരു ഭരണഘടനയുടെ അടിസ്ഥാനത്തിലാണ്.

2 വർഷവും 11 മാസവും 17 ദിവസവുമാണ് ഇന്ത്യയുടെ ഭരണഘടനാരൂപീകരണത്തിനായി വേണ്ടി വന്നത്.

ജനാധിപത്യരാഷ്ട്രങ്ങളിൽ ജനങ്ങളുടെ താൽപര്യമനുസരിച്ചാണ് ഭരണഘടന രൂപീകരിക്കുന്നതും അതിൽ മാറ്റം വരുത്തുന്നതും. തികച്ചും ജനാധിപത്യപരമായ ഒരു പ്രക്രിയയിലൂടെയാണ് ഇന്ത്യൻ ഭരണഘടന രൂപീകരിക്കപ്പെട്ടതെന്നത് നമുക്കേറ്റവും അഭിമാനകരമാണ്. സ്വാതന്ത്ര്യസ്മരത്തോടൊപ്പം ഇന്ത്യയിലങ്ങോളമിങ്ങോളം നടന്ന ചർച്ചകളുടെയും സംവാദങ്ങളുടെയും ഫലമായി ഉയർന്നു വന്ന ആശയങ്ങളുടെയും സങ്കൽപ്പങ്ങളുടെയും പ്രതിഫലനമാണ് ഇന്ത്യൻ ഭരണഘടന.


## ഇന്ത്യൻ ഭരണഘടനാനിർമ്മാണം

ഭരണഘടനാ നിർമ്മാണസഭ രൂപീകരിച്ചുകൊണ്ടാണ് ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണപ്രവർത്തനം ആരംഭിച്ചത്. ഭരണഘടനാ നിർമ്മാണസഭയുടെ ആദ്യസമ്മേളനം 1946 ഡിസംബർ 9-ന് ചേർന്നു. ഡോ. സച്ചിദാനന്ദ സിൻഹയായിരുന്നു താൽക്കാലിക അദ്ധ്യക്ഷൻ. തുടർന്ന് ഡോ. രാജേന്ദ്രപ്രസാദിനെ ഭരണഘടനാ നിർമ്മാണസഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുത്തു. നിരവധി കമ്മിറ്റികൾ രൂപീകരിച്ചാണ് ഭരണഘടനാനിർമ്മാണസഭ പ്രവർത്തനം തുടങ്ങിയത്. ഇത്തരം കമ്മിറ്റികളിൽ ഒന്നാണ് ഭരണഘടനയുടെ കരട് തയ്യാറാക്കുന്നതിനുവേണ്ടി രൂപീകരിച്ച ഭരണഘടനാഡ്രാഫ്റ്റിംഗ് കമ്മിറ്റി. ഈ കമ്മിറ്റിയുടെ അധ്യക്ഷൻ



ഡോ. ബി. ആർ. അംബേദ്കർ

ഡോ.ബി.ആർ. അംബേദ്കർ ആയിരുന്നു. അദ്ദേഹം ഇന്ത്യൻ ഭരണഘടനയുടെ ശില്പി എന്നാണ് അറിയപ്പെടുന്നത്.



ജവഹർലാൽ നെഹ്റു ഭരണഘടനയിൽ ഒപ്പുവെയ്ക്കുന്നു

ഭരണഘടനാ നിർമ്മാണസഭ അംഗീകരിച്ച വിവിധ കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഡോ. അംബേദ്കറുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ഭരണഘടനയുടെ ഒരു ഡ്രാഫ്റ്റ് (കരട്) തയ്യാറാക്കി. വിശദമായ ചർച്ചകൾക്കും സംവാദങ്ങൾക്കും ശേഷം ഭരണഘടനാനിർമ്മാണ സഭ 1949 നവംബർ 26 ന് ഭരണഘടനക്ക് അംഗീകാരം നൽകി. ഈ ദിനം ഭരണഘടനാദിനമായി ആചരിക്കുന്നു. എന്നാൽ ഭരണഘടന ഔദ്യോഗികമായി നിലവിൽവന്നത് 1950 ജനുവരി 26-നാണ്. അന്നു മുതൽ ഇന്ത്യ ഒരു പരമാധികാര ജനാധിപത്യ റിപ്പബ്ലിക് ആയിമാറി.



ഏതെല്ലാം ഘട്ടങ്ങളിലൂടെയാണ് ഇന്ത്യയുടെ ഭരണഘടന രൂപപ്പെട്ടത്?

## ഭരണഘടനയുടെ ആമുഖം (Preamble)

ഇനി നമുക്ക് ഭരണഘടനയുടെ ആമുഖം പരിശോധിക്കാം.

### ഭാരതത്തിൻെറ ഭരണഘടന

**ആമുഖം**

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1] **[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ളിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരൻമാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും** ;

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും** ;

പദവിയിലും അവസരത്തിലും **സമത്വവും** ;

സംപ്രാപ്തമാക്കുവാനും ;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിൻെറ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും ;

സഗൗരവം തീരുമാനിച്ചിരിക്കയാൽ ;

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

1. 1976-ലെ ഭരണഘടന (നാൽപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ളിക് " എന്നതിന് പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ്, 2-ാംവകുപ്പു പ്രകാരം "രാഷ്ട്രത്തിൻെറ ഐക്യം" എന്നതിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം

3/194/2007—4A

നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന ആദർശങ്ങളും മൂല്യങ്ങളും പ്രതിഫലിക്കുന്നതാണ് അതിന്റെ ആമുഖം.

ഭരണഘടനയുടെ ആമുഖം കാവ്യാത്മകശൈലിയിൽ എഴുതിയത് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു ആണ്. ഇന്ത്യൻ ഭരണഘടനയുടെ സത്തയും ഭരണഘടനയുടെ താക്കോലുമാണ് ആമുഖമെന്ന് പറയാം. ഭരണഘടനയുടെ ഉദ്ദേശ്യവും ലക്ഷ്യവും ആമുഖത്തിൽ വ്യക്തമാക്കുകയും കൃത്യമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ഭരണഘടനയുടെ ആമുഖത്തിൽ സൂചിപ്പിച്ചിട്ടുള്ള അടിസ്ഥാന ലക്ഷ്യങ്ങൾ വ്യക്തമാക്കുന്ന ഡയഗ്രം നോക്കൂ.





ആമുഖത്തിൽനിന്ന് ഭരണഘടനയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ പരിചയപ്പെട്ടല്ലോ. ഇവ വിശദമായി ക്ലാസിൽ ചർച്ച ചെയ്യൂ. ആമുഖത്തിൽ നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങി പൗരൻമാർക്ക് രാഷ്ട്രം ഉറപ്പുവരുത്തേണ്ട ലക്ഷ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.



ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ നമ്മുടെ നേതാക്കൾ ഉന്നയിച്ച എന്തെല്ലാം ആശയങ്ങളാണ് ഭരണഘടനയുടെ ആമുഖത്തിൽ ഉൾക്കൊണ്ടിരിക്കുന്നത്?

## ഇന്ത്യൻ ഭരണഘടനയുടെ പ്രധാന സവിശേഷതകൾ

ഇന്ത്യൻ ഭരണഘടനയുടെ പ്രധാന സവിശേഷതകൾ ചുവടെ തന്നിരിക്കുന്നു. അവ ശ്രദ്ധിക്കൂ.




ഓരോ സവിശേഷതയുടെയും വിശദാംശങ്ങൾ നോക്കാം.

## പാർലമെന്ററി ഭരണസമ്പ്രദായം

ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത് പാർലമെന്ററി ജനാധിപത്യഭരണ സമ്പ്രദായമാണ്. എന്താണ് പാർലമെന്ററി ജനാധിപത്യഭരണസമ്പ്രദായം? രാജ്യഭരണത്തിനുവേണ്ടി ജനങ്ങൾ തങ്ങളുടെ പ്രതിനിധികളെ പ്രായപൂർത്തിവോട്ടവകാശത്തിലൂടെ തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവർ ചേർന്ന് ഒരു ജനപ്രതിനിധിസഭയായി പ്രവർത്തിക്കുന്നു. ഈ പ്രതിനിധിസഭ പാർലമെന്റ് എന്ന പേരിലാണറിയപ്പെടുന്നത്. ജനങ്ങൾ തിരഞ്ഞെടുത്ത പ്രതിനിധിസഭയിലൂടെ ഭരണം നടത്തുന്ന സംവിധാനമാണ് പാർലമെന്ററി ഭരണസമ്പ്രദായം. നിയമനിർമ്മാണമാണ് പാർലമെന്റിന്റെ പ്രധാന ചുമതല.

ഇന്ത്യയിൽ പാർലമെന്ററി ഭരണസമ്പ്രദായപ്രകാരം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധി സഭകളുണ്ട്. കേന്ദ്രത്തിൽ പാർലമെന്റ് പോലെ സംസ്ഥാനങ്ങളിൽ സംസ്ഥാന നിയമസഭകളുണ്ട്. പാർലമെന്റിൽ ഭൂരിപക്ഷം നഷ്ടമായാൽ പ്രധാനമന്ത്രിയ്ക്കും മറ്റ് മന്ത്രിമാർക്കും, സംസ്ഥാന നിയമസഭയിൽ ഭൂരിപക്ഷം നഷ്ടമായാൽ മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും അധികാരത്തിൽ തുടരാനാവില്ല. ഭരണാധികാരികളുടെ മേൽ ജനങ്ങൾക്കുള്ള അധികാരവും നിയന്ത്രണവും അവർ തിരഞ്ഞെടുക്കുന്ന പ്രതിനിധികളിലൂടെ പാർലമെന്ററി ഭരണസമ്പ്രദായം ഉറപ്പാക്കുന്നു. ഇതിൽനിന്നും വ്യത്യസ്തമായി ജനങ്ങൾ നേരിട്ട് ഭരണത്തലവനെ തിരഞ്ഞെടുക്കുന്ന സംവിധാനമാണ് പ്രസിഡൻഷ്യൽ സമ്പ്രദായം. അമേരിക്കൻ ഐക്യനാടുകൾ, ഫ്രാൻസ് എന്നിവ ഇതിനുദാഹരണങ്ങളാണ്.



പ്രസിഡൻഷ്യൽ സമ്പ്രദായത്തിൽ നിന്ന് പാർലമെന്ററി സംവിധാനം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

### മൗലികാവകാശങ്ങൾ (Fundamental Rights)

ജനാധിപത്യത്തിന്റെ വിജയത്തിനും പൗരൻമാരുടെ സമ്പൂർണ്ണ വികാസത്തിനും വേണ്ടി ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങളാണ് മൗലികാവകാശങ്ങൾ. മൗലികാവകാശങ്ങൾ പൗരന്മാർക്ക് നിഷേധിക്കാതിരിക്കാൻ ഗവൺമെന്റുകൾക്ക് ഉത്തരവാദിത്വമുണ്ട്. മൗലികാവകാശങ്ങൾ ലംഘിക്കപ്പെടുകയാണെങ്കിൽ പൗരന് ഹൈക്കോടതികളെയോ സുപ്രീം കോടതിയേയോ സമീപിക്കാവുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ കോടതിക്ക് പൗരന്റെ അവകാശസംരക്ഷണത്തിനായി ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള അവകാശം ഭരണഘടന നൽകുന്നു.



**മൗലികാവകാശങ്ങൾ**

- സമത്വത്തിനുള്ള അവകാശം
- സ്വാതന്ത്ര്യത്തിനുള്ള അവകാശം
- ചൂഷണത്തിനെതിരെയുള്ള അവകാശം
- മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
- സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം
- ഭരണഘടനാപരമായ പരിഹാരത്തിനുള്ള അവകാശം

പൊതുവിദ്യാലയങ്ങളിൽ കാണുന്ന ഈ ചിത്രം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ.




ഈ ചിത്രം എന്തിനെയാണ് സൂചിപ്പിക്കുന്നത്. 6 മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം മൗലികാവകാശമാണ്. ഭരണഘടനയുടെ അനുച്ഛേദം 21 (a) യിലാണ് വിദ്യാഭ്യാസാവകാശം ഉൾപ്പെടുത്തിയിട്ടുള്ളത്. എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടത് രാഷ്ട്രത്തിന്റെ ഉത്തരവാദിത്തമാണ്. ഈ ഉത്തരവാദിത്തം നിറവേറ്റുന്നതിനുള്ള സർക്കാരിന്റെ പദ്ധതികളിൽ ഒന്നായ സർവ ശിക്ഷാ അഭിയാന്റെ ലോഗോയാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

വായനാസാമഗ്രികളുടെ സഹായത്തോടെ മൗലികാവകാശങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു സെമിനാർ സംഘടിപ്പിക്കൂ.

### മൗലിക കർത്തവ്യങ്ങൾ (Fundamental Duties)

ഇന്ത്യൻ ഭരണഘടനയിൽ പൗരന്റെ അവകാശങ്ങൾ ഉറപ്പു നൽകിയിട്ടുള്ളതുപോലെ മൗലിക കർത്തവ്യങ്ങളും പ്രതിപാദിച്ചിട്ടുണ്ട്.

ഓരോ പൗരനും ഉറപ്പായി നിറവേറ്റേണ്ട കർത്തവ്യങ്ങളാണ് മൗലിക കർത്തവ്യങ്ങൾ എന്ന പേരിൽ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഭരണഘടനയെയും ഭരണസ്ഥാപനങ്ങളെയും ആദരിക്കാനും പ്രകൃതിയെ സംരക്ഷിക്കാനും ഇന്ത്യയുടെ മഹത്തായ സാംസ്കാരിക പാരമ്പര്യം കാത്തുസൂക്ഷിക്കാനും മൗലിക കർത്തവ്യങ്ങൾ പൗരന്മാരെ പ്രേരിപ്പിക്കുന്നു. ഓരോ പൗരനും അവകാശങ്ങളനുഭവിക്കുന്നതിനൊപ്പം കർത്തവ്യങ്ങൾ നിർവഹിക്കുകയും ചെയ്യുമ്പോഴാണ് സമൂഹം സുഗമമായി മുന്നോട്ടു നീങ്ങുന്നത്. അവകാശങ്ങളും കർത്തവ്യങ്ങളും ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെയാണ്. കടമകൾ കൂടാതെ അവകാശങ്ങൾക്ക് നിലനില്പ്പില്ല.

ഇന്ത്യൻ ഭരണഘടനയിലെ മൗലിക കർത്തവ്യങ്ങൾ അതിന്റെ പൂർണ്ണരൂപത്തിൽ നിങ്ങളുടെ വിവിധ പാഠപുസ്തകങ്ങളിൽ നൽകിയിട്ടുണ്ട്. അവ കണ്ടെത്തി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

### നിർദ്ദേശകതത്ത്വങ്ങൾ (Directive Principles of State Policy)

താഴെ കൊടുത്തിരിക്കുന്ന വാർത്താകൊളാഷ് ശ്രദ്ധിക്കൂ.




ഈ വാർത്താകൊളാഷ് വിശകലനം ചെയ്താൽ കണ്ടെത്താവുന്ന നിർദ്ദേശകതത്ത്വങ്ങൾ ഏതൊക്കെയെന്ന് നോക്കാം.

- സ്ത്രീപുരുഷ ഭേദമെന്യേ എല്ലാവർക്കും തുല്യജോലിക്ക് തുല്യവേതനം അനുവദിക്കുക.
- രാജ്യത്തെ വനങ്ങളെയും വന്യജീവികളെയും പരിരക്ഷിച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷിക്കുക.
- ദേശീയപ്രാധാന്യവും ചരിത്രപരമായ മൂല്യവുമുള്ള എല്ലാ സ്മാരകങ്ങളും സംരക്ഷിക്കുക.
- സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ നീതിയിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥിതി കെട്ടിപ്പടുത്തുകൊണ്ട് ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുക.

സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള ഒരു കൂട്ടം തത്ത്വങ്ങൾ രാഷ്ട്രഭരണത്തിനുള്ള നിർദേശങ്ങളായി നമ്മുടെ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയാണ് നിർദ്ദേശകതത്ത്വങ്ങൾ. ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതാനും നിർദ്ദേശകതത്ത്വങ്ങളാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്.

ജനങ്ങളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കും രാഷ്ട്രപുരോഗതിക്കും നിർദ്ദേശകതത്ത്വങ്ങൾ പിൻതുടരേണ്ടതുണ്ട്. നിയമനിർമ്മാണപ്രക്രിയയിലൂടെ ഗവൺമെന്റ് നിർദ്ദേശകതത്ത്വങ്ങൾ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. മൗലികാവകാശങ്ങൾ ഹനിക്കപ്പെട്ടാൽ കോടതിയെ സമീപിച്ച് പരിഹാരം തേടാമെന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ. എന്നാൽ നിർദ്ദേശകതത്ത്വങ്ങൾ നടപ്പാക്കുന്നതിനായി കോടതിയെ സമീപിക്കാനാകില്ല. ഗവൺമെന്റിന്റെയും ജനങ്ങളുടെയും ഇച്ഛാശക്തിയുടെ അടിസ്ഥാനത്തിലാണ് ഇവ നടപ്പാക്കപ്പെടുന്നത്.



ഇന്ത്യയിലെ ജനങ്ങളുടെ ക്ഷേമവും അഭിവൃദ്ധിയും ഉറപ്പുവരുത്തുന്നതിന് നിർദ്ദേശകതത്ത്വങ്ങൾ എത്രത്തോളം പര്യാപ്തമാണ്?

## നിയമവാഴ്ച

'നിയമത്തിനുമുന്നിൽ എല്ലാവരും സമന്മാരാണ്'.

എന്താണിതിനർത്ഥം? ജനാധിപത്യ സംവിധാനത്തിൽ ആരും നിയമത്തിന് അതീതരല്ല. എല്ലാവരും നിയമത്തിനു വിധേയരാണ്. ജനാധിപത്യചിന്തയുടെ വളർച്ചയോടുകൂടിയാണ് നിയമവാഴ്ച എന്ന ആശയം ഉയർന്നുവന്നത്. നിയമവാഴ്ച അതിന്റെ പരിഷ്കൃതവും ആധുനികവുമായ രൂപത്തിൽ വികസിച്ചുവന്നത് ബ്രിട്ടീഷ് ഭരണഘടന അടിസ്ഥാനമാക്കിയാണ്. എല്ലാ ആധുനിക ജനാധിപത്യ രാജ്യങ്ങളും ഇന്ന് ഈ ആശയത്തെ അടിസ്ഥാനമാക്കുന്നു. നമ്മുടെ ഭരണഘടന ഈ ആശയം പരിപൂർണ്ണമായി ഉൾക്കൊള്ളുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

## സംയുക്തഭരണവ്യവസ്ഥ (Federal System)

**ഭക്ഷ്യസുരക്ഷാ ബിൽ പാസ്സാക്കി**

ന്യൂഡൽഹി: ഭക്ഷ്യസുരക്ഷാ ബിൽ പാർലമെന്റ് പാസ്സാക്കി. സംസ്ഥാന ഗവൺമെന്റുകളുടെയും പ്രാദേശിക ഭരണസ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

വാർത്ത ശ്രദ്ധിച്ചുവല്ലോ.

2013-ൽ പാർലമെന്റ് അംഗീകരിച്ച് നിയമമായ ഒരു പ്രധാന ബില്ലാണ് 'ഭക്ഷ്യസുരക്ഷാ ബിൽ.' ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുകയാണ് ഇതിന്റെ ലക്ഷ്യം. കേന്ദ്രഗവൺമെന്റിന്റെ ഈ നിയമം സംസ്ഥാനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. സംസ്ഥാന ഗവൺമെന്റുകൾ ഇത് നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ കേന്ദ്ര, സംസ്ഥാന പ്രാദേശിക ഗവൺമെന്റുകൾക്ക് അധികാരം പങ്കിട്ട് നൽകുന്ന ഒരു ഭരണരീതിയാണ് ഇന്ത്യയിലുള്ളത്. ഇത് സംയുക്തഭരണ വ്യവസ്ഥ

എന്നാണറിയപ്പെടുന്നത്. സംയുക്ത വ്യവസ്ഥയിൽനിന്നു വ്യത്യസ്തമായി എല്ലാ അധികാരവും കേന്ദ്ര ഗവൺമെന്റിൽ നിലനിർത്തുകയാണെങ്കിൽ അതിനെ ഏകായത്തഭരണ വ്യവസ്ഥ (Unitary system) എന്നു പറയുന്നു. വിസ്തൃതവും പ്രാദേശികവൈവിദ്ധ്യം നിറഞ്ഞതുമായ ഒരു രാജ്യമാണ് ഇന്ത്യ. ഈ വൈവിധ്യത്തെ ഉൾക്കൊണ്ട് രാജ്യത്തെ ഒന്നിച്ചു നിർത്താൻ ഫെഡറൽ ഭരണസംവിധാനം സഹായിക്കുന്നു.

## എഴുതപ്പെട്ട ഭരണഘടന (Written Constitution)

നമ്മുടെ ഭരണഘടന ഒരു പുസ്തകരൂപത്തിൽ എഴുതി തയ്യാറാക്കിയിട്ടുള്ളതാണ്. ലോകത്തിലെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയാണ് ഇന്ത്യയുടേത്. ലോകത്ത് എഴുതപ്പെട്ടിട്ടുള്ളതും എഴുതപ്പെടാത്തതുമായ ഭരണഘടനകൾ നിലവിലുണ്ട്. എഴുതപ്പെടാത്ത ഭരണഘടന എന്നതിന് പുസ്തകരൂപത്തിൽ തയ്യാറാക്കപ്പെടാത്ത ഒരു രേഖ എന്നേ അർത്ഥമുള്ളൂ. ഇത്തരം ഭരണഘടനകളിൽ ഭരണഘടനാപരമായ നിയമങ്ങൾ ചട്ടങ്ങൾ മുതലായവ, രാജശാസനങ്ങൾ, കോടതിവിധികൾ, ആചാരങ്ങൾ, കീഴ്‌വഴക്കങ്ങൾ എന്നീ രൂപങ്ങളിൽ നിലകൊള്ളുന്നു.

പട്ടിക ശ്രദ്ധിക്കൂ.

ഈ രാജ്യങ്ങൾ ലോകഭൂപടത്തിൽ കണ്ടെത്താൻ ശ്രമിക്കൂ.


| എഴുതപ്പെട്ട ഭരണഘടന | എഴുതപ്പെടാത്ത ഭരണഘടന |
|---|---|
| • ഇന്ത്യ | • ബ്രിട്ടൺ |
| • അമേരിക്കൻ ഐക്യനാടുകൾ | |
| • ആസ്ട്രേലിയ | • ഇസ്രായേൽ |
| • ബ്രസിൽ | • ഫ്രാൻസ് |
| • ദക്ഷിണാഫ്രിക്ക | • ന്യൂസിലൻഡ് |
| • | |
| • | |

## സ്വതന്ത്രനീതിന്യായവ്യവസ്ഥ (Independent Judiciary)

പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സ്വതന്ത്രമായ ഒരു നീതിന്യായസംവിധാനം നമ്മുടെ രാജ്യത്തുണ്ട്. കുറ്റവാളികളെ ശിക്ഷിക്കുകയും നിയമസംരക്ഷണം ഉറപ്പുവരുത്തുകയുമാണ് നീതിന്യായ വ്യവസ്ഥയുടെ പ്രധാന ചുമതല. ഭരണകൂടത്തിന്റെ മറ്റ് രണ്ട് വിഭാഗങ്ങളായ നിയമനിർമ്മാണസഭയുടെയും (Legislature), കാര്യനിർവ്വഹണവിഭാഗത്തിന്റെയും (Executive) സ്വാധീനത്തിൽനിന്ന് നീതിന്യായവിഭാഗം (Judiciary) സ്വതന്ത്രമാണ്. ഇത്തരത്തിലുള്ള സ്വതന്ത്രമായ നീതിന്യായവ്യവസ്ഥ ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതയാണ്.



ചുവടെ ചിത്രീകരിച്ചിരിക്കുന്ന ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ അധികാരശ്രേണി ശ്രദ്ധിക്കുക.




ഇന്ത്യയിലെ പരമോന്നത നീതിപീഠം ഏതാണ്?

സംസ്ഥാനങ്ങളിലെ ഏറ്റവും ഉയർന്ന കോടതി ഏതാണ്?

സിവിൽ കേസുകൾ കൈകാര്യം ചെയ്യുന്ന ഏറ്റവും താഴ്ന്ന കോടതി ഏതാണ്?

ക്രിമിനൽ കേസുകളുമായി ബന്ധപ്പെട്ട താഴ്ന്ന കോടതി ഏതാണ്?

കോടതികളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ നിങ്ങളുടെ പ്രദേശത്തെ ഒരു അഭിഭാഷ കനുമായി അഭിമുഖം സംഘടിപ്പിക്കുക. അഭിമുഖത്തിന് ആവശ്യമായ ചോദ്യാവലി മുൻകൂട്ടി തയ്യാറാക്കാൻ ശ്രദ്ധിക്കുമല്ലോ.

## ഭരണഘടനാ ഭേദഗതി (Constitutional Amendment)

**വിദ്യാഭ്യാസത്തിനുള്ള അവകാശം**

ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും രാഷ്ട്രം സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽക ണമെന്നുള്ള വ്യവസ്ഥ മൗലിക അവകാ ശത്തിന്റെ ഭാഗമാക്കി.

പത്രവാർത്ത ശ്രദ്ധിച്ചല്ലോ.

ഇന്ത്യയുടെ ഭരണഘടന നിലവിൽവന്ന സമയത്ത് വിദ്യാഭ്യാസത്തിനുള്ള അവകാശം മൗലികാവകാശമായിരുന്നോ? ഇത് അങ്ങനെയായിരുന്നില്ലെന്നും പിന്നീട് മൗലികാവകാശമാക്കിയതണെന്നും നാം നേരത്തേ പഠിച്ചുവല്ലോ. അങ്ങനെയാണെങ്കിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ച പരാമർശം ഭരണഘടനയിൽ എവിടെയാണ് ഉണ്ടായിരുന്നത്? 2002-ൽ പാർലമെന്റിൽ അവതരിപ്പിച്ച ഭരണഘടനാഭേദഗതിയിലൂടെയാണ് വിദ്യാഭ്യാസ അവകാശം മൗലികാവകാശമായത്.

ഭരണഘടനയിൽ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും നടത്താറുണ്ട്. ഇതിനെ ഭരണഘടനാഭേദഗതി എന്നാണ് വിളിക്കുന്നത്. കാലഘട്ടത്തിനനുസരിച്ച് ഭരണഘടനയിൽ മാറ്റങ്ങൾ വരുത്താൻ പാർലമെന്റിന് അധികാരമുണ്ട്. എന്നാൽ ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങൾ ഒരിക്കലും മാറ്റാൻ കഴിയില്ല.

സ്വത്തവകാശം ഭരണഘടന നിലവിൽ വന്നപ്പോൾ മൗലികാവകാശമായിരുന്നു. എന്നാൽ പിന്നീട് അത് 44-ാം ഭരണഘടനാഭേദഗതിയിലൂടെ മൗലികാവകാശമല്ലാതായി.



കാലാനുസൃതമായ മാറ്റങ്ങളെ ഉൾക്കൊള്ളാൻ ഭരണഘടനാ ഭേദഗതി എത്രമാത്രം പര്യാപ്തമാണ്?

ഇന്ത്യയിലെ എല്ലാ പൗരൻമാരും സംഘടനകളും സ്ഥാപനങ്ങളും ഭരണഘടന അനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. ഇന്ത്യാക്കാരായ നാമോരോരുത്തരും ഭരണഘടനയനുസരിച്ച് ജീവിക്കുവാനും ഭരണഘടന കാത്തുസൂക്ഷിക്കാനും ബാധ്യസ്ഥരാണ്.



## സംഗ്രഹം

- ഒരു രാജ്യത്തിന്റെ ഭരണത്തെ സംബന്ധിക്കുന്ന നിയമങ്ങളുടെയും അടിസ്ഥാന ആശയങ്ങളുടെയും തത്ത്വങ്ങളുടെയും സംഹിതയാണ് ഭരണഘടന.
- ലോകത്തിലെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയാണ് ഇന്ത്യയുടേത്.
- എഴുതപ്പെട്ടതും (written), എഴുതപ്പെടാത്തതുമായ (unwritten) ഭരണഘടനകൾ (constitutions) ലോകരാജ്യങ്ങളിലുണ്ട്.
- ഭരണഘടനാ നിർമ്മാണസഭ (Constitutent Assembly) നിരന്തരമായ ഒരു പ്രക്രിയയിലൂടെയാണ് ഇന്ത്യൻ ഭരണഘടനയ്ക്ക് രൂപം നൽകിയത്.
- പൗരന്മാരുടെ മൗലികാവകാശങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും ഭരണഘടന വിശദീകരിക്കുന്നു.
- ഭരണഘടനയിൽ നടത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളുമാണ് ഭേദഗതി എന്നറിയപ്പെടുന്നത്.



## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ഭരണഘടന എന്ന ആശയം വിശദീകരിക്കുന്നു.
- ഇന്ത്യൻ ഭരണഘടനാ രൂപപ്പെട്ടതിന്റെ വിവിധ ഘട്ടങ്ങൾ കണ്ടെത്തുന്നു.
- ഭരണഘടനയുടെ ആമുഖം, അടിസ്ഥാന ലക്ഷ്യങ്ങൾ എന്നിവ വിശകലനം ചെയ്യുന്നു.
- ഭരണഘടനയുടെ അടിസ്ഥാന സവിശേഷതകൾ വ്യക്തമാക്കുന്നു.



## വിലയിരുത്താം

- 'ഭരണഘടനയുടെ താക്കോലാണ് ആമുഖം.' ഈ പ്രസ്താവനയുടെ പ്രാധാന്യം വ്യക്തമാക്കുക.
- താഴെ പറയുന്ന പ്രസ്താവനകൾ വായിക്കുക. ഓപ്ഷനുകളിൽനിന്ന് ശരിയുത്തരം കണ്ടെത്തുക.

  A. ഭരണഘടന ഇന്ത്യയുടെ പരമോന്നത നിയമമാണ്.

  B. പുതിയ നിയമങ്ങൾ രൂപീകരിക്കുന്നത് ഭരണഘടനയ്ക്ക് വിരുദ്ധമാകാൻ പാടില്ല.

I. B മാത്രം ശരിയാണ് II. A മാത്രം ശരിയാണ്

III. A യും B യും ശരിയല്ല IV. A യും B യും ശരിയാണ്

- ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണപ്രക്രിയ ഒരു ടൈംലൈൻ രൂപത്തിൽ അവതരിപ്പിക്കുക.
- റിപ്പബ്ലിക് എന്ന ആശയം എന്തിനെ സൂചിപ്പിക്കുന്നു?
- സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഭരണഘടനയിൽ മാറ്റം വരുത്തുന്നത് അഭികാമ്യമാണ്. നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.
- നമ്മുടെ നീതിന്യായവ്യവസ്ഥയുടെ ഘടന വ്യക്തമാക്കുന്ന ഒരു കുറിപ്പ് തയ്യാറാക്കൂ.
- വ്യക്തികളെയും പ്രവർത്തനങ്ങളെയും തമ്മിൽ ശരിയായി ബന്ധിപ്പിക്കുക

| | | |
|---|---|---|
| A. ഡോ. ബി. ആർ. അംബേദ്കർ | - | ഭരണഘടനാനിർമാണസഭയുടെ അധ്യക്ഷൻ |
| B. ഡോ. രാജേന്ദ്ര പ്രസാദ് | - | ഭരണഘടനയുടെ ആമുഖം എഴുതി |
| C. സച്ചിദാനന്ദ സിൻഹ | - | ഭരണഘടനാ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാൻ |
| D. ജവഹർലാൽ നെഹ്റു | - | ഭരണഘടനാ നിർമ്മാണസഭയുടെ താൽക്കാലിക അദ്ധ്യക്ഷൻ |



## തുടർപ്രവർത്തനങ്ങൾ

- ഭരണഘടനാ നിർമ്മാണപ്രക്രിയയിൽ പങ്കാളികളായവർ, പ്രധാന ഘട്ടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചിത്രങ്ങളും വാർത്തകളും ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കുക.
- വിദ്യാഭ്യാസ അവകാശനിയമം, ഭക്ഷ്യസുരക്ഷാനിയമം എന്നിവയെക്കുറിച്ചുള്ള പത്രവാർത്തകൾ ശേഖരിച്ച് ഒരു കൊളാഷ് നിർമ്മിക്കുക.
- ഡൽഹിയിലെ റിപ്പബ്ലിക് ദിനാഘോഷപരിപാടികളുടെ ചിത്രങ്ങൾ ശേഖരിച്ച് ചുവർപത്രിക തയ്യാറാക്കുക.
- ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണവും ആമുഖത്തിൽ പറഞ്ഞിരിക്കുന്ന അടിസ്ഥാന ലക്ഷ്യങ്ങളും ഭരണഘടനയുടെ സവിശേഷതകളും ഉൾപ്പെടുത്തി ഒരു ക്വിസ് ചോദ്യാവലി തയ്യാറാക്കുക.



# 11 വ്യക്തിയും സമൂഹവും

SATURDAY
12
JANUARY

പതിവുപോലെ ഇന്നും അമ്മ എന്നെ വിളിച്ചുണർത്തി. പല്ലുതേച്ചു മുഖം കഴുകി ഞാനും ചേട്ടനും പഠിക്കാനിരുന്നു.

അപ്പോഴേക്കും പാൽക്കാരൻ എത്തി. അമ്മ ഞങ്ങൾക്കു ചായ തന്നു. പത്രക്കാരൻ വന്നു. അച്ഛന്റെ അരികെയിരുന്ന് ഞാൻ പത്രം വായിച്ചു.

ഞാൻ സ്കൂളിൽ പോകാൻ ഒരുങ്ങിയപ്പോഴേക്കും അമ്മൂമ്മ ഭക്ഷണം എടുത്തുവച്ചു. ഞങ്ങളെല്ലാവരും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചു. അപ്പോഴേക്കും രമയും അയിഷയും എത്തി. എന്റെ കൂട്ടുകാരാണവർ. ഞാൻ ബാഗെടുത്തു പുറത്തേക്ക് ഓടി.

സ്കൂളിലേക്കു നടക്കുമ്പോൾ പാഞ്ഞുവന്ന വാഹനത്തിനുവഴിമാറി റോഡരുകിലേക്ക് നിന്നതായിരുന്നു. കല്ലിൽത്തട്ടി ഞാൻ വീണു. അയിഷ നിലവിളിച്ചു. ആരൊക്കെയോ ഓടിവന്നു. അവരെന്നെ അടുത്തുള്ള ആശുപത്രിയിൽ കൊണ്ടുപോയി. മരുന്നുവച്ച് പ്ലാസ്റ്റർ ഒട്ടിച്ചു. അല്പസമയം വിശ്രമിച്ച ശേഷം ഞങ്ങൾ സ്കൂളിലേക്ക് പോയി.

ക്ലാസ്സിൽ എത്തിയപ്പോൾ ചങ്ങാതിമാർ ചുറ്റുംകൂടി ഓരോന്നു ചോദിച്ചു. രമയാണെല്ലാവരോടും ഉത്തരം പറഞ്ഞത്.


ബെല്ലടിച്ചു. ആദ്യ പിരീഡ് ഇംഗ്ലീഷായിരുന്നു. ശില്പ ടീച്ചറാണ് ക്ലാസ്സെടുത്തത്. ടീച്ചർ എത്ര ഭംഗിയായാണ് ക്ലാസ്സെടുക്കുന്നതെന്നോ! ഞാനെന്റെ കാൽമുട്ടിലെ മുറിവും വേദനയും മറന്നു.

ആറാം ക്ലാസ്സുകാരിയായ മിയ എഴുതിയ ഡയറിക്കുറിപ്പാണിത്. ഒരു ദിവസം രാവിലെതന്നെ എത്രപേരെയാണ് ഓരോ കാര്യങ്ങൾക്കും മിയ ആശ്രയിച്ചത് എന്നു കണ്ടല്ലോ. ഒരു ദിവസം അവസാനിക്കുമ്പോൾ നിങ്ങൾ എത്രപേരുമായി ഇടപഴകാറുണ്ട്? ആരൊക്കെയാണവർ?

- അമ്മ
- 
- 

അമ്മയും അച്ഛനും സഹോദരങ്ങളും അയൽക്കാരും അധ്യാപകരും കൂട്ടുകാരും നിങ്ങളുടെ ജീവിതത്തിൽ എത്ര പ്രധാനപ്പെട്ടവരാണ്! അങ്ങനെ എത്രയോപേർ നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്നു.

## കൂട്ടായ്മയുടെ തണൽ



ചിത്രജാലിക നിരീക്ഷിച്ച് സാമൂഹ്യബന്ധങ്ങൾ ഉടലെടുക്കുന്ന വിവിധ സന്ദർഭങ്ങൾ കണ്ടെത്തുക.

| | |
|---|---|
| • കൂട്ടുകാർക്കൊപ്പം കളിക്കുന്നു | • |
| • | • |
| • | • |
| • | • |

ഒരു വ്യക്തിയുടെ ജനനം മുതൽ മറ്റുള്ളവരോടുള്ള ആശ്രയത്വം ആരംഭിക്കുന്നു. കുടുംബവും അയൽക്കാരും സുഹൃത്തുക്കളും അധ്യാപകരും നമ്മുടെ വളർച്ചയിൽ പങ്കുവഹിക്കുന്നു. ഭാഷയും വേഷവും സംസ്കാരവും പെരുമാറ്റരീതികളും സമൂഹത്തിൽ നിന്നാണ് നാം സ്വായത്തമാക്കുന്നത്. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും വ്യക്തി പലരോടും ബന്ധപ്പെടുന്നു. ഈ ബന്ധങ്ങളുടെ ജാലിക നിലനിൽക്കുന്ന വലിയ സംഘമാണ് സമൂഹം. സമൂഹമാണ് വ്യക്തിയുടെ വളർച്ചയ്ക്കും നിലനിൽപ്പിനും അടിസ്ഥാനം.

> വ്യക്തികളെ ഉൾക്കൊള്ളുന്ന വലിയ സംഘമാണ് സമൂഹം.
> \- ഗ്രീൻ



## ഒറ്റപ്പെട്ടുപോയാൽ...

മനുഷ്യരോടൊപ്പമല്ലാതെ ഒരു കുട്ടി ജീവിക്കുന്നത് നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുമോ? അങ്ങനെ സംഭവിച്ചാൽ ആ കുട്ടിയുടെ അവസ്ഥ എന്തായിരിക്കും?

വിക്ടറിന്റെ കഥ വായിക്കൂ.





വിക്ടർ

ഫ്രാൻസിലെ എവിറോൺ (Aveyron) ഗ്രാമത്തോടു ചേർന്ന കാട്ടിൽ വേട്ടയാടാൻ പോയ ചിലർ ചെന്നായ്ക്കളോടൊപ്പം അന്നുവരെ കണ്ടിട്ടില്ലാത്ത ഒരു 'ജീവിയെ' കണ്ടു. അവർക്ക് കൗതുകവും ആകാംക്ഷയുമുണ്ടായി. അവർ ചെന്നായ്ക്കളെ വെടിവച്ചു പായിച്ചു. കൂട്ടം തെറ്റിപ്പോയ ആ ജീവിയെ പിൻതുടർന്നു കീഴടക്കി. മനുഷ്യരൂപമായിരുന്നു ആ ജീവിക്ക്. എന്നാൽ കൈകളും കാലുകളുമുപയോഗിച്ച് ആ ജീവി അതിവേഗത്തിൽ ഓടുകയായിരുന്നു. മുരളുകയും മാന്താൻ ശ്രമിക്കുകയും കടിച്ചുകീറാൻ വരികയും ചെയ്തിരുന്ന ആ ജീവിയെ അവർ വളരെ പണിപ്പെട്ട് നാട്ടിൽ എത്തിച്ചു. അതൊരു മനുഷ്യക്കുഞ്ഞായിരുന്നു. പക്ഷെ ആ കുട്ടിക്ക് മനുഷ്യരെപ്പോലെ സംസാരിക്കാനോ വേഷമണിയാനോ ഭക്ഷണം കൈകൊണ്ട് കഴിക്കുവാനോ അറിയുമായിരുന്നില്ല. മനുഷ്യരുടെ ഒരു സ്വഭാവവിശേഷവും അവനുണ്ടായിരുന്നില്ല. കൂടുതൽ പഠനത്തിനായി കുട്ടിയെ പാരീസിലേക്ക് കൊണ്ടുപോയി. ആ പട്ടണത്തിലെ ഡോക്ടറായ ജീൻ മാർക്ക് ഇറ്റാർഡ് (Jean Marc Itard) കുട്ടിയെ ഏറ്റെടുത്തു. ഡോക്ടറും സഹായിയായ നഴ്സുംകൂടി കുട്ടിക്ക് വിക്ടർ എന്നുപേരിട്ടു. അവന് 12 വയസ് കഴിഞ്ഞിരുന്നു. അവർ വിക്ടറിനെ സാധാരണ കുട്ടികളെപ്പോലെ വസ്ത്രം ധരിക്കാനും ഭക്ഷണം കഴിക്കാനും സംസാരിക്കുവാനും പരിശീലിപ്പിച്ചു. വിക്ടറിന് ഒന്നും എളുപ്പം സ്വായത്തമാക്കാൻ കഴിഞ്ഞില്ല. പാത്രത്തിലെ ഭക്ഷണം തട്ടിത്തെറിപ്പിച്ച് നായ്ക്കളെപ്പോലെ നക്കിത്തിന്നാനാണ് അവൻ ശ്രമിച്ചത്. കിടക്കയും പുതപ്പും വിട്ട് മുറിയിലൊരുമൂലയിൽ ചുരുണ്ടു കിടക്കാനായിരുന്നു അവനിഷ്ടം. എത്രയോ ദിവസങ്ങൾ കൊണ്ടാണ് ചില വാക്കുകൾ ഉച്ചരിക്കാൻ വിക്ടർ പഠിച്ചത്.

മനുഷ്യ സമൂഹത്തിലെ പെരുമാറ്റരീതികളോ ആചാരങ്ങളോ വിക്ടറിനറിയാമായിരുന്നില്ല. ഒരു വ്യക്തി സമൂഹത്തിൽനിന്നും പഠിക്കുന്ന ഒന്നും വിക്ടറിന് സ്വാംശീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഏറ്റവും ദുഃഖകരമായ സത്യം വിക്ടറിന് മറ്റ് മനുഷ്യർക്കൊപ്പം സഹവസിക്കുവാൻ സാധിച്ചില്ല എന്നതാണ്.

1920-ൽ ബംഗാളിലെ മിഡ്നാപ്പൂർ ഗ്രാമത്തിൽനിന്ന് മൃഗങ്ങൾക്കൊപ്പം കണ്ടെത്തിയ രണ്ട് പെൺകുട്ടികളുടെ (കമല, അമല) ജീവിതവും വിക്ടറിന്റേതുപോലെയായിരുന്നു. അമേരിക്കയിലൊരിടത്ത് ഒരു വീടിന്റെ തട്ടിൻപുറത്തുള്ള ഇരുണ്ട മുറിയിലടച്ചിട്ട അന്നയുടെ സ്ഥിതിയും മറിച്ചായിരുന്നില്ല. ആറാം വയസ്സിൽ ഏകാന്ത തടവിൽനിന്നും മോചിപ്പിച്ചപ്പോൾ അന്നയ്ക്ക് സംസാരിക്കാനോ നടക്കാനോ സാധിച്ചിരുന്നില്ല. സാമാന്യബുദ്ധിയുടെ യാതൊരു ലക്ഷണവും ഈ കുട്ടികളിലൊരാൾപോലും പ്രകടിപ്പിച്ചിരുന്നില്ല.

സമൂഹത്തിൽ വളരാത്ത ഒരു മനുഷ്യന് സാമൂഹ്യജീവിയായി മാറാൻ സാധിക്കില്ലെന്നും, സാമൂഹികമായ പെരുമാറ്റങ്ങളോ ഭാഷയോ ഒന്നും എളുപ്പം പഠിക്കാനോ പരിശീലിക്കാനോ സാധ്യമല്ലെന്നും വ്യക്തമായില്ലേ?

സമൂഹമില്ലെങ്കിൽ വ്യക്തിയുടെ വളർച്ച എങ്ങനെയായിരിക്കും? ചർച്ചയിലൂടെ കുറിപ്പ് തയാറാക്കൂ. ചർച്ചാസൂചകങ്ങളായി താഴെ പറയുന്നവ ഉപയോഗപ്പെടുത്തുക:

- ശാരീരികവളർച്ച
- ബുദ്ധിവികാസം
- പെരുമാറ്റരീതി

## സമുദായവും സമാജവും

സമൂഹത്തോടു ബന്ധപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യർ വിവിധ സാമൂഹ്യ സംഘങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു. നിങ്ങൾ ഇടപഴകുന്ന സാമൂഹ്യസംഘങ്ങൾ ഏതെല്ലാമാണ്?

- ക്ലബ്ബുകൾ
- 
- 

പലവിധ സാമൂഹ്യസംഘങ്ങൾ ഉൾക്കൊള്ളുന്നതാണ് സമൂഹമെന്ന് വ്യക്തമായില്ലേ? സമുദായം (Community), സമാജം (Association) തുടങ്ങിയവ സമൂഹത്തിന്റെ ഭാഗങ്ങളാണ്.

### സമുദായം (Community)

ഒരു നിശ്ചിത പ്രദേശത്ത് നാം ഒന്നാണ് എന്ന വികാരത്തോടെ ജീവിക്കുന്ന വ്യക്തികളുടെ സംഘമാണ് സമുദായം. നിശ്ചിതമായ പ്രദേശത്തെ താമസവും കൂട്ടായ പ്രവർത്തനങ്ങളും സുദൃഢമായ ബന്ധങ്ങളും സമാനമായ സാംസ്കാരികമൂല്യങ്ങളും സമുദായത്തിന്റെ പ്രത്യേകതകളാണ്. സമൂഹവുമായി താരതമ്യപ്പെടുത്തുമ്പോൾ സമുദായം ചെറുതാണ് എന്നാൽ സമൂഹത്തിലുള്ളതിനേക്കാൾ ആത്മബന്ധം സമുദായത്തിൽ നിലനിൽക്കുന്നു. ഒരു വ്യക്തിയെ സാമൂഹ്യജീവിയാക്കിമാറ്റുന്നതിൽ സമുദായം വലിയ പങ്കുവഹിക്കുന്നു.



ഒരേ ഗ്രാമത്തിൽ വസിക്കുന്നവരെ ഒരു സമുദായമായി പരിഗണിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാവാം?

- നാം ഒന്ന് എന്ന വികാരം
- 
- 

### സമാജം (Association)

നിങ്ങളുടെ സ്കൂളിൽ വിവിധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടല്ലോ. അവ ഏതൊക്കെയാണെന്നും അവയുടെ ലക്ഷ്യങ്ങളെന്തെന്നും പട്ടികപ്പെടുത്തുക.

| ക്ലബ്ബുകൾ | ലക്ഷ്യങ്ങൾ |
|---|---|
| • വിദ്യാരംഗം | • കല, സാഹിത്യം എന്നിവ പ്രോത്സാഹിപ്പിക്കൽ |
| • | • |
| • | • |

ഓരോ ക്ലബ്ബും വ്യത്യസ്ത ലക്ഷ്യങ്ങളോടെയാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമായല്ലോ. ഇങ്ങനെ പ്രത്യേക ലക്ഷ്യങ്ങൾ നിറവേറ്റാൻ ശ്രമിക്കുന്ന വ്യക്തികളുടെ കൂട്ടമാണ് സമാജം.


വ്യക്തികളുടെ കഴിവുകൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടൊപ്പം പൊതുനന്മയ്ക്കുവേണ്ടി കൂടിയാണ് സമാജങ്ങൾ രൂപംകൊള്ളുന്നത്. റസിഡൻസ് അസ്സോസിയേഷനുകൾ, തൊഴിലാളി സംഘടനകൾ, വിദ്യാർഥിസംഘടനകൾ തുടങ്ങിയവ സമാജങ്ങൾക്ക് ഉദാഹരണങ്ങളാണ്.

> ചില ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി ജനങ്ങൾ ഒന്നിച്ചു പ്രവർത്തിക്കുന്നതാണ് സമാജം
>
> – ബൊഗാർഡസ്

ഒരു വ്യക്തിയെ സമൂഹത്തിലെ കഴിവുറ്റ അംഗമാക്കി മാറ്റുന്നതിൽ സമുദായങ്ങൾക്കും സമാജങ്ങൾക്കും പങ്കുണ്ട്.

## നമുക്കും വെളിച്ചമേകാം...

വ്യക്തികളുടെ കൂട്ടായ്മയിൽ നിന്നാണല്ലോ സമൂഹം ഉണ്ടാകുന്നത്. നല്ല വ്യക്തികൾ സമൂഹത്തിന്റെ വളർച്ചയിലും മാറ്റത്തിലും മുഖ്യമായ പങ്ക് വഹിക്കുന്നു. സമൂഹത്തെ സ്വാധീനിച്ച ചില വ്യക്തികളെ നമുക്ക് പരിചയപ്പെടാം.



ചിത്രം കണ്ടല്ലോ. സമൂഹനന്മയ്ക്ക് ഇവർ എന്തെല്ലാം സംഭാവനകളാണ് നൽകിയത്?

| ഗാന്ധിജി | രാജാ റാംമോഹൻ റോയ് | ശ്രീനാരായണ ഗുരു |
|---|---|---|
| • | • | • അയിത്തോച്ചാടനം |
| • | • | • |
| • | • | • |
| | • സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചു | • |

സമൂഹത്തിന്റെ വളർച്ചയിലും നിലനിൽപ്പിലും പലവിധത്തിൽ വ്യക്തികൾ പങ്കാളികളായി തീരുന്നു എന്ന് വ്യക്തമായല്ലോ. കുടുംബം, അയൽപക്കം, വിദ്യാലയം, സമാജങ്ങൾ തുടങ്ങിയവയിലെല്ലാം വ്യക്തികളുടെ ക്രിയാത്മകമായ ഇടപെടലുകൾ മാറ്റത്തിന് കാരണമായിത്തീരാറുണ്ട്. സമൂഹം ഇല്ലെങ്കിൽ വ്യക്തിയില്ല എന്നപോലെ വ്യക്തിയില്ലെങ്കിൽ സമൂഹവുമില്ല. വ്യക്തിയും സമൂഹവും പരസ്പരപൂരകങ്ങളാണ്.

## സാമൂഹീകരണം (Socialisation)

എങ്ങനെയാണ് വ്യക്തി സമൂഹത്തിന്റെ ഭാഗമായി മാറുന്നത്? നിങ്ങൾ ശിശുക്കളെ ശ്രദ്ധിച്ചിട്ടില്ലേ. പരസഹായമില്ലാതെ ഭക്ഷണം കഴിക്കാനോ വെള്ളം കുടിക്കാനോ അവർക്ക് കഴിയുമോ? കുടുംബാംഗങ്ങളെപ്പോലും തിരിച്ചറിയാൻ എത്ര മാസങ്ങളെടുക്കുന്നു! സംസാരിക്കാനും നടക്കാനും കുട്ടി ക്രമേണ ശീലിക്കുന്നു. വളരുന്തോറും സംസ്കാരവും പെരുമാറ്റരീതികളും തിരിച്ചറിയുകയും സ്വായത്തമാക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ഒരു വ്യക്തിയെ സമൂഹത്തിൽ ജീവിക്കാൻ പ്രാപ്തനാക്കുന്ന പ്രക്രിയയാണ് സാമൂഹീകരണം (socialisation).

> വ്യക്തികൾ സമൂഹത്തിന്റെ സമ്പ്രദായങ്ങളുമായി പൊരുത്തപ്പെടാൻ പഠിക്കുന്ന പ്രക്രിയയാണ് സാമൂഹീകരണം
>
> -ഓഗ്ബേൺ

താഴെ കൊടുത്തിരിക്കുന്ന ചെക്ക് ലിസ്റ്റ് പൂർത്തിയാക്കി നിങ്ങളുടെ സാമൂഹ്യബന്ധം വിലയിരുത്തുക

| | ഉണ്ട് | ഇല്ല |
|---|---|---|
| 1. ധാരാളം സുഹൃത്തുക്കളെ സമ്പാദിക്കാൻ ഞാൻ താൽപ്പര്യപ്പെടുന്നു | | |
| 2. ഒഴിവുസമയം കൂട്ടുകാരോടൊത്ത് ചെലവഴിക്കാൻ ഞാൻ താൽപ്പര്യപ്പെടുന്നു | | |
| 3. ഞാൻ മറ്റുള്ളവരുടെ അഭിപ്രായങ്ങൾ മാനിക്കുന്നു | | |
| 4. കൂട്ടുകാരുടെ പ്രശ്നങ്ങൾ ഞാൻ സഹാനുഭൂതിയോടെ കേൾക്കുന്നു | | |
| 5. കൂട്ടുകാരുടെ വിഷമങ്ങൾ പരിഹരിക്കാൻ ഞാൻ താൽപ്പര്യം കാണിക്കുന്നു | | |
| 6. എന്റെ പ്രശ്നങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു | | |
| 7. ഞാൻ വിമർശനങ്ങളെ ഉൾക്കൊള്ളുന്നു | | |
| 8. ഗ്രൂപ്പുപ്രവർത്തനങ്ങൾ ഞാനിഷ്ടപ്പെടുന്നു | | |
| 9. ആഘോഷങ്ങളിൽ ഞാൻ സജീവ പങ്കാളിയാണ് | | |
| 10. ഞാൻ സ്കൂളിലെ കലാകായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ ഇഷ്ടപ്പെടുന്നു | | |

ചെക്ക് ലിസ്റ്റ് പൂർത്തിയാക്കിയല്ലോ. ഓരോ പ്രസ്താവനയ്ക്കും 'ഉണ്ട്' എന്നാണ് ഉത്തരമെങ്കിൽ ഓരോ സ്കോർവീതം നൽകുക. നിങ്ങളുടെ സ്കോർ പരിശോധിച്ച് സാമൂഹ്യ ബന്ധം വിലയിരുത്തുക.

## സാമൂഹീകരണസഹായികൾ

സാമൂഹീകരണം സാധ്യമാകാത്ത ഒരാൾ സാമൂഹ്യജീവിയായി മാറുന്നില്ല എന്ന് നാം മനസ്സിലാക്കിയല്ലോ. സാമൂഹീകരണം ജീവിതകാലംമുഴുവൻ നീണ്ടുനിൽക്കുന്ന പ്രക്രിയയാണ്. ഇതിന് പല ഘടകങ്ങളും നമ്മെ സഹായിക്കുന്നുണ്ട്. ഇവ ഏതൊക്കെയെന്ന് നോക്കാം.

- കുടുംബം
- കൂട്ടുകാർ
- വിദ്യാലയം
- മാധ്യമങ്ങൾ
-
-

### കുടുംബം


കുടുംബത്തിൽനിന്നും നിങ്ങൾ എന്തൊക്കെ ശീലിക്കുന്നു?

- അച്ചടക്കം
- കൃത്യനിഷ്ഠ
- മുതിർന്നവരോടുള്ള ബഹുമാനം/സ്നേഹം
-
-
-

മാതാപിതാക്കളിൽനിന്നാണ് നാം പെരുമാറ്റശീലങ്ങൾ പഠിക്കുന്നത്. അതിനാൽ സാമൂഹീകരണപ്രക്രിയയിൽ ഏറ്റവും വലിയ പങ്കുവഹിക്കുന്നത് കുടുംബമാണെന്നു പറയാം. മാതാപിതാക്കളാണ് കുട്ടിക്ക് സാമൂഹീകരണത്തിന്റെ ആദ്യപാഠങ്ങൾ പകർന്നു നൽകുന്നത്. നന്മയും തിന്മയും ശരിയും തെറ്റും തിരിച്ചറിയാൻ നാം പഠിക്കുന്നത് കുടുംബത്തിൽ നിന്നാണ്.



സാമൂഹീകരണത്തിന്റെ സഹായികൾ എന്ന നിലയിൽ കുടുംബങ്ങളിൽനിന്ന് നമ്മൾ എന്തെല്ലാം കാര്യങ്ങൾ സ്വായത്തമാക്കുന്നു? പദസൂര്യൻ പൂർത്തിയാക്കൂ.




### സമപ്രായക്കാർ/കൂട്ടുകാർ

കൂട്ടുകാർക്കൊപ്പം ഇടപഴകുമ്പോൾ നാം അറിയാതെ ധാരാളം കാര്യങ്ങൾ പഠിക്കുന്നു. കായിക വിനോദങ്ങളിൽ ഏർപ്പെടുമ്പോൾ സംഘബോധം ഉണ്ടാകുന്നതിനോടൊപ്പം ജയ പരാജയങ്ങൾ അംഗീകരിക്കാനും അവയിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് മുന്നേറാനും

നാം പ്രാപ്തരാകുന്നു. നല്ല ശീലങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നതിൽ കൂട്ടുകാർ മുഖ്യ പങ്കുവഹിക്കുന്നു.



**നല്ല ശീലങ്ങൾ വളർത്തിയെടുക്കുന്നതിൽ നിങ്ങളെ സഹായിച്ച കൂട്ടുകാരനെ അല്ലെങ്കിൽ കൂട്ടുകാരിയെക്കുറിച്ചുള്ള സൗഹൃദാനുഭവം പങ്കുവയ്ക്കാമോ?**

## വിദ്യാലയം

വിദ്യാലയം സാമൂഹീകരണത്തിന് സഹായകമാകുന്നതെങ്ങനെയെന്ന് നോക്കാം.

- നിയമങ്ങൾ പാലിക്കാൻ ശീലിക്കുന്നു
- അറിവ് നേടുന്നു
- മൂല്യങ്ങൾ സ്വായത്തമാക്കുന്നു
- വ്യത്യസ്ത ചുറ്റുപാടിൽനിന്നും വരുന്ന കുട്ടികളുമായി ഇടപഴകുന്നു
- നല്ല ശീലങ്ങൾ വളർത്തുന്നു

വിദ്യാലയത്തിൽനിന്നും ആർജ്ജിക്കുന്ന അറിവുകളും ശേഷികളും മൂല്യങ്ങളും ഉത്തരവാദിത്വബോധമുള്ള സാമൂഹ്യജീവിയാകാൻ നമ്മെ പ്രാപ്തരാക്കുന്നു.

## മാധ്യമങ്ങൾ

പ്രധാനപ്പെട്ട വാർത്താമാധ്യമങ്ങൾ ഏതൊക്കെയാണ്?

- പത്രങ്ങൾ
- ആനുകാലികങ്ങൾ
- ടെലിവിഷൻ ചാനലുകൾ
- 

മാധ്യമങ്ങൾ നമ്മുടെ കാഴ്ചപ്പാടിലും മനോഭാവത്തിലും ജീവിതരീതിയിലും സ്വാധീനം ചെലുത്തുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങളെ ഒന്നിപ്പിക്കുന്നതിനും ഒറ്റ സമൂഹമാക്കുന്നതിനും മാധ്യമങ്ങൾ സഹായിക്കുന്നു.

നിങ്ങളെ സ്വാധീനിച്ച കഴിഞ്ഞ ആഴ്ചയിലെ പത്രവാർത്തയെക്കുറിച്ച് ചർച്ച ചെയ്യുക.

സാമൂഹീകരണം നിർവ്വഹിക്കുന്ന മേൽപ്പറഞ്ഞ ഘടകങ്ങളിലേതെങ്കിലും ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് പ്രേരണനൽകുന്നതായി നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?
ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കൂ.

- കൂട്ടുകാർ ചേർന്ന് പൊതുമുതലുകൾ നശിപ്പിക്കുന്നു.
- മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയ ദുശ്ശീലങ്ങൾക്ക് കൂട്ടുകാർ പ്രേരിപ്പിക്കുന്നു
- ഇന്റർനെറ്റിന്റെ ദുരുപയോഗം തെറ്റായ വഴികളിലേക്ക് നയിക്കുന്നു.
- ദൃശ്യമാധ്യമങ്ങൾക്കു മുമ്പിൽ അമിതമായ സമയം ചെലവഴിക്കുന്നത് സാമൂഹ്യബന്ധങ്ങളെ പരിമിതപ്പെടുത്തുന്നു.

സാമൂഹീകരണത്തിലൂടെ ഇത്തരം പ്രവണതകളെ എങ്ങനെ മറികടക്കാം? ചർച്ച ചെയ്യുക.



## സംഗ്രഹം

- ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും വ്യക്തി സമൂഹത്തിലെ പല സംഘങ്ങളോടും കടപ്പെട്ടിരിക്കുന്നു.
- സമൂഹമാണ് ഓരോ വ്യക്തിയുടേയും വളർച്ചയ്ക്കും നിലനിൽപ്പിനും അടിസ്ഥാനം.
- സാമൂഹ്യബന്ധങ്ങളുടെ ജാലികയാണ് സമൂഹം. വ്യക്തിയും സമൂഹവും പരസ്പരപൂരകങ്ങളാണ്.
- വ്യക്തികൾ സമൂഹത്തിന്റെ മാറ്റത്തിലും വളർച്ചയിലും സ്വാധീനം ചെലുത്തുന്നു.
- സമൂഹത്തിൽ വളരാത്ത ഒരു മനുഷ്യന് സാമൂഹ്യജീവിയാകാൻ സാധ്യമല്ല.
- സമുദായം (Community), സമാജം (Association) തുടങ്ങിയ സാമൂഹിക സംഘങ്ങൾ വ്യക്തിയുടെ വളർച്ചയിൽ പ്രധാനപങ്ക് വഹിക്കുന്നു.
- വ്യക്തികൾ സംഘത്തിന്റെ സമ്പ്രദായക്രമങ്ങളുമായി പൊരുത്തപ്പെടാൻ പഠിക്കുന്ന പ്രക്രിയയാണ് സാമൂഹീകരണം. കുടുംബം, കൂട്ടുകാർ, വിദ്യാലയം, മാധ്യമങ്ങൾ എന്നിവയാണ് സാമൂഹീകരണത്തെ പ്രധാനമായും സഹായിക്കുന്നത്.



## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു.
- സമൂഹം വ്യക്തിയുടെ വളർച്ചയിൽ എങ്ങനെ നിർണായക പങ്കുവഹിക്കുന്നുവെന്ന് വിശദീകരിക്കുന്നു.
- സമൂഹം, സമുദായം, സമാജം തുടങ്ങിയവ വ്യക്തിയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും അനിവാര്യമാണെന്ന് വിവരിക്കുന്നു.
- വ്യക്തിയെ സമൂഹത്തിന്റെ ഭാഗമാക്കി മാറ്റുന്നതിൽ സാമൂഹീകരണത്തിനുള്ള പങ്ക് വ്യക്തമാക്കുന്നു.



## വിലയിരുത്താം

1. സമുദായം, സമാജം ഇവ സാമൂഹ്യസംഘങ്ങളാണ്. ഇവയുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക.

| സമുദായം | സമാജം |
|---|---|
| | |

2. സാമൂഹീകരണത്തിനു സഹായിക്കുന്ന വിവിധ ഘടകങ്ങളെ പരിചയപ്പെട്ടല്ലോ. ഇവ ഓരോന്നും ഏതൊക്കെ രീതിയിലാണ് സാമൂഹീകരണത്തെ സഹായിക്കുന്നത്? താഴെ കൊടുത്തിട്ടുള്ള പട്ടിക പൂർത്തിയാക്കുക:

| കുടുംബം | വിദ്യാലയം | സമപ്രായക്കാർ | മാധ്യമങ്ങൾ |
|---|---|---|---|
| • സ്നേഹം | • | • വിശാലവീക്ഷണം | • കാഴ്ചപ്പാടുകൾ |
| • | • | • സംഘബോധം | • |
| • | • കൃത്യനിഷ്ഠ | • | • |




## തുടർപ്രവർത്തനങ്ങൾ

- 'വ്യക്തിയെ കൂടാതെ സമൂഹത്തിനും സമൂഹത്തെ കൂടാതെ വ്യക്തിക്കും നിലനിൽപ്പില്ല' ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഒരു ദിവസത്തെ നിങ്ങളുടെ അനുഭവങ്ങൾ എഴുതി തയാറാക്കൂ.
- സാമൂഹ്യബന്ധത്തിന്റെ അഭാവം വ്യക്തിവികാസത്തെ ഏതെല്ലാം രീതിയിലാണ് ബാധിക്കുന്നത്? അന്വേഷിക്കൂ.
- സമൂഹത്തെ സ്വാധീനിച്ച ഏതാനും വ്യക്തിത്വങ്ങളെ പരിചയപ്പെട്ടല്ലോ. ഇത്തരത്തിൽ സാമൂഹികമാറ്റങ്ങൾക്കു നേതൃത്വം നൽകിയ മഹത്‌വ്യക്തികളുടെ ചിത്രങ്ങൾ, ജീവചരിത്രം, സമൂഹത്തിനു അവർ നൽകിയ സംഭാവനകൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയാറാക്കുക.



# 12 സൗരതാപനവും അന്തരീക്ഷസ്ഥിതിയും




വാർത്താശകലങ്ങൾ ശ്രദ്ധിച്ചില്ലേ? ഇത്തരം സാഹചര്യങ്ങളിൽ ചിലതെങ്കിലും നിങ്ങൾക്ക് പരിചിതമല്ലേ? ഈ സാഹചര്യങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? അന്തരീക്ഷസ്ഥിതിയിലുണ്ടാകുന്ന ചില മാറ്റങ്ങളാണ് ഇതിന് കാരണം. അന്തരീക്ഷസ്ഥിതിയെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാമെന്നും അവ എങ്ങനെയൊക്കെ സ്വാധീനിക്കുന്നുവെന്നും നമുക്ക് ഈ അധ്യായത്തിൽ മനസ്സിലാക്കാം.

## സൂര്യൻ – ഊർജദാതാവ്


ഭൂമിക്ക് ആവശ്യമായ മുഴുവൻ ഊർജവും പ്രദാനം ചെയ്യുന്നത് സൂര്യനാണെന്ന് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. സൂര്യനിൽ നിന്നുള്ള ഊർജ്ജം സൂര്യരശ്മികളായി ഭൂമിയിൽ എത്തുന്നു. ഇതിനെ സൗരതാപനം (Insolation) എന്ന് വിളിക്കുന്നു. പകൽ സമയത്ത് സൗരതാപനത്തിലൂടെ ഭൂമിയുടെ ഉപരിതലം ചൂടുപിടിക്കുന്നു. ചൂടുപിടിച്ച ഭൗമോപരിതലത്തിൽനിന്നും വിവിധ പ്രക്രിയകളിലൂടെ താപം അന്തരീക്ഷത്തിലേക്ക് വ്യാപിക്കുന്നു. ഇത് ഭൗമോപരിതലം തണുക്കുന്നതിന് ഇടയാക്കുന്നു. എന്നാൽ അന്തരീക്ഷത്തിലെ മേഘങ്ങളും കാർബൺ ഡയോക്സൈഡ് പോലുള്ള

### കൂടിയ താപനിലയും കുറഞ്ഞ താപനിലയും

സൂര്യോദയത്തിനു തൊട്ടുമുമ്പ് അനുഭവപ്പെടുന്ന താപനിലയാണ് ഒരു ദിവസത്തെ കുറഞ്ഞ താപനിലയായി കാലാവസ്ഥാനിരീക്ഷകർ പരിഗണിക്കുന്നത്. ഉച്ചകഴിഞ്ഞ് 2 മണിക്ക് അനുഭവപ്പെടുന്ന താപനിലയാണ് ഒരു ദിവസത്തെ കൂടിയ താപനില.

വാതകങ്ങളും ഭൂമിയിൽ നിന്നുള്ള താപത്തെ ആഗിരണം ചെയ്യുന്നു. ഇപ്രകാരം ജീവന്റെ നിലനിൽപ്പിന് സഹായകമായ വിധത്തിൽ അന്തരീക്ഷതാപം നിലനിൽക്കുന്നു.

ഭൗമോപരിതലത്തിൽ എല്ലായിടത്തും സൗരോർജ്ജം ഒരേ അളവിലല്ല ലഭിക്കുന്നത്. ഭൂമധ്യരേഖാപ്രദേശങ്ങളിൽ സൂര്യരശ്മികൾ ലംബമായി പതിക്കുന്നതിനാൽ ഇവിടെ താപം കൂടുതലാണ്. ധ്രുവങ്ങളിലേക്ക് അടുക്കുന്തോറും സൂര്യരശ്മികൾ ചരിഞ്ഞ് പതിക്കുന്നതിനാൽ താപം ക്രമേണ കുറഞ്ഞുവരുന്നു. അതിനാൽ ഓരോ സ്ഥലത്തിന്റെയും അക്ഷാംശത്തിന് അനുസൃതമായാണ് ഭൂമിയിലെ താപലഭ്യത (ചിത്രം 12.1).



ചിത്രം 12.1

കൂടാതെ സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, സമുദ്രസാമീപ്യം തുടങ്ങിയ ഘടകങ്ങൾ പ്രാദേശിക താപവ്യതിയാനങ്ങൾക്ക് കാരണമാകാറുണ്ട്. അതെങ്ങനെയെന്ന് നോക്കൂ.

സമുദ്രനിരപ്പിൽനിന്ന് മുകളിലേക്ക് അന്തരീക്ഷതാപം ക്രമേണ കുറഞ്ഞുവരുന്നു. മൂന്നാർ, വയനാട് തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ നമുക്ക് തണുപ്പ് അനുഭവപ്പെടുന്നത് എന്തുകൊണ്ടെന്ന് ഇപ്പോൾ മനസ്സിലായല്ലോ.

പകൽ സമയത്ത് കടലിൽനിന്ന് കരയിലേക്കും രാത്രി കാലങ്ങളിൽ തിരിച്ചും വീശുന്ന കാറ്റുകൾ തീരപ്രദേശങ്ങളിലെ താപനിലയെ നിയന്ത്രിക്കുന്നു.


**താപം അളക്കുന്നതെങ്ങനെ?**

അന്തരീക്ഷ താപം അളക്കുന്നത് ഉഷ്ണമാപിനി (Thermometer) എന്ന

### സൗരോർജ്ജം

സൗരോർജ്ജം ഇടതടവില്ലാതെ ഭൂമിക്ക് ലഭിക്കുന്നുണ്ട്. ഒരു ഉഷ്ണമേഖലാരാജ്യമായ ഇന്ത്യയിൽ ഈ പാരമ്പര്യേതര ഊർജ്ജത്തിന്റെ ഉപയോഗ സാധ്യത ഏറെയാണ്. സോളാർ പാനലുകൾ ഉപയോഗിച്ച് സൂര്യപ്രകാശത്തെ വൈദ്യുതോർജ്ജമാക്കി മാറ്റുന്ന സാങ്കേതികവിദ്യ വ്യാപകമാകുന്നതോടെ നമ്മുടെ ഊർജ്ജ പ്രതിസന്ധിക്ക് ഏറെ ആശ്വാസമാകും.






ചിത്രം 12.2 ഉഷ്ണമാപിനി

ഉപകരണത്തിന്റെ സഹായത്താലാണ് (ചിത്രം 12.2). ഇത് ഡിഗ്രി സെൽഷ്യസ് ($^0$C), ഡിഗ്രി ഫാരൻഹീറ്റ് ($^0$F) എന്നീ ഏകകങ്ങളിലാണ് രേഖപ്പെടുത്തുന്നത്.

ഒരു ഉഷ്ണമാപിനിയുടെ സഹായത്തോടെ നിങ്ങൾക്ക് അന്തരീക്ഷ ഊഷ്മാവ് അളക്കാം. എല്ലാ ദിവസവും നിശ്ചിത സമയത്തെ അന്തരീക്ഷ ഊഷ്മാവ് അളന്ന് ക്ലാസ് മുറിയിൽ പ്രദർശിപ്പിക്കുമല്ലോ.

ഓരോ പ്രദേശത്തെയും താപനിലയിലെ ഏറ്റക്കുറച്ചിലുകൾ മറ്റ് അന്തരീക്ഷപ്രതിഭാസങ്ങൾക്ക് കാരണമാകുന്നതെങ്ങനെയെന്ന് നോക്കാം.

## താപവും വായുവിന്റെ ചലനവും

എല്ലാ പദാർത്ഥങ്ങൾക്കും ഭാരമുള്ളതുപോലെ വായുവിനും ഭാരമുണ്ട്. അന്തരീക്ഷവായു ചെലുത്തുന്ന ഭാരമാണ് അന്തരീക്ഷമർദ്ദം (Atmospheric pressure).




ചിത്രം 12.3
മർദ്ദമാപിനി

അന്തരീക്ഷമർദ്ദം അളക്കുന്ന ഉപകരണമാണ് മർദ്ദമാപിനി (Barometer). (ചിത്രം 12.3) ഹെക്ടോപാസ്കൽ, മില്ലീബാർ എന്നീ ഏകകങ്ങളിലാണ് മർദ്ദം രേഖപ്പെടുത്തുന്നത്.

വായു ചലിക്കുമ്പോഴാണല്ലോ അതിന്റെ സാന്നിധ്യം നാം അറിയുന്നത്. അന്തരീക്ഷത്തിൽ വായുവിന്റെ ചലനം എങ്ങനെയാണ് സംഭവിക്കുന്നത് എന്ന് നോക്കാം.

സൂര്യതാപത്താൽ ചൂടുപിടിക്കുമ്പോൾ അന്തരീക്ഷവായു വികസിക്കുകയും സാന്ദ്രത കുറഞ്ഞ് മുകളിലേക്ക് ഉയരുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള വായുവിന്റെ ചലനത്തെ വായുപ്രവാഹങ്ങൾ (Air currents) എന്നു വിളിക്കുന്നു. വായുവിന്റെ സാന്ദ്രത കുറയുന്നതുമൂലം അവിടെ വായുമർദ്ദം കുറയുന്നു. മർദ്ദം കൂടിയ പ്രദേശങ്ങളിൽ നിന്നും മർദ്ദം കുറഞ്ഞ പ്രദേശങ്ങളിലേക്ക് വായു ചലിക്കുന്നു. വായുവിന്റെ ഇത്തരത്തിലുള്ള ചലനമാണ് കാറ്റ് (Wind).

നമുക്ക് സുഖം പകരുന്ന ഇളം കാറ്റുകൾ മുതൽ നാശനഷ്ടങ്ങൾ വിതയ്ക്കുന്ന കൊടുങ്കാറ്റുകൾവരെ ഭൂമിയിൽ അനുഭവപ്പെടാറുണ്ട്.

### കാറ്റാടി യന്ത്രങ്ങൾ

ശക്തിയായും തുടർച്ചയായും കാറ്റു വീശുന്ന പ്രദേശങ്ങളിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കാം. ഈ പാരമ്പര്യേതര ഊർജ്ജ സ്രോതസിനെ പരമാവധി പ്രയോജനപ്പെടുത്തിയാൽ വർദ്ധിച്ചുവരുന്ന ഊർജ്ജപ്രതിസന്ധിക്ക് ആശ്വാസമാകും. ഇടുക്കി ജില്ലയിലെ രാമക്കൽമേട്, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് ഊർജ്ജോൽപ്പാദനം നടത്തുന്നുണ്ട്.





ചിത്രം 12.4
അനിമോമീറ്റർ

കാറ്റിന്റെ വേഗത അളക്കുന്ന ഉപകരണമാണ് അനിമോമീറ്റർ (ചിത്രം 12.4). കാറ്റിന്റെ ദിശ അറിയുന്നത് വിൻഡ്‌വെയ്ൻ (ചിത്രം 12.5) എന്ന ഉപകരണത്തിന്റെ സഹായത്താലാണ്.



ചിത്രം 12.5
വിൻഡ്‌വെയ്ൻ

## താപവും അന്തരീക്ഷത്തിലെ ജലവും

ചിത്രം 12.6 ശ്രദ്ധിക്കൂ. ജലം ചൂടാകുമ്പോൾ അത് നീരാവിയായി ഉയർന്നു പൊങ്ങുന്നത് കണ്ടിട്ടില്ലേ? ഇതുപോലെ ഭൂമിയുടെ ഉപരിതലത്തിലെ ജലം ചൂടുപിടിച്ച് നീരാവിയായി അന്തരീക്ഷത്തിലെത്തിച്ചേരുന്നു.



ചിത്രം 12.6

അന്തരീക്ഷവായുവിലടങ്ങിയിരിക്കുന്ന ജലാംശമാണ് ആർദ്രത (Humidity). അന്തരീക്ഷതാപം, ഭൂമിയിലെ ജലലഭ്യത തുടങ്ങിയ ഘടകങ്ങൾ ഒരു പ്രദേശത്തെ ആർദ്രതയെ സ്വാധീനിക്കുന്നു.

ആർദ്രത അളക്കുന്നതിന് ആർദ്രതാമാപിനി (Hygrometer) എന്ന ഉപകരണമാണ് ഉപയോഗിക്കുന്നത് (ചിത്രം 12.7).

നീരാവിയായി അന്തരീക്ഷത്തിലെത്തുന്ന ജലത്തിന് തുടർന്ന് എന്തു സംഭവിക്കുന്നു എന്ന് നോക്കാം.




ചിത്രം 12.7
ആർദ്രതാമാപിനി



ചിത്രം 12.8

ഒരു കപ്പിൽ നിറയെ ഐസ് കഷണങ്ങൾ നിക്ഷേപിക്കുക (ചിത്രം 12.8). കപ്പിന് പുറത്ത് നേർത്ത ജലകണികകൾ പറ്റിപ്പിടിക്കുന്നത് കണ്ടില്ലേ? കപ്പ് കൂടുതൽ തണുക്കുന്തോറും ഈ ജലകണികകളുടെ വലിപ്പം കൂടിവരികയും അത് ഒലിച്ചിറങ്ങാൻ തുടങ്ങുകയും ചെയ്യും. ഈ ജലകണികകൾ എവിടെനിന്ന് വന്നതാണ്?

അന്തരീക്ഷവായുവിൽ അടങ്ങിയിരിക്കുന്ന നീരാവി കപ്പിന്റെ തണുത്ത പ്രതലത്തിൽത്തട്ടി തണുക്കുമ്പോൾ അത് ജലകണികകളായി മാറി അവിടെ പറ്റിപ്പിടിക്കുന്നു. നീരാവി തണുത്ത് ജലമായി മാറുന്ന ഈ പ്രക്രിയയെ ഘനീകരണം (Condensation) എന്നു വിളിക്കുന്നു. ഭൂമിയിൽനിന്ന് അന്തരീക്ഷത്തിലെത്തുന്ന നീരാവി ഘനീഭവിച്ച് നേർത്ത ജലകണികകളായി മാറുന്നു. അന്തരീക്ഷ ഊഷ്മാവ് കുറയുമ്പോൾ ഘനീകരണപ്രക്രിയ വളരെ വേഗത്തിൽ നടക്കുന്നു. അന്തരീക്ഷത്തിലടങ്ങിയിരിക്കുന്ന നേർത്ത പൊടിപടലങ്ങളെ (Aerosoles) കേന്ദ്രമാക്കി നീരാവി ഘനീഭവിക്കുന്നു. ഈ ജലകണികകൾ കൂടിച്ചേർന്നാണ് മേഘങ്ങൾ (Clouds) രൂപം കൊള്ളുന്നത് (ചിത്രം 12.9).



ചിത്രം 12.9 മേഘം

ആകാശം നിരീക്ഷിച്ച് വിവിധ ആകൃതിയിലുള്ള മേഘങ്ങളെ തിരിച്ചറിയാൻ ശ്രമിക്കുക.

അന്തരീക്ഷത്തിലെ നീരാവി ഘനീഭവിക്കുന്നതിലൂടെ മേഘങ്ങൾ മാത്രമല്ല രൂപപ്പെടുന്നത്. മൂടൽമഞ്ഞ്, തുഷാരം തുടങ്ങിയവ ഘനീകരണത്തിന്റെ മറ്റ് രൂപങ്ങളാണ്.

താഴ്വരകളിലും ജലാശയങ്ങൾക്കു മുകളിലും പുകപോലെ നേർത്ത ജലകണികകൾ തങ്ങിനിൽക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാകുമല്ലോ. ഘനീകരണത്തിന്റെ ഈ രൂപത്തെ മൂടൽമഞ്ഞ് (Fog) എന്ന് വിളിക്കുന്നു (ചിത്രം 12.10).



ചിത്രം 12.10
മൂടൽമഞ്ഞ്

തണുപ്പുള്ള പ്രഭാതങ്ങളിൽ പുൽനാമ്പുകളിലും മറ്റ് തണുത്ത പ്രതലങ്ങളിലും ജലകണികകൾ പറ്റിപ്പിടിച്ചിരിക്കുന്നത് നിങ്ങൾ കണ്ടിട്ടില്ലേ. ഇതാണ് തുഷാരം (Dew) (ചിത്രം 12.11).



ചിത്രം 12.11
തുഷാരം

ഐസ് കഷണങ്ങൾ നിക്ഷേപിച്ച കപ്പിന് പുറത്ത് ജലകണികകളുടെ വലിപ്പം വർദ്ധിച്ചു വരുന്നതും തുടർന്ന് താഴേക്ക് നീങ്ങുന്നതും നിങ്ങൾ ശ്രദ്ധിച്ചല്ലോ. കൂടുതൽ ഘനീഭവിക്കുന്നതിലൂടെ ജലകണികകളുടെ വലിപ്പവും ഭാരവും കൂടുന്നതിനാലാണ് ഭൂമിയുടെ ഗുരുത്വാകർഷണത്തിന് വിധേയമായി അവ താഴേക്ക് നീങ്ങുന്നത്. ഇതുപോലെ മേഘങ്ങളിലെ ജലകണികകളുടെ വലിപ്പം കൂടുമ്പോൾ അന്തരീക്ഷത്തിൽ തങ്ങിനിൽക്കാനാകാതെ അവ ഭൂമിയിലേക്ക് പതിക്കുന്നു. ഈ പ്രക്രിയയെ വർഷണം (Precipitation) എന്ന് വിളിക്കുന്നു. അന്തരീക്ഷതാപനിലയിലെ വ്യത്യാസങ്ങൾ വർഷണത്തിന്റെ വിവിധ രൂപങ്ങൾക്ക് കാരണമാകുന്നു (ചിത്രം 12.12).

**വർഷണം**

| മഴ | മഞ്ഞുവീഴ്ച | ആലിപ്പഴം |
|---|---|---|
| ജലകണികകളുടെ രൂപത്തിലുള്ള വർഷണം | നേർത്ത ഹിമകണികകളുടെ രൂപത്തിലുള്ള വർഷണം | മഞ്ഞുകട്ടകളുടെ രൂപത്തിലുള്ള വർഷണം |



ചിത്രം 12.12 വർഷണത്തിന്റെ വിവിധ രൂപങ്ങൾ

മഴ അളക്കുന്നതിനുള്ള ഉപകരണമാണ് മഴമാപിനി (Rain Gauge) (ചിത്രം 12.13). സെന്റിമീറ്റർ, ഇഞ്ച് എന്നീ ഏകകങ്ങളിലാണ് മഴ രേഖപ്പെടുത്തുന്നത്.



(ചിത്രം 12.13)
മഴമാപിനി

മർദ്ദവ്യത്യാസങ്ങൾ, കാറ്റുകൾ, ആർദ്രത, ഘനീകരണം, വർഷണം തുടങ്ങിയ അന്തരീക്ഷ പ്രതിഭാസങ്ങൾക്കെല്ലാം കാരണമാകുന്നത് സൗരോർജ്ജലഭ്യതയിലെ ഏറ്റക്കുറച്ചിലുകളാണെന്ന് നിങ്ങൾ മനസിലാക്കിയല്ലോ.

## ദിനാന്തരീക്ഷസ്ഥിതിയും കാലാവസ്ഥയും

ഒരു നിശ്ചിത സമയത്ത് ഒരു പ്രദേശത്ത് അനുഭവപ്പെടുന്ന അന്തരീക്ഷ അവസ്ഥയാണ് ദിനാന്തരീക്ഷസ്ഥിതി (Weather). ദീർഘകാലമായി ഒരു പ്രദേശത്ത് അനുഭവപ്പെടുന്ന ദിനാന്തരീക്ഷസ്ഥിതിയുടെ ശരാശരിയാണ് കാലാവസ്ഥ (Climate).

ഭൂമിയിലെ ചില മനുഷ്യപ്രവർത്തനങ്ങൾ കാലാവസ്ഥയെ ദോഷകരമായി ബാധിക്കുന്നുണ്ട്. കൽക്കരി, പെട്രോളിയം തുടങ്ങിയ ഫോസിൽ ഇന്ധനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നതിലൂടെ അന്തരീക്ഷത്തിൽ വർദ്ധിക്കുന്ന കാർബൺ ഡയോക്സൈഡ്, കാർബൺ മോണോക്സൈഡ് തുടങ്ങിയ വാതകങ്ങൾ അന്തരീക്ഷത്തിലെ ശരാശരി താപവർദ്ധന

വിന് കാരണമാകുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഫോസിൽ ഇന്ധനങ്ങൾക്ക് പകരം സൗരോർജം, കാറ്റിൽ നിന്നുള്ള ഊർജം തുടങ്ങിയ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം ഇതിന് ഒരളവുവരെ പരിഹാരമാണ്.

അന്തരീക്ഷ താപവർദ്ധനവിന് കാരണമാകുന്ന വാതകങ്ങളുടെ സ്രോതസുകളെപ്പറ്റി സൂചന നൽകുന്ന ചിത്രങ്ങളാണ് ചുവടെ നൽകിയിട്ടുള്ളത് (ചിത്രം 12.14):





ചിത്രം 12.14

ഇത്തരത്തിലുള്ള കൂടുതൽ ചിത്രങ്ങൾ ശേഖരിച്ച് ഒരു ചുമർപത്രിക തയാറാക്കുമല്ലോ. കാലാവസ്ഥാമാറ്റങ്ങൾക്ക് കാരണമാകുന്ന വിവിധ മനുഷ്യപ്രവർത്തനങ്ങളെക്കുറിച്ച് വായനാസാമഗ്രികളിൽനിന്നും വിവരം ശേഖരിച്ച് ഒരു സെമിനാർ പേപ്പർ തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.

കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാണ്. കാലാവസ്ഥാമാറ്റങ്ങളുടെ ഫലമായി പല ജന്തുവർഗ്ഗങ്ങൾക്കും വംശനാശം വന്നതിന്റെ ഉദാഹരണങ്ങൾ നിങ്ങൾ കേട്ടിട്ടുണ്ടാകും. മാനവരാശിക്കും ഈ ദുർവിധി ഉണ്ടാകാതിരിക്കുന്നതിന് അന്തരീക്ഷത്തിന്റെ ലോലസന്തുലനം കാത്തുസൂക്ഷിക്കേണ്ടത് നാം ഓരോരുത്തരുടെയും കർത്തവ്യമാണ്.



## സംഗ്രഹം

- നമ്മുടെ പ്രധാന ഊർജസ്രോതസ്സായ സൂര്യനിൽനിന്ന് സൂര്യരശ്മികളായി ഭൂമിയിലെത്തുന്ന ഊർജം ഭൗമോപരിതലത്തെ ചൂടാക്കുന്നു.
- ചൂടുപിടിച്ച ഭൗമോപരിതലത്തിൽനിന്നും വിവിധ പ്രക്രിയകളിലൂടെ അന്തരീക്ഷത്തിലേക്ക് താപം വ്യാപിക്കുന്നു.
- അന്തരീക്ഷതാപം എല്ലായിടത്തും ഒരുപോലെയല്ല.
- അന്തരീക്ഷതാപനിലയിലെ ഏറ്റക്കുറച്ചിലുകളാണ് മർദ്ദവ്യത്യാസം, കാറ്റ്, ആർദ്രത, ഘനീകരണം, വർഷണം തുടങ്ങിയവയ്ക്ക് കാരണമാകുന്നത്.
- ദിനാന്തരീക്ഷസ്ഥിതിയുടെ ശരാശരിയാണ് കാലാവസ്ഥ.
- ചില മനുഷ്യപ്രവർത്തനങ്ങൾ കാലാവസ്ഥയെ ദോഷകരമായി ബാധിക്കുന്നു.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- സൂര്യനാണ് ഭൂമിയുടെ പ്രധാന ഊർജസ്രോതസ്സെന്ന് സമർഥിക്കുന്നു.
- അന്തരീക്ഷ താപനിലയിലെ ഏറ്റക്കുറച്ചിലുകൾക്കുള്ള കാരണങ്ങൾ വിശദീകരിക്കുന്നു.
- താപവ്യത്യാസം മറ്റ് അന്തരീക്ഷപ്രതിഭാസങ്ങൾക്ക് കാരണമാകുന്നതെങ്ങനെയെന്ന് വിശകലനം ചെയ്യുന്നു.
- ഊഷ്മാവ്, മർദ്ദം, വായുവിന്റെ ചലനം എന്നിവ തമ്മിലുള്ള പരസ്പരബന്ധം ചിത്രീകരിക്കുന്നു.
- അന്തരീക്ഷത്തിൽ ജലബാഷ്പം ഉണ്ടെന്ന് തിരിച്ചറിയുന്നതിനും ഘനീകരണപ്രക്രിയ ബോധ്യപ്പെടുന്നതിനും ലഘുപരീക്ഷണം നടത്തുന്നു.
- കാലാവസ്ഥയും ദിനാന്തരീക്ഷസ്ഥിതിയും തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- അന്തരീക്ഷത്തിന്റെ ലോലസന്തുലനത്തിന്റെ ആവശ്യകത മനസിലാക്കുകയും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.

## വിലയിരുത്താം

1. സൂര്യപ്രകാശം നിരന്തരം ഭൂമിയിൽ എത്തിച്ചേരുന്നുണ്ടെങ്കിലും ഭൂമിയുടെ ഉപരിതലതാപം ക്രമാതീതമായി ഉയരുന്നില്ല. ഇത് എന്തുകൊണ്ടാണ്?
2. മേഘാവൃതമായ ദിവസങ്ങളിൽ ഉഷ്ണം കൂടാൻ കാരണമെന്ത്?
3. താഴെ പറയുന്ന അന്തരീക്ഷപ്രതിഭാസങ്ങൾക്ക് താപനിലയുമായുള്ള ബന്ധമെന്ത്?
    - കാറ്റ്
    - ആർദ്രത
4. അന്തരീക്ഷതാപനില ഉയരുന്നതിന് കാരണമായ മനുഷ്യപ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങൾ കണ്ടെത്തുക.

## തുടർപ്രവർത്തനങ്ങൾ

- സാമൂഹ്യശാസ്ത്ര ലാബിലെ ഉഷ്ണമാപിനി ഉപയോഗിച്ച് എല്ലാ ദിവസവും നിശ്ചിത സമയത്തെ അന്തരീക്ഷ ഊഷ്മാവ് അളന്ന് പട്ടികപ്പെടുത്തുക.
- ഒരു ഉഷ്ണമാപിനി, മർദ്ദമാപിനി എന്നിവ ഉപയോഗിച്ച് വിവിധ സമയങ്ങളിലെ ഊഷ്മാവും മർദ്ദവും അളന്ന് പട്ടികപ്പെടുത്തുക. പട്ടിക വിശകലനം ചെയ്ത് ഊഷ്മാവും മർദ്ദവും തമ്മിലുള്ള ബന്ധം കണ്ടെത്തുക.
- സാമൂഹ്യശാസ്ത്ര അധ്യാപകന്റെ സഹായത്തോടെ ഒരു മഴമാപിനി നിർമ്മിക്കാം. അടുത്ത മഴക്കാലത്ത് പെയ്യുന്ന മഴയുടെ അളവ് അതുപയോഗിച്ച് കണക്കാക്കുക.
- നിങ്ങളുടെ പഠനയാത്രയുടെ ഭാഗമായി കാലാവസ്ഥാ നിരീക്ഷണകേന്ദ്രം സന്ദർശിച്ച് വിവിധ ഉപകരണങ്ങളും അവയുടെ പ്രവർത്തനരീതിയും മനസ്സിലാക്കുക.



# 13

# ഇന്ത്യയിലൂടെ...

വർഷത്തിന്റെ ഏറിയ പങ്കും മഞ്ഞുറഞ്ഞ് ദുർഘടമായ പർവതനിരകൾ, വമ്പൻ നദികൾ, പകൽച്ചൂട് 50° സെൽഷ്യസിനും മുകളിലെത്തുന്ന ചുട്ടുപൊള്ളുന്ന മരുഭൂമി, ലോകത്തിൽ ഏറ്റവും കൂടുതൽ മഴപെയ്യുന്ന സ്ഥലം, ... ഭൂപ്രകൃതിയിലും കാലാവസ്ഥയിലും മാത്രമല്ല കൃഷിയിലുമുണ്ട് വൈവിധ്യങ്ങൾ. ഗോതമ്പും ചോളവും കരിമ്പുമൊക്കെ കൃഷിചെയ്യുന്ന വിശാലമായ സമതലങ്ങൾ, ഏലം, കുരുമുളക് തുടങ്ങിയ സുഗന്ധവിളകൾ വിളയുന്ന മല മടക്കുകൾ, തെങ്ങും നെല്ലും വളരുന്ന ദൈർഘ്യമേറിയ തീരദേശങ്ങൾ. നാടിന്റെ ഈ വൈവിധ്യങ്ങൾക്കൊത്ത് ജീവിതം ക്രമപ്പെടുത്തിയിട്ടുള്ള വ്യത്യസ്തരായ മനുഷ്യർ. അവർക്കിടയിൽ വ്യത്യസ്ത മതവിശ്വാസങ്ങൾ, ആചാരങ്ങൾ, ആഘോഷങ്ങൾ, ... ഭാഷ, ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയിലുമുണ്ട് വൈവിധ്യങ്ങൾ. ഇതെല്ലാം ചേർന്നതാണ് ഇന്ത്യ.

ഇന്ത്യയുടെ ഭൂപ്രകൃതി, നദികൾ, കാലാവസ്ഥ, മണ്ണ്, സസ്യജന്തുജാലങ്ങൾ എന്നിവയിലെ വൈവിധ്യങ്ങളെക്കുറിച്ചാണ് ഈ പാഠഭാഗം ചർച്ച ചെയ്യുന്നത്.

ഭൂമധ്യരേഖയ്ക്ക് വടക്ക് ഉത്തര അക്ഷാംശം 8°4' മുതൽ 37°6' വരെയും പൂർവരേഖാംശം 68°7' മുതൽ 97°25' വരെയുമാണ് ഇന്ത്യയുടെ സ്ഥാനം. 3.28 ദശലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഇന്ത്യയ്ക്ക് ലോകരാജ്യങ്ങളിൽ വലിപ്പത്തിൽ ഏഴാം സ്ഥാനമുണ്ട്.



# ഹിമവാന്റെ മടിയിൽ



ചിത്രം ശ്രദ്ധിച്ചില്ലേ. ജമ്മുകാശ്മീരിലെ ഒരു ഉൾനാടൻ ഗ്രാമത്തിലെ വീടാണ് ചിത്രത്തിൽ. പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ഈ വീടിന്റെ പശ്ചാത്തലത്തിൽ മഞ്ഞുമൂടിയ ഹിമാലയപർവ്വതനിരകളുടെ താഴ്‌വരയാണ് നിങ്ങൾ കാണുന്നത്.

ഈ പർവതനിരകളിൽ ഇന്ത്യയുടെ വടക്കുപടിഞ്ഞാറ് ജമ്മുകാശ്മീർ മുതൽ വടക്കുകിഴക്ക് അരുണാചൽ പ്രദേശ് വരെ നീളുന്ന ഭാഗത്തിന് ഏകദേശം 2400 കി.മീ. നീളമുണ്ട്. ജമ്മു കാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, സിക്കിം, അരുണാചൽ പ്രദേശ്, നാഗാലാന്റ്, മണിപ്പൂർ, മേഘാലയ, മിസോറം, ത്രിപുര എന്നീ സംസ്ഥാനങ്ങളുടെ ഭൂരിഭാഗം പ്രദേശങ്ങളും ഈ പർവതനിരകളുടെ ഭാഗമാണ്. ഉത്തരപർവതമേഖല എന്നാണ് ഈ ഭൂപ്രകൃതി വിഭാഗം പൊതുവെ അറിയപ്പെടുന്നത്.

ഹിമാലയത്തിന്റെ ഏറ്റവും ഉയരം കൂടിയ ഭാഗങ്ങളിൽ വർഷംമുഴുവൻ മഞ്ഞുമൂടി കിടക്കുന്നു. ഇവിടെ സ്ഥിരമായ ജനവാസമില്ല. കാഞ്ചൻജംഗ, നന്ദാദേവി തുടങ്ങിയ ഉയരം കൂടിയ കൊടുമുടികൾ ഹിമാലയനിരകളുടെ ഭാഗമാണ്. എവറസ്റ്റ് കൊടുമുടിയാണ് ഈ നിരകളിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി. ഇത് നേപ്പാളിലാണ്. സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികൾ ഹിമാലയപർവ്വതനിരകളിൽനിന്നും ഉത്ഭവിക്കുന്നവയാണ്.



എവറസ്റ്റ് കൊടുമുടി

ഹിമാലയത്തിലെ മഞ്ഞുമൂടിയ പർവ്വതനിരകൾക്ക് തൊട്ടു തെക്കുഭാഗത്ത് തണുപ്പിന്റെ തീവ്രത കുറവാണ്. ഏറെ പ്രകൃതിഭംഗിയുള്ള ഈ മേഖലയിൽ സിംല, ഡാർജിലിങ്, കുളു,

മനാലി തുടങ്ങിയ നിരവധി സുഖവാസ കേന്ദ്ര ങ്ങളുണ്ട്.

ഉരുളക്കിഴങ്ങ്, ബാർളി, കുങ്കുമപ്പൂവുൾപ്പെടെ മറ്റു പലതരം പൂക്കൾ എന്നിവ ഇവിടത്തെ പ്രധാന കൃഷിയിനങ്ങളാണ്.

ആപ്പിൾ, ഓറഞ്ച് തുടങ്ങിയ പഴവർഗ്ഗങ്ങളും തേയിലയും ഈ മേഖലയിൽ കൃഷിചെയ്യുന്ന വിളകളാണ്.



ഹിമാചൽപ്രദേശിലെ ആപ്പിൾ തോട്ടം

ഹിമാലയ നിരകളുടെ ഏറ്റവും തെക്കുഭാഗത്ത് കുന്നുകൾക്ക് ഉയരം കുറവാണ്. ഈ മേഖലയിൽ വൈവിധ്യമാർന്ന വിളകൾ കൃഷിചെയ്യുന്നു. ഉത്തരപർവ്വത മേഖലയിൽ ഏറ്റവും ജനസാന്ദ്രത കൂടിയ മേഖലയാണിത്. മഞ്ഞുമൂടിയ ഹിമാലയ നിരകളിൽനിന്നും ഉത്ഭവിക്കുന്ന നദികൾ ഒഴുക്കിക്കൊണ്ടുവന്ന മണൽ, ചെളി, ഉരുളൻ കല്ലുകൾ എന്നിവയുടെ കനത്ത നിക്ഷേപങ്ങൾ നിറഞ്ഞതാണ് ഈ താഴ്വാരമേഖല.



ജമ്മുകാശ്മീരിലെ കുങ്കുമപ്പൂകൃഷി

**ഉത്തരപർവതമേഖലയുടെ പ്രാധാന്യം**

ഉത്തരപർവതമേഖല നമുക്ക് എത്രമാത്രം സഹായകമാണെന്നറിയേണ്ടേ?

- കാലാവസ്ഥയെ സ്വാധീനിക്കുന്നു.

  ശൈത്യകാലത്ത് മധ്യ ഏഷ്യയിൽനിന്നും വീശുന്ന ശീതക്കാറ്റിനെ ഇന്ത്യയിലേക്കു കടത്തിവിടാതെ നമ്മെ സംരക്ഷിക്കുന്നു. മൺസൂൺ കാറ്റുകളെ തടഞ്ഞ് ഉത്തരേന്ത്യയിലുടനീളം മഴപെയ്യിക്കുന്നതും ഉത്തരപർവതനിരകളാണ്.



ഈ പർവതങ്ങൾ ഇല്ലായിരുന്നെങ്കിലോ?

- പ്രകൃതിദത്തമായ കോട്ട

  പുരാതനകാലം മുതൽക്കുതന്നെ വടക്കുപടിഞ്ഞാറു നിന്നുള്ള ആക്രമണങ്ങളിൽ നിന്നും ഒരു പരിധിവരെ നമ്മെ സംരക്ഷിക്കുന്നത് ഈ പർവതനിരകളാണ്.


- നദികളുടെ ഉത്ഭവപ്രദേശം

  സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികളും അവയുടെ നിരവധിയായ പോഷകനദികളും ഉത്ഭവിക്കുന്നത് ഈ പർവതനിരകളിൽനിന്നാണ്.

  ഉത്തരപർവതമേഖല മറ്റേതെല്ലാം വിധത്തിൽ പ്രയോജനപ്പെടുന്നുണ്ടെന്ന് കണ്ടെത്താൻ ശ്രമിക്കു.

## ഉത്തരേന്ത്യയിലെ സമതലം

ചിത്രം ശ്രദ്ധിക്കൂ.



ഉത്തരേന്ത്യയിലെ വിശാലമായ സമതലഭൂപ്രകൃതിയാണ് ചിത്രത്തിൽ.

രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമബംഗാളിന്റെ കുറേ ഭാഗങ്ങൾ എന്നിവ ഉൾപ്പെടുന്ന പ്രദേശം സമതലമാണ്. സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികളും അവയുടെ പോഷകനദികളും ഒഴുക്കിക്കൊണ്ടുവന്ന എക്കൽമണ്ണ് നിക്ഷേപിക്കപ്പെട്ടാണ് ഈ സമതലം രൂപം കൊണ്ടിട്ടുള്ളത്. ഉത്തരമഹാസമതലം, സിന്ധു-ഗംഗ-ബ്രഹ്മപുത്ര സമതലം എന്നീ പേരുകളിലാണ് ഈ സമതലം അറിയപ്പെടുന്നത്. ഇന്ത്യയിൽ വളരെക്കൂടുതൽ ജനസംഖ്യയുള്ള പ്രദേശമാണിത്.

ഗോതമ്പ്, ചോളം, നെല്ല്, കരിമ്പ്, പരുത്തി, പയറുവർഗങ്ങൾ എന്നിങ്ങനെ ഉത്തരമഹാസമതലത്തിൽ കൃഷിചെയ്യുന്ന വിളകൾ നിരവധിയാണ്.



ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ് ഉത്തരമഹാസമതലം എന്നു പറയാറുണ്ട്. ഇത് എന്തുകൊണ്ടായിരിക്കാം?

മറ്റ് ഭൂപ്രകൃതി വിഭാഗങ്ങളെ അപേക്ഷിച്ച് റെയിൽ, റോഡ്, കനാൽ എന്നിവയുടെ ശൃംഖല ഏറ്റവും കൂടുതൽ ഈ ഭൂപ്രകൃതി വിഭാഗത്തിലാണ്. എന്തുകൊണ്ട്?

ഈ സമതലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് മഴ തീരെക്കുറഞ്ഞ അളവിൽ മാത്രമേ ലഭിക്കുന്നുള്ളൂ. അതുകൊണ്ടുതന്നെ ഇന്ത്യയുടെ വടക്കുപടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന രാജസ്ഥാന്റെ മിക്ക പ്രദേശങ്ങളും മരുഭൂമിയാണ്. മരുസ്ഥലി എന്നറിയപ്പെടുന്ന ഈ പ്രദേശത്ത് ജനവാസം തീരെക്കുറവാണ്. എന്തായിരിക്കാം കാരണം?

അയൽസംസ്ഥാനങ്ങളിൽ ഗോതമ്പ്, ചോളം എന്നിവ വ്യാപകമായി കൃഷി ചെയ്യുമ്പോൾ ജോവർ, ബജ്റ തുടങ്ങിയ വിളകളാണ് രാജസ്ഥാനിൽ പ്രധാനമായും കൃഷി ചെയ്യുന്നത്. ഈ വിളകളുടെ വളർച്ചയ്ക്ക് വെള്ളം കുറഞ്ഞ അളവിൽ മതി.

**ഒരു രാജസ്ഥാൻ കാഴ്ച**

ഇന്ത്യയുടെ വടക്കുപടിഞ്ഞാറ് രാജസ്ഥാൻ സംസ്ഥാനത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഉൾക്കൊള്ളുന്ന ഉഷ്ണമരുഭൂമിയാണ് ഥാർ. മഴ വളരെ വിരളമായ ഇവിടെ മുൾച്ചെടികളും കുറ്റിക്കാടുകളുമാണ് സ്വാഭാവിക സസ്യജാലങ്ങൾ. വിശാല മണൽപരപ്പുകളും മണൽക്കുന്നുകളും ഇവിടത്തെ പ്രത്യേകതയാണ്. ശുദ്ധജലത്തിന്റെ മൂല്യം നന്നായി അറിയുന്നവരാണ് രാജസ്ഥാനിലെ ജനങ്ങൾ. കേരളത്തിൽ ഒന്നോ രണ്ടോ ദിവസം ലഭിക്കുന്നത്ര മഴയാണ് ആ സംസ്ഥാനത്ത് ഒരു വർഷം ആകെ ലഭിക്കുന്നത്. കിലോമീറ്ററുകൾ നീളുന്നവയാണ് കുടിവെള്ളത്തിനായുള്ള ഈ ഗ്രാമീണരുടെ യാത്രകൾ.



## പീഠഭൂമിയിലൂടെ ...

ഉത്തരപർവ്വതമേഖലയിൽനിന്നും ദക്ഷിണേന്ത്യയിലേക്ക് യാത്ര ചെയ്താൽ സമതല പ്രദേശം കടന്നെത്തുക വിശാലമായ ഒരു പീഠഭൂമിപ്രദേശത്തേക്കാണ്. മധ്യപ്രദേശ്, ഝാർഖണ്ഡ്, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളും കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒഡിഷ, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളുടെ ചില പ്രദേശങ്ങളും ഉൾപ്പെട്ട ഈ പീഠഭൂമി പ്രദേശത്തെ ഉപദ്വീപീയ പീഠഭൂമി എന്നു വിളിക്കുന്നു. ഉപദ്വീപീയ പീഠഭൂമിയുടെ ഭാഗമാണ് ഡക്കാൻ പീഠഭൂമി. ഈ പീഠഭൂമിയുടെ മിക്ക ഭാഗങ്ങളും പണ്ടെന്നോ ഒഴുകിപ്പരന്ന ലാവ തണുത്തുറഞ്ഞാണ് രൂപം കൊണ്ടിട്ടുള്ളത്. ഇത് പൊടിഞ്ഞുണ്ടായ കറുത്ത മണ്ണ് പരുത്തി കൃഷിക്ക് ഏറെ അനുയോജ്യമാണ്.

വിന്ധ്യ, സത്പുര, ആരവല്ലി, പശ്ചിമഘട്ടം, പൂർവ്വഘട്ടം എന്നീ പർവതനിരകൾ ഉപദ്വീപീയ പീഠഭൂമിയുടെ ഭാഗമാണ്. കേരളത്തിലെ ആനമുടിയാണ് ഈ മേഖലയിലെ ഏറ്റവും ഉയരം കൂടിയ ഭാഗം.

പരുത്തി, പയറുവർഗങ്ങൾ, നിലക്കടല, കരിമ്പ്, ചോളം, റാഗി, മുളക് എന്നീ വിളകളാണ് പീഠഭൂമി പ്രദേശത്തെ പ്രധാന കൃഷി. കൽക്കരി, ഇരുമ്പയിര്, മാംഗനീസ്, ബോക്സൈറ്റ്, ചുണ്ണാമ്പ്കല്ല് തുടങ്ങിയ ധാതുനിക്ഷേപങ്ങളുള്ള ഈ പീഠഭൂമിയിൽ ഖനനവും ധാതു അധിഷ്ഠിത വ്യവസായങ്ങളും ഒരു പ്രധാന തൊഴിൽമേഖലയാണ്.

ഗോദാവരി, മഹാനദി, കൃഷ്ണ, കാവേരി, നർമ്മദ, താപ്തി എന്നീ നദികൾ ഉപദ്വീപീയ പീഠഭൂമി പ്രദേശങ്ങളിൽനിന്ന് ഉത്ഭവിക്കുന്നവയാണ്.



പീഠഭൂമിയിലെ ഒരു കൽക്കരിഖനി

## തീരസമതലങ്ങളിലേക്ക്

പീഠഭൂമിയിൽനിന്നും ഉത്ഭവിച്ചൊഴുകുന്ന നദികളെ പിന്തുടർന്നാൽ എത്തിച്ചേരുക തീര സമതലങ്ങളിലാണ്. ഏകദേശം 6100 കി. മീ. ദൈർഘ്യമുള്ള കടൽത്തീരം ഇന്ത്യയ്ക്കുണ്ട്. സാമൂഹ്യശാസ്ത്രലാബിലെ ഇന്ത്യയുടെ ഭൗതികഭൂപടം നിരീക്ഷിക്കൂ. ബംഗാൾ ഉൾക്കടലിനോട് ചേർന്ന കിഴക്കൻ തീരവും അറബിക്കടലിനോട് ചേർന്ന പടിഞ്ഞാറൻ തീരവും കണ്ടല്ലോ. പടിഞ്ഞാറൻ തീരസമതലത്തിന് വീതി കിഴക്കൻ തീരത്തെ അപേക്ഷിച്ച് കുറവാണ്. ഈ സമതലത്തിന്റെ ഭാഗമായ കേരളതീരത്ത് നിരവധി കായലുകളുണ്ട്. നെല്ല്, തെങ്ങ് എന്നിവ പടിഞ്ഞാറൻ തീരത്തെ പ്രധാന കാർഷികവിളകളാണ്.

കിഴക്കൻ തീരസമതലത്തിലെ കാവേരി, കൃഷ്ണ, ഗോദാവരി, മഹാനദി തടങ്ങളിൽ വ്യാപകമായി നെല്ല് കൃഷി ചെയ്യുന്നു. മത്സ്യബന്ധനമാണ് തീരത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ.

### പവിഴദ്വീപുകൾ

ഉഷ്ണമേഖലയിലെ സമുദ്രങ്ങളിൽ കാണപ്പെടുന്ന കോറൽ പോളിപ്പുകൾ എന്ന ചെറു സമുദ്രജീവികളുടെ കാൽസ്യംസ്രാവം അടിഞ്ഞുകൂടി പവിഴപ്പുറ്റുകൾ രൂപം കൊള്ളുന്നു. വിവിധ ആകൃതികളിൽ കാണപ്പെടുന്ന ഈ പവിഴപ്പുറ്റുകൾക്ക് മേൽ ദ്വീപുകൾ രൂപപ്പെടുന്നു. ഇന്ത്യയിലുൾപ്പെട്ട ലക്ഷദ്വീപും ആന്റമാൻ നിക്കോബാറിലെ ചില ദ്വീപുകളും ഇത്തരത്തിൽ രൂപപ്പെട്ടതാണ്. ശക്തമായ തിരയിൽ നിന്ന് ഈ ദ്വീപുകളെ സംരക്ഷിക്കുന്നതും ഈ പവിഴപ്പുറ്റുകളാണ്.



## സമുദ്രത്തിലെ പച്ചത്തുരുത്തുകൾ


സമുദ്രത്താൽ ചുറ്റപ്പെട്ട ചെറുഭൂഭാഗങ്ങളാണ് ദ്വീപുകൾ. അറബിക്കടലിലെ ലക്ഷദ്വീപ് ദ്വീപസമൂഹവും ബംഗാൾ ഉൾക്കടലിലെ ആൻഡമാൻ, നിക്കോബാർ ദ്വീപസമൂഹവും ഭൂപടങ്ങളിൽ നിങ്ങൾ കണ്ടിട്ടുണ്ടാകും. ലക്ഷദ്വീപിൽ മിക്കവയും പവിഴ ദ്വീപുകളാണ്. കൃഷി നാമമാത്രമായ ലക്ഷദ്വീപിൽ സമുദ്രത്തെ ആശ്രയിച്ചാണ് ജനജീവിതം.

ആൻഡമാൻ, നിക്കോബാർ ദ്വീപുകളിൽ മിക്കവയിലും നിബിഡമായ വനങ്ങളാണ്.

ഇന്ത്യയുടെ ഭൂപ്രകൃതി വൈവിധ്യത്തെക്കുറിച്ച് ഇപ്പോൾ നിങ്ങൾ സാമാന്യധാരണ നേടിയിട്ടുണ്ടാകും. ഇന്ത്യയിലെ ഭൂപ്രകൃതി വിഭാഗങ്ങൾ ചുവടെ ചേർക്കുന്നവയാണ്:

- ഉത്തരപർവ്വതമേഖല
- ഉത്തരമഹാസമതലം
- ഉപദ്വീപീയ പീഠഭൂമി
- തീരസമതലങ്ങളും ദ്വീപുകളും

ചുവടെ നൽകിയിട്ടുള്ള ഇന്ത്യയുടെ ഭൂപ്രകൃതി ഭൂപടത്തിലെ (ചിത്രം 13.1) ഭൂപ്രകൃതി വിഭാഗങ്ങൾ ഓരോന്നും തിരിച്ചറിഞ്ഞ് സൂചിക പൂർത്തിയാക്കൂ.




ചിത്രം 13.1

## ഇന്ത്യയിലെ നദികൾ

ഇന്ത്യയിൽ പണ്ടുമുതൽക്കുതന്നെ ജനങ്ങൾ സ്ഥിരതാമസത്തിന് തെരഞ്ഞെടുത്തിരുന്ന സ്ഥലങ്ങളാണ് നദീതടങ്ങൾ.

ഇന്ത്യയിൽ കൃഷി അഭിവൃദ്ധിപ്പെടുന്നതിലും കൃഷിയെ അടിസ്ഥാനമാക്കി ഒരു സംസ്കാരം രൂപപ്പെടുന്നതിലും നദികളുടെ പങ്ക് നിസ്തുലമാണ്.

നദികൾ കൊണ്ടുള്ള പ്രയോജനങ്ങൾ നിങ്ങൾ മുൻ അധ്യായത്തിൽ പഠിച്ചിട്ടുണ്ട്.




ചിത്രത്തിൽ കാണുന്നത് ഗംഗാ നദിക്കരയിലെ വാരണാസിയുടെ ദൃശ്യമാണ്. വാരണാസി പട്ടണം രൂപം കൊള്ളുന്നതിൽ ഈ നദിയുടെ സ്വാധീനം എത്രമാത്രം ഉണ്ടായിരിക്കാം? ക്ലാസിൽ ചർച്ച ചെയ്യൂ.

സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികളും അവയുടെ പോഷകനദികളുമാണ് ഉത്തരേന്ത്യയിലെ പ്രധാനപ്പെട്ട ജലസ്രോതസുകൾ. ഹിമാലയത്തിൽനിന്നും ഉത്ഭവിക്കുന്ന നദികളെ ഹിമാലയൻ നദികൾ എന്നു വിളിക്കുന്നു. ഹിമാലയത്തിലെ മഞ്ഞുമൂടിയ പ്രദേശത്തുനിന്ന് ഉത്ഭവിക്കുന്നതുകൊണ്ട് ഇവ വേനൽക്കാലത്തും ജലസമൃദ്ധമാണ്. ഹിമാലയൻ നദികൾ ഒഴുക്കികൊണ്ടുവന്ന എക്കൽ നിക്ഷേപിക്കപ്പെട്ടാണ് ഉത്തരമഹാസമതലം രൂപപ്പെട്ടത്. ഈ നദികൾ ഒഴുകുന്ന സംസ്ഥാനങ്ങൾ, എത്തിച്ചേരുന്ന സമുദ്രങ്ങൾ എന്നിവ ഭൂപടം നിരീക്ഷിച്ച് കണ്ടെത്തൂ.

ഉപദ്വീപീയ പീഠഭൂമിയിൽനിന്നും ഉത്ഭവിക്കുന്ന നദികൾ ഉപദ്വീപീയ നദികൾ എന്നറിയപ്പെടുന്നു. ഗോദാവരി, മഹാനദി, കൃഷ്ണ, കാവേരി, നർമ്മദ, താപ്തി എന്നിവയാണ് പ്രധാന ഉപദ്വീപീയ നദികൾ. ഈ നദികൾ മഴയെ ആശ്രയിക്കുന്നതിനാൽ വേനൽക്കാലത്ത് അവയിൽ വെള്ളം തീരെ കുറവായിരിക്കും.

ഭൂപടം നിരീക്ഷിച്ച് ഉപദ്വീപീയ നദികളെ അവ എത്തിച്ചേരുന്ന സമുദ്രത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കുക.


| അറബിക്കടലിൽ ചേരുന്നവ | ബംഗാൾ ഉൾക്കടലിൽ ചേരുന്നവ |
|---|---|
| • <br> • | • <br> • |


ഇന്ത്യ
നദികൾ
N
250 0 250 Kilometres
സിന്ധു
ലൂണി
ബ്രഹ്മപുത്ര
ഗംഗ
നർമ്മദ
താപ്തി
മഹാനദി
ഗോദാവരി
കൃഷ്ണ
അറബിക്കടൽ
ബംഗാൾ ഉൾക്കടൽ
ആൻഡമാൻ നിക്കോബാർ ദ്വീപുകൾ
കാവേരി
ലക്ഷദ്വീപ്
പെരിയാർ

ചിത്രം 13.2

## ഇന്ത്യയിലെ മണ്ണിനങ്ങൾ

മണ്ണിന്റെ പ്രാധാന്യത്തെക്കുറിച്ച് മുൻ അധ്യായത്തിൽ നിങ്ങൾ പഠിച്ചിട്ടുണ്ട്. ഇന്ത്യ ഒരു കാർഷിക രാജ്യമായതിനുപിന്നിൽ മണ്ണിനങ്ങൾക്ക് ഗണ്യമായ പങ്കുണ്ട്. വൈവിധ്യമാർന്ന മണ്ണിനങ്ങൾ വ്യത്യസ്ത വിളകളുടെ വളർച്ചയ്ക്ക് സഹായകമാകുന്നു. ഭൂപടം (ചിത്രം 13.3) നിരീക്ഷിച്ച് ഇന്ത്യയിലെ പ്രധാന മണ്ണിനങ്ങൾ തിരിച്ചറിയൂ.




ചിത്രം 13.3

- എക്കൽ മണ്ണ്
- 
- 
- 

ഉത്തരമഹാസമതലത്തിലെയും മറ്റ് നദീതടങ്ങളിലെയും മണ്ണിനമായ എക്കൽ മണ്ണാണ് ഏറ്റവും ഫലപുഷ്ടമായത്. എക്കൽ മണ്ണ് നിറഞ്ഞ നമ്മുടെ നദീതടങ്ങൾ പണ്ടുമുതൽക്കു തന്നെ സമൃദ്ധമായ കാർഷികമേഖലയാണ്. ഉപദ്വീപീയ പീഠഭൂമിയിലെ കറുത്തമണ്ണ് പരുത്തി, കരിമ്പ് തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്നതിന് അനുയോജ്യമാണ്. പീഠഭൂമി പ്രദേശത്തെ മറ്റു പ്രധാന മണ്ണിനങ്ങളാണ് ചെമ്മണ്ണും ലാറ്ററൈറ്റും. ഇവ ഫലപുഷ്ടി കുറഞ്ഞവയാണെങ്കിലും വളപ്രയോഗത്തിലൂടെ കൃഷിക്ക് ഉപയുക്തമാക്കുന്നുണ്ട്. രാജസ്ഥാൻ മരുഭൂമിയിലെ മണ്ണിൽ ജലാംശം കുറവായതിനാൽ അവിടെ കാർഷിക പ്രവർത്തനങ്ങൾക്ക് ജലസേചനം കൂടിയേ തീരൂ. വനനിബിഡമായ പർവ്വത പ്രദേശങ്ങളിലെ മണ്ണാണ് പർവതമണ്ണ്. ഈ മണ്ണിൽ ജൈവാംശം കൂടുതലാണ്.

## കാലാവസ്ഥ

ഇന്ത്യയിലെ കാലാവസ്ഥയിൽ ഏറെ വൈവിധ്യങ്ങളുണ്ട്.

ലോകത്തിലെ തന്നെ ഏറ്റവും സമൃദ്ധമായി മഴ ലഭിക്കുന്ന ചിറാപുഞ്ചി ഇന്ത്യയിലാണ്. തണുപ്പുകാലത്ത് ഡൽഹി 0° സെൽഷ്യസിനോടടുത്ത് തണുത്തുവിറയ്ക്കുമ്പോൾ വേനലിന്റെ പാരമ്യത്തിൽ 40° സെൽഷ്യസിനുമേൽ ചുട്ടുപൊള്ളുന്നു. കാശ്മീരിലെ കാർഗിൽ, ദ്രാസ് എന്നിവിടങ്ങളിൽ ശൈത്യകാലത്ത് താപനില -40° സെൽഷ്യസ് വരെ താഴാറുണ്ട്. ഈ വൈവിധ്യങ്ങൾ നിലനില്ക്കുമ്പോഴും ഇന്ത്യയുടെ കാലാവസ്ഥ ഉഷ്ണമേഖലാ മൺസൂൺ കാലാവസ്ഥ എന്നാണ് പൊതുവെ അറിയപ്പെടുന്നത്. ഇന്ത്യയിൽ പൊതുവെ മൂന്ന് വ്യത്യസ്ത കാലങ്ങൾ അനുഭവപ്പെടുന്നു.

- ഉഷ്ണകാലം (Summer Season)
- ശൈത്യകാലം (Winter Season)
- മഴക്കാലം (Rainy Season)

### ഉഷ്ണകാലം

മാർച്ച് മുതൽ മേയ് വരെയാണ് ഇന്ത്യയിൽ ഉഷ്ണകാലം അനുഭവപ്പെടുന്നത്. ഈ കാലയളവിൽ ഉത്തരേന്ത്യയിൽ അത്യുഷ്ണം അനുഭവപ്പെടുന്നു. ദക്ഷിണേന്ത്യയുടെ തീരപ്രദേശങ്ങളിൽ സമുദ്രസാമീപ്യമുള്ളതിനാൽ ഉഷ്ണം കഠിനമാകാറില്ല. ഈ കാലയളവിൽ ഇന്ത്യയിൽ പൊതുവേ വരൾച്ച അനുഭവപ്പെടുന്നു. ചിലയിടങ്ങളിൽ ഒറ്റപ്പെട്ട വേനൽമഴ ലഭിക്കാറുണ്ട്.

## വരൾച്ച എന്ന പ്രകൃതി ദുരന്തം



കുറഞ്ഞ മഴയോ ജലത്തിന്റെ അമിത ചൂഷണമോ കാരണം കടുത്ത ജലദൗർലഭ്യം അനുഭവപ്പെടുന്ന സാഹചര്യമാണ് വരൾച്ച. ഇന്ത്യയിൽ ഏകദേശം മൂന്നിലൊരു ഭാഗം പ്രദേശങ്ങളും വരൾച്ചാ ബാധിതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിളനാശം, ശുദ്ധജലദൗർലഭ്യം തുടങ്ങിയ ദുരവസ്ഥകൾക്ക് കാരണമാകുന്ന ഈ പ്രകൃതിദുരന്തത്തിന്റെ തീവ്രത കുറയ്ക്കാൻ എന്തൊക്കെ ചെയ്യാനാകുമെന്ന് നോക്കൂ.

- ജലസമൃദ്ധമായ നദികളെ വരണ്ട പ്രദേശങ്ങളിലെ നദികളുമായി ബന്ധിപ്പിക്കാം.
- വരൾച്ചയെ അതിജീവിക്കുന്ന വിളകൾ കൃഷി ചെയ്യാം.
- മഴവെള്ളക്കൊയ്ത്ത് നടപ്പിലാക്കാം.

### ശൈത്യകാലം

ഡിസംബർ മുതൽ ഫെബ്രുവരി വരെയാണ് ഇന്ത്യയിൽ ശൈത്യകാലം അനുഭവപ്പെടുന്നത്. ഉത്തരേന്ത്യയിൽ അതിശൈത്യം അനുഭവപ്പെടുന്ന ഈ കാലത്ത് ഹിമാലയപർവ്വതനിരകളിൽ മഞ്ഞുവീഴ്ചയുണ്ടാകാറുണ്ട്. പൊതുവെ വരണ്ട അന്തരീക്ഷം നിലനിൽക്കുന്ന ശൈത്യകാലത്ത് പഞ്ചാബിലും പരിസരപ്രദേശങ്ങളിലും മഴയുണ്ടാകാറുണ്ട്. ഇത് ഗോതമ്പുകൃഷിക്കനുയോജ്യമാണ്. ഉത്തരേന്ത്യയെ അപേക്ഷിച്ച് ദക്ഷിണേന്ത്യയിൽ ശൈത്യത്തിന്റെ കാഠിന്യം കുറവാണ്.



ഉത്തരേന്ത്യയിലെ ഒരു ശൈത്യകാല ദൃശ്യം


### മഴക്കാലം

ഇന്ത്യയിൽ രണ്ട് മഴക്കാലങ്ങളാണുള്ളത്. ഇതിൽ ആദ്യത്തേത് ജൂൺ മുതൽ സെപ്തംബർ വരെയാണ്. ഇക്കാലത്ത് ഇന്ത്യൻ മഹാസമുദ്രത്തിൽനിന്നും ഈർപ്പം വഹിച്ചുകൊണ്ടുവരുന്ന കാറ്റുകളെ പർവതനിരകൾ തടഞ്ഞുനിർത്തുന്നതിനാൽ പടിഞ്ഞാറൻ തീരത്തും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ഹിമാലയത്തിന്റെ അടിവാരമേഖലകളിലും ധാരാളം മഴ ലഭിക്കുന്നു. തെക്കുപടിഞ്ഞാറൻ മൺസൂൺകാലം എന്ന് അറിയപ്പെടുന്ന ഇക്കാലത്താണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്.

ചെറിയൊരു ഇടവേളയ്ക്കുശേഷം ഒക്ടോബർ-നവംബർ മാസങ്ങളിൽ വീണ്ടും മഴയുടെ കാലമാണ്. വടക്കുകിഴക്കൻ മൺസൂൺകാലം

#### മഴയൊഴിയാത്ത ചിറാപുഞ്ചി

മേഘാലയത്തിലെ ഖാസി കുന്നുകളുടെ തെക്കേചരിവിൽ സ്ഥിതി ചെയ്യുന്ന ഗ്രാമമാണ് ചിറാപുഞ്ചി. ലോകത്തിലെ ഏറ്റവും മഴ ലഭിക്കുന്ന പ്രദേശം എന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള ചിറാപുഞ്ചിക്ക് സൊഹ്റ എന്നുകൂടി പേരുണ്ട്.



എന്നറിയപ്പെടുന്ന ഇക്കാലത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ഇന്ത്യയുടെ കിഴക്കൻ തീരത്താണ്, പ്രത്യേകിച്ച് തമിഴ്നാട്, ആന്ധ്രാതീരങ്ങളിൽ. കേരളത്തിലും ഈ മഴ ലഭിക്കുന്നു.



### വെള്ളപ്പൊക്കം ഭീഷണിയാകുമ്പോൾ...

മഴക്കാലത്ത് രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ സംഭവിക്കുന്ന വെള്ളപ്പൊക്കം കൃഷിയിടങ്ങൾക്കും മനുഷ്യവാസസ്ഥലങ്ങൾക്കും ഭീഷണിയാണ്. മൺസൂൺ കാലത്തെ അതിവർഷം, നദീതീരങ്ങൾ കയ്യേറി കെട്ടിടങ്ങൾ നിർമിക്കുന്നത്, വയലുകൾ മണ്ണിട്ടു നികത്തുന്നത് എന്നിവ ഇന്ത്യയിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നതിനു കാരണങ്ങളാണ്. ജീവനും സ്വത്തിനും കനത്ത നാശം വിതയ്ക്കുന്ന ഈ പ്രകൃതി ദുരന്തത്തെ തടയാനും അപകടതീവ്രത കുറയ്ക്കാനുമായി സ്വീകരിച്ചിട്ടുള്ള നടപടികളാണ്,



- ഡാമുകൾ നിർമ്മിക്കുക.
- വനവൽക്കരണം.
- നദികളുടെ ഉപരിഘട്ടങ്ങളിൽ വലിയ നിർമാണ പ്രവർത്തനങ്ങൾ നിരുത്സാഹപ്പെടുത്തുക.
- പ്രളയബാധിത പ്രദേശങ്ങളിൽനിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കുക.
- തീരങ്ങളിൽ അപകട മുന്നറിയിപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുക.

## നൈസർഗിക സസ്യജാലങ്ങളും ജന്തുവൈവിധ്യവും

പാഠഭാഗത്ത് നൽകിയിട്ടുള്ള കാശ്മീരിലെ ഒരു ഗ്രാമത്തിലെ വീടിന്റെ ചിത്രത്തിന്റെ പശ്ചാത്തലത്തിൽ കാണുന്ന മരങ്ങളുടെ പ്രത്യേകത ശ്രദ്ധിച്ചില്ലേ? സ്തൂപികാഗ്രവൃക്ഷങ്ങളാണിവ. നാട്ടിലെ മരങ്ങളുടെ ആകൃതിയുമായി ചിത്രത്തിൽ കാണുന്ന മരങ്ങളെ താരതമ്യം ചെയ്യൂ.

ഒരു പ്രദേശത്തെ ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ എന്നീ ഭൗതിക സവിശേഷതകൾക്കനുസൃതമായി അവിടെ വളരുന്ന സ്വാഭാവിക സസ്യഇനങ്ങളാണ് നൈസർഗിക സസ്യജാലങ്ങൾ. കാലാവസ്ഥയ്ക്ക് അനുസൃതമായി ജന്തുജാലങ്ങളിലും വൈവിധ്യങ്ങൾ നിലനിൽക്കുന്നു.

ഇന്ത്യയിലെ വിവിധ നൈസർഗിക സസ്യജാലങ്ങളെയും അവിടെ കാണപ്പെടുന്ന ജന്തുജാലങ്ങളെയും നമുക്ക് പരിചയപ്പെടാം.

**ഉഷ്ണമേഖലാ നിത്യഹരിതവനങ്ങൾ**



വാർഷിക വർഷപാതം വളരെ കൂടുതലുള്ള പശ്ചിമഘട്ടത്തിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലുമാണ് നിത്യഹരിതസസ്യജാലങ്ങൾ കാണപ്പെടുന്നത്. സിംഹവാലൻ കുരങ്ങ്, പലതരം പാമ്പുകൾ, വിവിധയിനം ഷഡ്പദങ്ങൾ, ലോകത്തിലെ ഏറ്റവും വലിയ നിശാശലഭമായ അറ്റ്ലസ് മോത്ത് ഉൾപ്പെടെ നിരവധി ശലഭ ഇനങ്ങൾ എന്നിവ ഈ കാടുകളിലുണ്ട്.

## ഇലപൊഴിയും കാടുകൾ

കാലികമായി മാത്രം മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഇലപൊഴിയും കാടുകൾ കാണപ്പെടുന്നു. ഇന്ത്യൻ ഉപദ്വീപിലെ കൂടുതൽ പ്രദേശങ്ങളിലും ഇലപൊഴിയും കാടുകളാണ് ഉള്ളത്. പലജാതി മാനുകൾ, മുയൽ, മയിൽ, വേഴാമ്പൽ, മറ്റു പലതരം പക്ഷികൾ, കാട്ടുപോത്ത്, ആന, കടുവ, പുലി എന്നിങ്ങനെ ജന്തുവൈവിധ്യം ഏറ്റവും കൂടുതലുള്ള വനങ്ങളാണിവ.



## മുൾച്ചെടികളും കുറ്റിക്കാടുകളും




രാജസ്ഥാൻ മരുഭൂമിയിലും ഉപദ്വീപിന്റെ മധ്യഭാഗങ്ങളിലും മഴ തീരെ കുറവായതിനാൽ മുൾച്ചെടികളും കുറ്റിക്കാടുകളുമാണ് വളരുന്നത്. ഒട്ടകം, കഴുകൻ, പരുന്ത്, പലതരം ഉരഗങ്ങൾ എന്നിവ ഈ വരണ്ട മേഖലയിൽ ജീവിക്കുന്നവയാണ്.

## കണ്ടൽക്കാടുകൾ

ഉപ്പുരസമുള്ള മണ്ണിൽ വളരുന്ന പ്രത്യേകതരം സസ്യജാലങ്ങളാണ് കണ്ടൽക്കാടുകൾ. നദീമുഖങ്ങളിലും സമുദ്രതീരങ്ങളിലും കരയിടിച്ചിലിനെ ചെറുക്കുന്നത് കണ്ടൽക്കാടുകളാണ്. പശ്ചിമബംഗാളിലെ കണ്ടൽക്കാടുകളാണ് ബംഗാൾ കടുവയുടെ ആവാസകേന്ദ്രം. കണ്ടൽക്കാടുകളുടെ വേരുപടലങ്ങൾ നിരവധി മത്സ്യയിനങ്ങളുടെ പ്രജനനകേന്ദ്രങ്ങളാണ്.



## പർവതവനങ്ങൾ



ഉയരം കൂടിയ പ്രദേശങ്ങളിൽ കാണുന്ന സ്തൂപികാഗ്രവൃക്ഷങ്ങളും അതിശൈത്യമുള്ള പർവതങ്ങളിലെ പായൽവർഗ്ഗ സസ്യങ്ങളും പർവതവനങ്ങളിൽപ്പെടുന്നു. കസ്തൂരിമാൻ, വരയാട്, ഹിമപ്പുലി തുടങ്ങിയ അപൂർവ ജീവികളുടെ ആവാസകേന്ദ്രമാണിവിടം പശ്ചിമഘട്ടത്തിന്റെ ഉയർന്ന പ്രദേശങ്ങളിലും വരയാട് കാണപ്പെടുന്നു.

ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ, സസ്യജന്തുജാലങ്ങൾ എന്നിവയിൽ മറ്റുരാജ്യങ്ങളിൽനിന്ന് ഏറെ വ്യത്യസ്തതയും വൈവിധ്യവുമുള്ള രാജ്യമാണ് ഇന്ത്യ എന്ന് നിങ്ങൾക്ക് മനസിലായല്ലോ. ഭൗതിക സവിശേഷതകളിലെ ഈ വൈവിധ്യം തന്നെയാണ് ഇന്ത്യയിൽ സാംസ്കാരിക വൈവിധ്യങ്ങൾക്കും കാരണമായിട്ടുള്ളത്. വൈവിധ്യങ്ങൾ ഏറെയാണെങ്കിലും ഇന്ത്യ ഒരൊറ്റരാജ്യമായി നിലകൊള്ളുന്നു. നമ്മെ ഒരുമിച്ചുചേർക്കുന്ന വികാരമാണ് നാമെല്ലാം ഭാരതീയരാണ് എന്ന ബോധം.



## സംഗ്രഹം

- ഏഷ്യാവൻകരയിൽ സ്ഥിതിചെയ്യുന്ന ഇന്ത്യ ഭൂപ്രകൃതിയിലും കാലാവസ്ഥയിലും ഏറെ വൈവിധ്യം പുലർത്തുന്നു.
- ഭൂപ്രകൃതി, കാലാവസ്ഥ, നദികൾ, മണ്ണിനങ്ങൾ തുടങ്ങിയ ഘടകങ്ങളാണ് ഇന്ത്യയിലെ കാർഷിക വൈവിധ്യത്തിന് അടിസ്ഥാനം.
- ഇന്ത്യയിലെ ഭൗതിക വൈവിധ്യങ്ങൾ ജനജീവിതത്തെ ഏറെ സ്വാധീനിക്കുന്നു.
- ഇന്ത്യയിലെ സാംസ്കാരിക വൈവിധ്യങ്ങൾക്ക് കാരണം ഈ ഭൗതിക സവിശേഷതകളാണ്.



## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ഇന്ത്യയുടെ സ്ഥാനം, വലിപ്പം എന്നിവ വിശദീകരിക്കുന്നു.
- വൈവിധ്യങ്ങൾ നിറഞ്ഞ ഇന്ത്യയുടെ ഭൂപ്രകൃതിസവിശേഷതകൾ വിശകലനം ചെയ്യുന്നു.
- ഇന്ത്യയിലെ നദികളെ വർഗീകരിക്കുന്നു.
- കാലാവസ്ഥയിലും ഭൂപ്രകൃതിയിലുമുള്ള വൈവിധ്യങ്ങൾ മണ്ണിനങ്ങളിലും സസ്യജന്തുജാലങ്ങളിലും ഉണ്ടാക്കുന്ന വൈവിധ്യങ്ങളെ വിശകലനം ചെയ്യുന്നു.



## വിലയിരുത്താം

1. ഭൂപ്രകൃതി വിഭാഗങ്ങൾ ഇന്ത്യയിലെ ജനജീവിതത്തെ സ്വാധീനിക്കുന്നു. ഉദാഹരണങ്ങളിലൂടെ സമർഥിക്കുക.
2. കേരളതീരം ഇന്ത്യയിലെ ഏത് തീര സമതലത്തിലുൾപ്പെട്ടതാണ്? ഈ തീരസമതലത്തിന്റെ പൊതുവായ സവിശേഷതകൾ എന്തെല്ലാം?
3. ഉപദ്വീപീയ പീഠഭൂമിയുടെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.



## തുടർപ്രവർത്തനങ്ങൾ

- ഇന്ത്യയുടെ വിവിധ പ്രദേശങ്ങളെക്കുറിച്ചുള്ള യാത്രാവിവരണങ്ങൾ ലഭ്യമാണ്. അത്തരം യാത്രാവിവരണങ്ങൾ വായിക്കൂ.
- യാത്ര ചെയ്യുമ്പോൾ ശ്രദ്ധയിൽപ്പെടുന്ന ഭൂപ്രകൃതി, കാലാവസ്ഥ, സസ്യജന്തുജാലങ്ങൾ, ജനജീവിതം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി യാത്രാവിവരണങ്ങൾ തയാറാക്കൂ. അവ സ്കൂൾ മാഗസിനിൽ ചേർക്കാം.
- ഭൂപ്രകൃതി സവിശേഷതകൾ, കൃഷിരീതികൾ, നൈസർഗിക സസ്യജന്തുജാലങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ഇന്ത്യയിലെ വൈവിധ്യങ്ങൾ എന്ന പേരിൽ ഒരു ഡിജിറ്റൽ ആൽബം തയാറാക്കൂ.
- വ്യത്യസ്ത വിവരങ്ങൾ ചിത്രീകരിച്ചിട്ടുള്ള ഇന്ത്യയുടെ ഭൂപടങ്ങൾ പാഠപുസ്തകത്തിൽനിന്നും മറ്റ് സ്രോതസുകളിൽനിന്നും ട്രെയ്സിംഗ് പേപ്പർ ഉപയോഗിച്ച് പകർത്തിവരച്ച് ഇന്ത്യയുടെ ഭൂപടശേഖരം ഉണ്ടാക്കുക.